മാറനല്ലൂർ ഗ്രാമപഞ്ചായത്ത് വികസനരേഖ

വാല്യം 4

നേമം ബ്ലോക്ക്

(തിരുവനന്തപുരം ജില്ല)

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം





സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ
തങ്ങൾക്കും ഫലപ്രദമായൊരു
പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന
വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ
ഇല്ലാത്തൊരു ഭാരതം, എല്ലാ
സമുദായങ്ങളും രഞ്ജിപ്പിൽ
കഴിയുന്നൊരു ഭാരതം കെട്ടിപ്പടു-
ക്കുന്നതിനുവേണ്ടി ഞാൻ പ്രവർത്തിക്കും.

— മഹാത്മാഗാന്ധി



സമർപ്പണം

നമ്മുടെ നാടിൻെറ ചരടറ്റുപോയ പ്രവർത്തനങ്ങളെയാകെ ക്രമീകരിക്കാനും സഫലമാകാത്ത നിരവധി നിരവധി പ്രശ്നങ്ങൾക്ക് വർത്തമാനകാല പ്രത്യേകതകളോടെ പരിഹാരം കണ്ടെത്താനും ഇപ്പോൾ നമ്മിൽ നിക്ഷിപ്തമായിട്ടുള്ള ആസൂത്രണ പ്രസ്ഥാനത്തിന് സാധിക്കും.

ഓരോ വാർഡിൻെറയും അകത്തളത്തിൽ നിന്നും ഉയർന്നുവന്ന പരാതികളും ആവശ്യങ്ങളും അഭിപ്രായങ്ങളും സമഗ്രമായി ക്രോഡീകരിച്ച് നമ്മുടെ ഗ്രാമത്തിൻെറ മുക്കിലും മൂലയിലും നിന്നും ശേഖരിച്ച പരമാവധി വിവരങ്ങളും കൂട്ടിച്ചേർത്ത് നമ്മുടെ വികസനരേഖയ്ക്ക് രൂപം നല്കിയിരുന്നു.

ഈ റിപ്പോർട്ട് സമഗ്രമായി തയ്യാറാക്കുന്നതിന് രാപകലില്ലാതെ പ്രയത്നിച്ച എല്ലാപേരോടും പഞ്ചായത്ത് സമിതിക്കുള്ള കടപ്പാട് അറിയിക്കട്ടെ.

കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാട്ടി ആവശ്യമായ ചേരുവകൾ നിർദ്ദേശിച്ച് ഈ വികസനരേഖയ്ക്ക് അന്തിമരൂപം നല്കാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.


മാറനല്ലൂർ
10.12.96

എൻ.ധർമ്മദാസ്
പ്രസിഡൻറ്

സന്ദേശം

ഒരു ഗ്രാമത്തിൽ അല്ലെങ്കിൽ നഗരത്തിൽ ഏതുതരം വികസനമാണ് വേണ്ടതെന്നും അതിന് എത്ര പണം വേണമെന്നും കണക്കാക്കി അക്കാര്യം ഗവർമെണ്ടിനോട് പറഞ്ഞ് ആ ഗ്രാമത്തിനേറയോ നഗരത്തിനേറയോ പദ്ധതി തയ്യാറാക്കുക. ആയതിലേയ്ക്ക് സംസ്ഥാന കേന്ദ്ര ഗവർമെണ്ടുകളിൽ നിന്നും കിട്ടാവുന്നതിനെറ പരമാവധി ഫണ്ടു വാങ്ങുക. അതോ ടൊപ്പം പണമായോ സാധനങ്ങളായോ ശ്രമദാനത്തിനെറ രൂപത്തിലോ നാട്ടുകാരിൽ നിന്നും ശേഖരിക്കുക കൂടി ചെയ്യുക. ഇതിനുള്ള സന്നദ്ധത ജനങ്ങളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് ജനങ്ങളെയാകെ തയ്യാറാക്കലാണ് ജനകീയാസൂത്രണം.

ഇ.എം.എസ്.



സന്ദേശം

കേരളത്തിൽ മാത്രമല്ല ഇന്ത്യയുടെ തന്നെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കുന്ന പ്രക്രിയക്കാണ് നാം സാക്ഷികളാവുന്നത്. പരമ്പരാഗത ധാരണയിലുള്ള കേന്ദ്രീകൃത ആസൂത്രണത്തിനുപകരം ബഹുജന പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയ്ക്കാണ് ഇവിടെ തുടക്കം കുറിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം അശേഷം അസാധാരണമായ ഒരു പരിപാടിയല്ല ഇത്. ബഹുജനപങ്കാളിത്തം ഉറപ്പാക്കുന്ന ഒട്ടേറെ പരിപാടികൾക്ക് നാം തന്നെ നേതൃത്വം കൊടുത്തിട്ടുണ്ട്.

ആസൂത്രണം മാത്രമല്ല അധികാരം വികേന്ദ്രീകരിക്കുക എന്ന മൗലീകമായ കടമയാണ് നാം ഏറ്റെടുക്കേണ്ടത്. ഇതിലേയ്ക്ക് കക്ഷിരാഷ്ട്രീയത്തിന് അതീതമായി എല്ലാവിഭാഗം ജനങ്ങളുടേയും സഹകരണവും അനുഗ്രഹാശിസുകളും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇ.കെ.നായനാർ
കേരള മുഖ്യമന്ത്രി



സന്ദേശം

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചത് ഒരു നല്ല ആശയമായാണ് എനിക്ക് തോന്നുന്നത്. പരസ്പര ചർച്ചയിലൂടെ സാധാരണക്കാരന്റെ പ്രശ്നങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ ഈ പദ്ധതി സഹായിക്കും. അതുവഴി പ്രശ്നങ്ങൾക്കു ജനകീയാടിത്തറ സംജാതമാവുകയും അത് പരിഹരിക്കുമ്പോൾ സാധാരണക്കാർക്ക് ഏറെ പ്രയോജനം ചെയ്യുകയും ചെയ്യും.

എ.കെ.ആന്റണി
പ്രതിപക്ഷ നേതാവ്




സന്ദേശം

സുഹൃത്തേ,

ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിൽ ആദ്യമായി പദ്ധതികളുടെ ആവിഷ്കാരവും നടത്തിപ്പും ജനങ്ങളിൽ അർപ്പിക്കപ്പെട്ടിരിക്കുന്നു. നാടിന്റെ വികസന പ്രക്രിയയുടെ ഉത്തരവാദിത്വം ജനങ്ങളെത്തന്നെ ഏല്പിക്കുകയും അതിൽ അവരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഈ ഉദ്യമം വൻ വിജയമാക്കിത്തീർക്കേണ്ടത് നമ്മുടെയെല്ലാം കടമയായി കാണേണ്ടതുണ്ട്. അതിന്റെ ഭാഗമായി മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്ന വികസനത്തിന്റെ ഓരോ ചുവടുവയ്പിലും ഞാനും നിങ്ങളിലൊരുവനായി നിലകൊള്ളുന്നതാണ്. ഇതിനു വേണ്ടി പ്രവർത്തിക്കുന്ന എല്ലാവരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ പ്രക്രിയയുടെ പുരോഗതിക്കും വിജയത്തിനും സർവ്വവിധ ആശംസകളും നേരുന്നു.


സ്നേഹപൂർവ്വം

വെങ്ങാനൂർ ഭാസ്കരൻ M.L.A.






വി.കെ.മണികണ്ഠൻ നായർ —
ജില്ലാ പഞ്ചാ. മെമ്പർ



എരുത്താവൂർ ചന്ദ്രൻ
ബ്ലോക്ക് പഞ്ചാ. മെമ്പർ



പി.ബാലകൃഷ്ണൻ നായർ
ബ്ലോക്ക് പഞ്ചാ. മെമ്പർ


മുൻ പഞ്ചായത്ത് അദ്ധ്യക്ഷന്മാർ



എം. നാരായണൻ നായർ



വള്ളത്തല നാരായണൻ നായർ




പി.കെ. ഗോപാലൻ നായർ



ഡി. ഗോപിനാഥൻ



എ. സദാശിവൻ




കെ. കൃഷ്ണൻ

ഭരണ സമിതി അംഗങ്ങൾ



എൻ. ധർമ്മദാസ് — പ്രസിഡൻറ്




കെ. ഗോപകുമാർ
വൈസ് പ്രസിഡൻറ്



പി.ആർ. ഗോപാലകൃഷ്ണൻ
സെക്രട്ടറി



പി. ശശിധരൻ




ജി. ജനാർദ്ദനൻ നായർ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



ബി. സുധാകരൻ നായർ




വി. വനജകുമാരി




വി. രാജശേഖരൻ നായർ



കെ. ഹേമലത



ടി.പി. രാജേന്ദ്രൻ



ഡി. ഗോപിനാഥൻ



ടി. പത്മകുമാരി



എസ്. സുശീല

പൊതുവിവരങ്ങൾ, ഭരണപരമായ ചരിത്രം

പഞ്ചായത്തിന്റെ പേര്	: മാറനല്ലൂർ ഗ്രാമപഞ്ചായത്ത് (First Grade)
ഉൾപ്പെടുന്ന വില്ലേജ്	: മാറനല്ലൂർ
ബ്ലാക്ക് പഞ്ചായത്തു മണ്ഡലങ്ങൾ	: 1. മാറനല്ലൂർ 2. ഊരുട്ടമ്പലം
ജില്ലാപഞ്ചായത്തു മണ്ഡലം	: മലയിൻകീഴ്
അസംബ്ലി മണ്ഡലം	: നേമം
പാർലമെൻറ് മണ്ഡലം	: തിരുവനന്തപുരം
വിസ്തീർണ്ണം	: 25.13 ച.കി.മീ.
അതിരുകൾ - വടക്ക്	: കാട്ടാക്കട പഞ്ചായത്ത്
- തെക്ക്	: പെരുമ്പഴുതൂർ - ബാലരാമപുരം പഞ്ചായത്ത്
- കിഴക്ക്	: ആര്യംകോട്, പെരുമ്പഴുതൂർ പഞ്ചായത്ത്
- പടിഞ്ഞാറ്	: മലയിൻകീഴ്, ബാലരാമപുരം
ജനസംഖ്യ	: 36,592
വാർഡുകൾ	: 12
പ്രസിഡൻറിന്റെ പേര്	: എൻ.ധർമ്മദാസ്
വൈസ്പ്രസിഡൻറ്	: കെ. ഗോപകുമാർ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	: ജി. ജനാർദ്ദനൻനായർ

1953-ൽ മാറനല്ലൂർ പഞ്ചായത്തു നിലവിൽവന്നു.

ആമുഖം

ദേശീയാസൂത്രണത്തിൽ നിന്നും തികച്ചും ഭിന്നമായിട്ടാണ് കേരളത്തിന്റെ ഒമ്പതാം പഞ്ചവത്സരപദ്ധതി രൂപീകൃതമാകുന്നത്. ഈ പദ്ധതിയിൽ ജനകീയാസൂത്രണത്തിന് മുന്തിയ പ്രാധാന്യം നൽകിയിരിക്കുകയാണ്. കഴിഞ്ഞ എട്ടു പദ്ധതികളും മുകളിൽ രൂപകല്പന ചെയ്തു താഴെത്തലത്തിലേയ്ക്ക് കൊടുക്കുകയായിരുന്നു. എന്നാൽ ഒമ്പതാം പദ്ധതി താഴെ തലത്തിൽത്തന്നെ തുടങ്ങുകയാണ്. ഉന്നതങ്ങളിലുള്ള ആസൂത്രണത്തോടൊപ്പം, താഴെ നിന്നും മേലോട്ടുള്ള ആസൂത്രണവും ചേർന്നതായിരിക്കും കേരളത്തിന്റെ പുതിയ പദ്ധതി.

കാർഷിക-വ്യവസായ രംഗങ്ങൾ അടങ്ങിയ ഉല്പാദന മേഖലയ്ക്കാണ് ഒമ്പതാം പദ്ധതി പ്രാധാന്യം നൽകുന്നത്. ഉല്പാദന മേഖലയ്ക്ക് കീഴ്പ്പെടുത്തിയായിരിക്കും സാമൂഹ്യ ക്ഷേമ മേഖലയിലെ വകയിരുത്തൽ.

ഒമ്പതാം പദ്ധതി രൂപീകരണവും പ്രവർത്തനവും, ഗവർമെൻറും, വിവിധ രാഷ്ട്രീയ പാർടികളും, ഇരു രണ്ടിലുംപെടാത്ത സാമൂഹ്യ സന്നദ്ധപ്രവർത്തകരും ചേർന്നുള്ള ഒരു പ്രവർത്തനമായിരിക്കും.

ജനകീയ പദ്ധതി ആസൂത്രണത്തിൽ അധികാര വികേന്ദ്രീകരണത്തിനും, പഞ്ചായത്തിരാജിനും പ്രത്യേക പ്രസക്തിയുണ്ട്. ജനകീയാധികാരത്തിന്റെ ഏറ്റവും മൗലികമായ തട്ടാണ് ഗ്രാമപഞ്ചായത്ത്. ഗ്രാമസഭയും പഞ്ചായത്തുമാണ് തീരുമാനങ്ങൾ എടുക്കുന്നത്. കേന്ദ്ര-സംസ്ഥാനതലത്തിൽ നടത്തിയിരുന്ന പദ്ധതി ആസൂത്രണം ജനങ്ങളുടെ കൈകളിൽ എത്തിയിരിക്കുന്നു. കാര്യങ്ങൾ കൂടുതൽ സുതാര്യമാകുന്നതിനാൽ സംശയവും അവിശ്വാസവും ഇല്ലാതാവുന്നു. ഇത് ജനങ്ങളുടെ ഉണർവ്വും, ഐക്യബോധവും, ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നു.

പദ്ധതി ആസൂത്രണത്തിനു മുടക്കുന്ന തുകയെക്കാൾ കൂടുതൽ പ്രയോജനം സാമൂഹ്യമായി നേടുവാൻ ജനകീയ പങ്കാളിത്തം സഹായകമാകും.

പുതിയ പദ്ധതി അടങ്കലിന്റെ നാല്പതുശതമാനം ത്രിതല പഞ്ചായത്തു സംവിധാനം വഴി ചിലവിടാൻ കേരളസർക്കാർ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ എട്ടു പദ്ധതികളിലുമായി ലഭ്യമായതിനേക്കാൾ ഇതു കൂടുതലായിരിക്കും. (14000 കോടിരൂപ)

എല്ലാവിഭാഗം ജനങ്ങളേയും കൂട്ടി യോജിപ്പിച്ചുകൊണ്ട് ഇതുപോലൊരു സമഗ്രാസൂത്രണ പ്രക്രിയ ഇന്ത്യയിൽതന്നെ ഇതു നടാടെ ആണ്. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെയും സംസ്ഥാന ആസൂത്രണബോർഡിന്റെയും ആസൂത്രണത്തെ മാറ്റുകയും, അതിനെ ജനങ്ങളുടെ കൂട്ടായ ആലോചനയും പ്രവർത്തനവുമായി നിബന്ധിക്കപ്പെടുന്നു എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയം. ജനങ്ങൾ തങ്ങളുടെ അധികാരം ഉത്തരവാദിത്വത്തോടെ വിനിയോഗിക്കാൻ പോകുന്നതിന്റെ തുടക്കമാണ് ഈ ജനകീയ പ്രസ്ഥാനം.

☆★☆★☆

ഗ്രാമസഭ

വാർഡിന്റെ പേര്	ഗ്രാമസഭകൂടിയ തീയതി	പങ്കെടുത്തവർ മൊത്തം	സ്ത്രീകൾ	പുരുഷന്മാർ	ഗ്രാമസഭകൂടിയ സമയം, കൂടിയ സ്ഥലം
1. കണ്ടല	8.10.1996	85	15	70	ഗവ:എച്ച്.എസ്.കണ്ടല 2 പി.എം. മുതൽ 6 പി.എം.വരെ
2. അഴകം	22.9.96	160	54	130	കുഴിവിള ഖാദിവ്യവസായ കേന്ദ്രം
3. ചീനിവിള	2.10.1996	130	31	99	ഫ്രണ്ട്സ് കോളേജ് 2 പി.എം. മുതൽ 6 പി.എം. വരെ
4. പെരുമുള്ളൂർ	2.10.96	92	25	117	എൽ.പി.എസ് ഊരുട്ടമ്പലം
5. ഊരുട്ടമ്പലം	21.9.1996	144	70	74	മണ്ണടിക്കോണം ലോഹ്യ മെമ്മോറിയൽ എൽ.പി.എസ് 2 പി.എം. മുതൽ 6 പി.എം. വരെ
6. എരുത്താവൂർ	22.9.1996	73	20	53	സെൽപുരം യു.പി.എസ് 2 പി.എം മുതൽ 6 പി.എം വരെ
7. വണ്ടന്നൂർ	29.9.1996	190	—	—	എസ്.എ.എൽ.പി.എസ് ചെങ്കള്ളൂർ 2 പി.എം മുതൽ 6 പി.എം വരെ
8. മേലരിയോട്	29.9.1996	157	29	128	ചെന്നിയോട് അംഗനവാടി 2 പി.എം മുതൽ 6 പി.എം വരെ
9. അരുവിക്കര	22.9.96	142	2	140	അരുവിക്കരക്ഷേത്രട 2 പി.എം മുതൽ 6 പി.എം വരെ
10. കുവളശ്ശേരി	2.10.96	387	138	249	പഞ്ചായത്ത് കല്ല്യാണ മണ്ഡപം
11. കരിങ്ങൽ	29.9.96	141	48	93	പുത്തൻകാവുവിള നഴ്സറി
12. കൊറ്റംപള്ളി	21.9.96	231	75	156	അഞ്ചാമത്ത്കോണം

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരുടെ റിസോഴ്സ് ഗ്രൂപ്പുകളുടെ ഒരു ജില്ലാ ശാല 16.11.96 പഞ്ചായത്തു കല്യാണമണ്ഡപത്തിൽ കൂടി. ദ്വിദീയവിവരശേഖരത്തിനുള്ള ഗ്രൂപ്പ് എടുത്തു പ്രവർത്തനമാരംഭിച്ചു. വികസന റിപ്പോർട്ടു തയ്യാറാക്കുന്നതു സംബന്ധിച്ചുള്ള ക്രോഡീകരണ പ്രവർത്തനങ്ങൾ നടത്തി.

അല്പം ചരിത്രം

'ഗ്രാമം' കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നൊരു സങ്കല്പമാണ്. അതിവേഗം നഗരവല്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ഗ്രാമമാണ് മാറനല്ലൂർ. വർഷങ്ങൾക്കു മുൻപ് മലകളും കുറ്റിക്കാടുകളും നിറഞ്ഞു കിടന്നിരുന്ന ഈ ഗ്രാമത്തിൽ മലമ്പനി, മസൂരി, കോളറ തുടങ്ങിയ മാരകരോഗങ്ങൾ അന്നത്തെ ജനങ്ങളെ നിരന്തരം വേട്ടയാടിയിരുന്നു. മലമ്പനി ചികിത്സയ്ക്കുള്ള ആശുപത്രി ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. കുന്നുകളും, കുറ്റിക്കാടുകളും, തോടുകളും, നെൽപ്പാടങ്ങളും, കുളങ്ങളും നിറഞ്ഞ് നെയ്യാർ നദിയെ തൊട്ടുരുമ്മി നിന്നിരുന്ന ഈ ഗ്രാമത്തിന്റെ മങ്ങിയ ഓർമ്മകൾ പഴയതലമുറയുടെ സ്മൃതിപഥങ്ങളിൽ നിറഞ്ഞു നില്ക്കുന്നു. ഇവിടെ ജനവാസം തുടങ്ങിയിട്ട് ആയിരത്തിലേറെ വർഷങ്ങളായി.

എട്ടുവീട്ടിപിള്ളമാരുടെ നേതൃത്വത്തിൽ തിരുവിതാംകൂറിൽ ആഭ്യന്തര കലഹം നടന്ന അവസരത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് ഒളിവിൽ കഴിയേണ്ടി വന്നപ്പോൾ ഈ ഗ്രാമത്തിലും വന്നിരുന്നു. ക്ഷീണിതനായ അദ്ദേഹം ഇന്നത്തെ ഊരുട്ടമ്പലത്തിലെ വഴിയമ്പലത്തിൽ വിശ്രമിക്കുമ്പോൾ ഒരു ഗ്രാമീണൻ അദ്ദേഹത്തിന് കരിക്കിൻ വെള്ളം കൊടുത്ത് സൽക്കരിച്ചു. ക്ഷീണം മാറിയ അദ്ദേഹം ഉയിരിട്ട അമ്പലം എന്ന് അരുളി ചെയ്തുവെന്നും അങ്ങനെയാണ് ഊരുട്ടമ്പലം എന്ന് ആ സ്ഥലത്തിന് പേര് വന്നതെന്നും ഐതിഹ്യമുണ്ട്. മാരന്റെ നല്ല ഊര്, മാറനല്ലൂർ എന്നും, മാറാതെ നിന്നവരുടെ നല്ല ഊര് എന്നതിൽ നിന്നുമാണ് മാറനല്ലൂർ എന്ന നാമധേയം സംജാതമായതെന്നും പറയപ്പെടുന്നു. അരുമയായ നല്ല ആളുടെ ഊര് എന്നതിൽ നിന്നുമാണ് അരുമാളൂർ ആയതെന്നും വ്യാഖ്യാനിക്കുന്നുണ്ട്. കോട്ടമുകൾ എന്ന പ്രദേശത്തിന് പേരുകിട്ടിയത്. കോട്ടയും കൊട്ടാരവും പണ്ടുകാലത്തു ഇവിടെ ഉണ്ടായിരുന്നതു കൊണ്ടാണെന്ന് പഴമക്കാർ പറയുന്നു. അതുപോലെ കോൻ അളശ്ശേരി കൂവളശ്ശേരിയായി. കോൻ എന്നാൽ രാജാവ് അളം എന്നാൽ ഇടം എന്ന അർത്ഥത്തിലാണത്. ഏതോ കാലത്ത് രാജാക്കന്മാരുടെ ആസ്ഥാനം ഉണ്ടായിരുന്നതുകൊണ്ടാണ് കൊട്ടാരക്കോണം, കോട്ടമുകൾ എന്നീ സ്ഥലങ്ങൾക്കുള്ള നാമധേയങ്ങൾക്കുള്ള സൂചനകൾ. കേരള ചരിത്രത്തിൽ കൊച്ചു കൊച്ചു നാടുവാഴികൾ ഉണ്ടായിരുന്നതായി രേഖകൾ തെളിയിക്കുന്നു. ഈ ഗ്രാമത്തിലെ അച്ചത്തുകോണം, തേവരക്കോട്, വെളിയാംകോട്, ചീനിവിള, കലമ്പാട്ടുമല എന്നിവിടങ്ങളിൽ ഗിരിവർഗ്ഗക്കാരും കൈനിക്കരയിൽ സാമ്പവ സമുദായക്കാരും ഉണ്ടായിരുന്നു. വാസ്തുശില്പ ചാതുരി വിളിച്ചറിയിക്കുന്ന നിരയും വീടും കൈനിക്കരയിൽ സാമ്പവ സമുദായക്കാർക്കുണ്ടായിരുന്നത് പഴയ സംസ്കാരത്തെ വിളിച്ചറിയിക്കുന്നവയായിരുന്നു.

ഈ ഗ്രാമത്തിന്റെ പല ഭാഗങ്ങളും പ്രകൃതി സൗന്ദര്യത്തെ വിളിച്ചറിയിക്കുന്നവയായിരുന്നു. ഇന്നവ പലതും നശിച്ചു പോയി എന്നുള്ളത് ഒരു ദു:ഖസത്യമാണ്. മാറനല്ലൂർ ഗ്രാമത്തിന്റെ കിഴക്കുഭാഗത്തുകൂടി നെയ്യാർനദി ഒഴുകുന്ന അരുവിക്കര എന്ന സ്ഥലം പ്രകൃതിസൗന്ദര്യം നിറഞ്ഞുനില്ക്കുന്ന മനോഹരമായ സ്ഥലമാണ്. ഇടതൂർന്ന മരങ്ങൾ ആറിന്റെ മറുകരയിൽ എത്തുന്ന ശിഖരങ്ങളോടുകൂടി നിന്നിരുന്നു എന്നത് ഇന്നു ജീവിച്ചിരിക്കുന്ന പലർക്കും തന്നെ അറിവുള്ളതാണ്. ആറിന്റെ കരയിൽ നിലകൊള്ളുന്ന ശ്രീധർമ്മശാസ്താക്ഷേത്രം 1800 വർഷങ്ങൾക്കധികം പഴക്കമുള്ളതായി പറയപ്പെടുന്നു. വംശനാശം വന്ന ഒരു അപൂർവ്വജീവിയുടെ രൂപങ്ങൾ ക്ഷേത്ര പാർശ്വത്തിൽ ആലേഖനം ചെയ്തിരിക്കുന്നത് പൗരാണികത്വത്തെ വിളിച്ചറിയിക്കുന്ന ഒന്നാണ്. ഈ അടുത്ത കാലത്ത് പുനരുദ്ധാരണം നടത്തി പുനപ്രതിഷ്ഠ നടത്തിയിട്ടുള്ള ശ്രീ മഹാവിഷ്ണു, ശ്രീശിവപാർവതിക്ഷേത്രങ്ങൾ തലമുറകളായി ഇടിഞ്ഞു പൊളിഞ്ഞു കിടക്കുകയായിരുന്നു. ഇവയും ഈ ഗ്രാമ ചരിത്രത്തിന്റെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. പുരാതന ചരിത്രമുള്ള കുക്കിരിപ്പാറയിലെ ഭീമൻ പൂട്ടിയ പാറയും പുന്നാവൂരിലെ ആനപ്പാറയും അരുവിക്കരയിലെ മൈലാടും പാറയും നഷ്ടപ്പെട്ടുപോയത് ഗ്രാമസൗന്ദര്യത്തിന് തീരാനഷ്ടമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് നമ്മുടെ ഗ്രാമത്തിലാകെ അശാന്തിയും അക്രമവും പടർന്നു പിടിച്ചു. ഹരിജനങ്ങൾക്ക് സ്കൂൾ പ്രവേശനത്തിന് മഹാരാജാവ് ഉത്തരവിട്ടത് 1907 ലാണ്. പക്ഷെ യഥാസ്ഥിതികർ ഹരിജനങ്ങളെ സ്കൂളിൽ കയറാൻ അനുവദിച്ചില്ല. പഞ്ചമി എന്നുപേരുള്ള ഒരു ഹരിജൻ കുട്ടിയെ ഊരുട്ടമ്പലം സ്കൂളിൽ പ്രവേശനം നല്കി എന്നപേരിൽ, സ്കൂൾ അശുദ്ധമാക്കി എന്നുപറഞ്ഞ് ചില യാഥാസ്ഥിതികർ സ്കൂളിന് തീയിട്ടു. തുടർന്നുണ്ടായ ലഹള കെട്ടടങ്ങാൻ നാളുകൾ വേണ്ടിവന്നു.

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ചുരുക്കം ചിലർ നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നു. അതിൽ പ്രമുഖൻ കണ്ടല ശ്രീ എം.ഭാസ്കരൻ നായർ (മുൻ എം.എൽ.എ) ആയിരുന്നു. വെള്ളൂർക്കോണം ശ്രീ. ജി.കരുണാകരനും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. സ്വാതന്ത്ര്യ സമര പ്രക്ഷോപത്തോടനുബന്ധിച്ച് 1946-ൽ പോങ്ങുംമൂട്ടിൽ നടന്ന അതിഗംഭീരമായ സമരപ്രചരണയോഗത്തെ കലക്കാൻ സർ.സി.പി.രാമസ്വാമി അയ്യരുടെ അഞ്ചുരൂപാ പോലീസിനെ നിയോഗിച്ചു. ജനങ്ങൾ ഒറ്റക്കെട്ടായി നിന്ന് അഞ്ചുരൂപാ പോലീസിനെ അടിച്ചു തുരത്തിയതായ സംഭവമുണ്ട്.

1953-ൽ മാറനല്ലൂർ പഞ്ചായത്ത് രൂപീകൃതമായി. 18.8.1953-ൽ മൂലക്കോണം ചർച്ച് കാമ്പൗണ്ടിൽ വച്ച് അന്നത്തെ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ.ജി.പരമേശ്വരൻ പിള്ളയാണ് ഉദ്ഘാടനം ചെയ്തത്. ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ.എം.നാരായണൻ നായരും, വൈസ് പ്രസിഡൻറ് ശ്രീ.ജോർജുമായിരുന്നു 7 വാർഡുകളിലായി 8 പേരെ തെരഞ്ഞെടുത്തു. ഒരു ദ്വയാംഗ വാർഡും ഉണ്ടായിരുന്നു. ഹരിജൻ മെമ്പറെ ദ്വയാംഗവാർഡിൽ നിന്നും തെരഞ്ഞെടുത്തു. ആദ്യത്തെ ഹരിജൻ പ്രതിനിധി ശ്രീ.വാസുദേവനായിരുന്നു വനിതാമെമ്പറായ ശ്രീമതി.സരസ്വതിഅമ്മയെ നോമിനേറ്റ് ചെയ്യുകയുണ്ടായി. ശ്രീ.എം.നാരായൺനായരുടെ നേതൃത്വത്തിൽ ഭരണമേറ്റ കമ്മിറ്റി ഈ പഞ്ചായത്തിലെ പല വികസന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു നടപ്പിൽവരുത്തി. അക്കാലത്ത് പഞ്ചായത്തിന് ഒരു സ്കൂൾ അനുവദിക്കുകയും സ്കൂൾ നടത്തുന്നതിന് സാമ്പത്തികമായി കഴിവില്ലാത്ത സാഹചര്യമായതിനാൽ പഞ്ചായത്ത് കമ്മിറ്റി സ്കൂൾ നടത്തുന്നതിൻെറ അവകാശം പ്രസിഡൻറായിരുന്ന ശ്രീ.എം.നാരായണനൻനായർക്ക് വിട്ടുകൊടുത്തുകൊണ്ടുള്ള തീരുമാനമുണ്ടായി. അങ്ങനെ സ്കൂൾ ഏറ്റെടുത്ത് നടത്തുകയും ഇന്നത്തെ ഹൈസ്കൂളായി ഉയർത്തുകയും ചെയ്തു.

പഞ്ചായത്തിൻെറ ആദ്യകാലത്ത് ഇന്നുകാണുന്ന ആയുർവേദ ആശുപത്രിയും മെറ്റേണിറ്റി സെൻററും ജനങ്ങൾക്കുവേണ്ടി പ്രവർത്തനം ആരംഭിച്ചു. അന്ന് മെറ്റേണിറ്റി സെൻററായി സ്ഥാപിച്ച ഡിസ്പെൻസറിയാണ് ഇന്ന് പ്രൈമറി ഹെൽത്ത് സെൻററായി ഉയർത്തിയത്. വികസന പ്രവർത്തനങ്ങൾക്കെല്ലാം ശ്രീ.എം.ഭാസ്കരൻനായരുടെ പരിപൂർണ്ണ സഹായസഹകരണം ഉണ്ടായിരുന്നു. ആ കാലഘട്ടത്തിൽ തന്നെ പഞ്ചായത്തിന് സ്വന്തമായി ഒരു ഓഫീസ് കെട്ടിടവും നിർമ്മിക്കുകയുണ്ടായി. മെറ്റേണിറ്റി സെൻറിനുവേണ്ടിയുള്ള സ്ഥലം ശ്രീ.എം.ഭാസ്കരൻനായരും, ആയുർവേദ ആശുപത്രിക്കുവേണ്ടിയുള്ള സ്ഥലം ശ്രീ.കെ.കേശവപണിക്കരും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനുവേണ്ടിയുള്ള സ്ഥലം പ്രസിഡൻറായിരുന്ന ശ്രീ.എം.നാരായണൻ നായരും ശ്രീ.കെ.പരമേശ്വരൻ നായരും സംഭാവനയായി നല്കുകയുണ്ടായി.

മതസൗഹാർദ്ദത്തിൻെറ കാര്യത്തിൽ ഈ പഞ്ചായത്തിന് വളരെ പ്രാധാന്യമുണ്ട്. ഹിന്ദു-മുസ്ലീം-ക്രിസ്തീയ ആരാധനാലയങ്ങൾ അടുത്തടുത്ത് സ്ഥിതിചെയ്യുന്നതും ഉൽസവങ്ങളിൽ പരസ്പരം പൂർണ്ണമായി സഹകരിക്കുകയും ചെയ്തുപോരുന്നത് ഒരു പ്രത്യേകതയാണ്. മണ്ണടിക്കോണം ആർ.സി ചർച്ച് മൂലക്കോണം സി.എസ്.ഐ ചർച്ച് എന്നിവ വളരെ പഴക്കം ചെന്നതും പ്രാധാന്യം അർഹിക്കുന്നതുമാണ്. അതുപോലെ അരുമാള്ളൂരിലെ മുസ്ലീം വലിയവള്ളി, കണ്ടല കൊച്ചുപള്ളി എന്നിവ മുസ്ലീം സമുദായത്തിൻെറ വിശുദ്ധ ദേവാലയങ്ങളാണ്. ഹൈന്ദവക്ഷേത്രങ്ങളിൽ കുവളശേരി ശ്രീ.മഹാദേവൻക്ഷേത്രം, അതിപൗരാണികവും വാസ്തുശില്പ മാതൃകയിലുള്ളതുമാണ്. കൂടാതെ നിരവധി മറ്റ് ക്ഷേത്രങ്ങളും ഈ ഗ്രാമത്തിലുണ്ട്. ഇവയെല്ലാം ഈ പഞ്ചായത്തിൻെറ സാംസ്കാരിക പാരമ്പര്യത്തിൻെറ മുതൽക്കൂട്ടുകളാണ്. എല്ലാ ആരാധനാലയങ്ങളിലും വാർഷികാഘോഷങ്ങൾ വിപുലമായി അടുക്കും ചിട്ടയുമായി നടത്തിവരുന്നു. ഈ പഞ്ചായത്തിൽപ്പെട്ട അരുവിക്കര, കരിയ്ക്കകത്ത്, മുടിപ്പുര ഉൽസവത്തിന് പണ്ട് കാലത്ത് 101 വിളക്കുകെട്ടുകൾ നടത്തിയതായും പറയപ്പെടുന്നു. അങ്ങനെ ഉൽസവ നടത്തിപ്പിലും അതീവതാല്പര്യം നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾക്കുണ്ടായിരുന്നുവെന്നത് ഒരു വസ്തുതയാണ്.

ശ്രീ.എം.നാരായൺനായർ 1953 മുതൽ 1968 വരെ പ്രസിഡൻറായി തുടരുകയും തൽസ്ഥാനം ഒഴിഞ്ഞതോടുകൂടി ശ്രീ.വള്ളത്തല നാരായണപിള്ള പ്രസിഡൻറായി സ്ഥാനമേൽക്കുകയും ചെയ്തു. തുടർന്ന് ശ്രീ.പി.കെ.ഗോപാലൻനായർ പ്രസിഡൻറായി സ്ഥാനമേറ്റു. പിന്നീട് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയിൽ ശ്രീ.ഡി.ഗോപിനാഥൻ പ്രസിഡൻറായി. അതിനുശേഷം ശ്രീ.വണ്ടന്നൂർ സദാശിവൻ ചുരുങ്ങിയ കാലം പ്രസിഡൻറായി തുടർന്നു. പിന്നീടുള്ള ഭരണസമിതിയിൽ കെ.കൃഷ്ണൻ പ്രസിഡൻറായി. അതിനുശേഷമുള്ള ഭരണസമിതി ശ്രീ.എൻ.ധർമ്മദാസിൻെറ നേതൃത്വത്തിൽ ഇന്ന് ഭരണം നടത്തുന്നു.

പഞ്ചായത്ത് രൂപീകൃതമായതു മുതൽ നാളിതുവരെയുള്ള ഭരണസമിതിയുടെ പേരുവിവരം ചുവടെ ചേർക്കുന്നു. ഇതാണ് ഈ ഗ്രാമത്തിൻെറ ലഘുചരിത്രം.

നമ്മുടെ പഞ്ചായത്തിന്റെ ഭരണത്തിനു നേതൃത്വം നല്കിയവർ

പേര്	സ്ഥാനം
1953 മുതൽ	
എം.നാരായണൻനായർ	പ്രസിഡൻറ്
എസ്.ജോർജ്	വൈസ്പ്രസിഡൻറ്
ഗോപാലപ്പണിക്കർ	
ദാമോദരൻനായർ രാജിവച്ചു പകരം പരമേശ്വരൻനായർ	
തേരിക്കുന്നം ഗോപാലപിള്ള	
അബ്ദുൽഖാദർ	
വാസുദേവൻ	
കൊളകോട്ടറ എസ്.മാധവൻനായർ	
1970 മുതൽ	
എം.നാരായണൻനായർ	പ്രസിഡൻറ്
പി.കെ.ഗോപാലൻനായർ	വൈസ് പ്രസിഡൻറ്
എം.കൃഷ്ണപ്പണിക്കർ	
വള്ളത്തല നാരായണൻ നായർ	
കെ.ശ്രീധരൻനായർ	
വി.ഗോവിന്ദൻ	
പി.കുമാരപിള്ള	
ജി.അപ്പു	
പി.അന്നാസ്സ്	
സരസമ്മ	
ജെ.ജി.ലാർസൻ (രാജിവച്ചു പകരം വി.ഗോവിന്ദൻ)	
1979 മുതൽ	
ഡി.ഗോപിനാഥൻ	പ്രസിഡൻറ്
എൻ.പരമേശ്വരൻനായർ	വൈസ്പ്രസിഡൻറ്
പി.ബാലകൃഷ്ണൻനായർ	
ജി.അപ്പു	
പി.കുട്ടപ്പൻനായർ	
പി.ശശിധരൻ	
എൻ.മോഹനൻനായർ	
എ.സദാശിവൻ	
ജെ.ജെസ്സി	
എൻ.ഭാസുരാംഗൻ	

പേര്	സ്ഥാനം
6-2-1988 മുതൽ 1995	
കെ.കൃഷ്ണൻ	പ്രസിഡൻറ്
വി.ചന്ദ്രശേഖരൻനായർ	വൈസ് പ്രസിഡൻറ്
എൽ.ശശിധരൻ	
പി.ബാലകൃഷ്ണൻനായർ	
ജി.ജനാർദ്ദനൻനായർ	
ആർ.കമലമ്മ	
കെ.ഹേമലത	
എം.ശിവരാജൻ	
എസ്.ശശിധരൻനായർ	
എസ്.രാജേന്ദ്രൻ	
ഐ.അസറി	
1995 മുതൽ	
എൻ.ധർമ്മദാസ്	പ്രസിഡൻറ്
കെ.ഗോപകുമാർ	വൈസ് പ്രസിഡൻറ്
കെ.ഹേമലത	
ജി.ജനാർദ്ദനൻനായർ	
പി.ശശിധരൻ	
ടി.പി.രാജേന്ദ്രൻ	
വി.രാജശേഖരൻനായർ	
ബി.സുധാകരൻനായർ	
ടി.പത്മകുമാരി	
വി.വനജകുമാരി	
ഡി.ഗോപിനാഥൻ	
എസ്.സുശീല	

പഠനപര്യടനം

മാറനല്ലൂർ പഞ്ചായത്തിലെ പഠനപര്യടനം 24.11.1996, 26.11.1996 തീയതികളിൽ നടന്നു. ഓരോ പഠനപര്യടനത്തിലും നാലു ഗ്രൂപ്പുകളുണ്ടായിരുന്നു.

ഒന്നാമത്തെ പഠനപര്യടനം ആരംഭിച്ചത് കിഴക്കുഭാഗത്തു നിന്നാണ്. മൈലോട്ടുകടവിൽ നിന്നാണു യാത്ര തുടങ്ങിയത്. നദീതീരം, സമതലം, നദീതടം, ചരിവ്, കുത്തനെ ചരിവ്, താഴ്വാരം, അതിനോടനുബന്ധിച്ചുള്ള നിരന്ന പാടം എന്നീ ഘടനയോടുകൂടിയ ഭൂപ്രകൃതിയാണ് ഈ സ്ഥലങ്ങളിൽ കാണാൻ കഴിഞ്ഞത്. ഈ പ്രദേശത്തെ പരിതസ്ഥിതി പ്രശ്നങ്ങൾ എന്നിവ നേരിട്ടും അതാതു പ്രദേശത്തുള്ള കർഷകരിൽ നിന്നും ലഭിച്ച വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ഈ പ്രദേശത്താണ് പഞ്ചായത്തിന്റെ ഏറ്റവും വിസ്തൃതമായ പാടങ്ങൾ ഉള്ളത്. ഈ പഞ്ചായത്തിന്റെ ഏറ്റവും വിശാലമായതും നെൽകൃഷി ചെയ്തു വരുന്നതുമായ കരിങ്ങൽ പാടശേഖരം ഇന്ന് ആരെയും ഞെട്ടിപ്പിക്കുന്നതരത്തിൽ ദീർഘകാലവിളകളും, ഹ്രസ്വകാലവിളകളും കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇവിടത്തെ പ്രധാന ദീർഘകാലവിളകൾ, റബ്ബർ, അൽപീസ്, കമുങ്ങ്, തെങ്ങ് എന്നിവയാണ്. കൂടാതെ ഹ്രസ്വകാല വിളകളായ വാഴ, മരിച്ചീനി, മലക്കറി, ഇഞ്ചി തുടങ്ങിയ വിളകളാണ് കാണാൻ സാധിച്ചത്. വെറും മൂന്ന് ഏക്കർ സ്ഥലത്തുമാത്രം നെല്ലു കൃഷി ചെയ്തിരിക്കുന്നു. കാർഷികരംഗത്തു വിളകൾക്കുണ്ടായ ഈ മാറ്റം നെൽകൃഷിയെ ബാധിച്ചിരിക്കുന്ന വമ്പിച്ച ഭീഷണിയാണ്. നാടുകാണി വനത്തിൽനിന്നും ഉൽഭവിച്ച് കുളത്തുമ്മൽ വഴി ഒഴുകുന്ന കുളത്തുമ്മൽത്തോടും കരിങ്ങൽതോടും പുലിമുട്ടം എന്ന സ്ഥലത്തുവച്ച് ഒന്നായി ചേർന്നു പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽക്കൂടി ഒഴുകി നെയ്യാറിൽ പതിക്കുന്നു. തൊടുവട്ടിപ്പാറ, തേരിക്കുന്ന്, ഏറെക്കുന്ന് എന്നീ സ്ഥലങ്ങൾ വഴി ചാനൽ (നെയ്യാർ വലതുകര ചാനൽ) കടന്ന് നീലാംകോണം മലയുടെ പടിഞ്ഞാറു കൊക്കോട്ടുകോണത്തു എത്തിച്ചേരുന്നു. ഈ പ്രദേശം മൂന്നു കുന്നുകളുടെ ചരിവുകൾ ഒന്നുചേരുന്ന ഈ സ്ഥലത്ത് ജലസ്രോതസ്സ് വേണ്ടുവോളമുണ്ട്. എന്നാൽ ഈ പ്രദേശങ്ങൾ മുഴുവൻ റബ്ബർമരങ്ങൾ കൃഷി ചെയ്തുവരുന്നു. ചെറിയ ചരിവു കടന്നു അരുമാളൂർ ആശ്രമസ്ഥിതി ചെയ്തുവരുന്നു. സമതല പ്രദേശമായ ഈ സ്ഥലത്തു തെങ്ങ്, മരിച്ചീനി, റബ്ബർ, കൈതച്ചക്ക, വാഴ എന്നിവയാണ് പ്രധാനമായി കൃഷിചെയ്തു വരുന്നത്. അവിടെ നിന്നും മുണ്ടംചിറ ഏലാ. ഏലായുടെ ഒരുഭാഗത്ത് പുരാതനമായ ഒരു ഊറ്റുഉറവയുണ്ട്. മുണ്ടൻചിറ ആരോഗ്യകേന്ദ്രം ഈ സ്ഥലത്ത് സ്ഥിതിചെയ്യുന്നു. അവിടെ നിന്നും ചെറിയ കുന്നിൻ ചരിവുവഴി പുല്ലുവിളാകം എന്ന സ്ഥലത്തുകൂടി യാത്ര ചെയ്തു ആനമൺ ഏലായിൽ എത്തിച്ചേർന്നു. ഇവിടത്തെ പ്രധാന കൃഷി കരഭാഗത്ത് റബ്ബർ, ഭാഗമീകമായി മരിച്ചീനി, പാടശേഖരത്തു മരിച്ചീനി, വാഴ, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നു. ഇതിനടുത്തുള്ള ഒഴുകുപാറ തോടിന്റെ ഇരുകരയിലും സമതലവും ചെറിയ ചരിവുമായിക്കാണുന്ന പ്രദേശത്തു തെങ്ങ്, കമുങ്ങ്, വാഴ എന്നിവ സമൃദ്ധിയായി വളരുന്നു. മറ്റെ ചരിവും സമതലവുമായ പ്രദേശങ്ങളിൽ റബ്ബറും മരിച്ചീനിയും കൃഷി ചെയ്തു വരുന്നു. അയണിയറത്തല മൂലകാവ് ഇവിടെ സ്ഥിതി ചെയ്യുന്നു. അറവൻകോണം കുളം നികത്തി സ്വകാര്യവ്യക്തി തെങ്ങ്, വാഴ, മരിച്ചീനി എന്നിവ കൃഷി ചെയ്തു വരുന്നു. അവിടെനിന്നും പര്യടനയാത്ര തുടർന്നു പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ അണപ്പാട് എന്ന സ്ഥലത്ത് എത്തുകയും പ്രധാന വിളകളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. റബ്ബർ, മരിച്ചീനി, തെങ്ങ്, വാഴ എന്നിവയാണ് സാധാരണയായി കാണുന്നത്. ജലസേചനനിർഗ്ഗമന സൗകര്യത്തിനുള്ള തോടുകളുടെയും ചാലുകളുടെയും വശങ്ങൾ ഇടിഞ്ഞും നികന്നും കാണുന്നു. ഇതിനുള്ള പ്രധാന കാരണങ്ങൾ തോട്ടിൽ നിന്നും മണൽ ഊറ്റുന്നതാണ്. എല്ലാ കാലത്തും വെള്ളം ലഭിക്കുന്ന നാടുകാണി കുളത്തുമ്മൽതോടും കരിങ്ങൽതോടും ഒഴുകുപാറതോടും നല്ലരീതിയിൽ സംരക്ഷിച്ചു തടയണകെട്ടി ജലസേചനത്തിനു സൗകര്യം ഉണ്ടാക്കുകയാണെങ്കിൽ ഇവിടെ ഉള്ള പാടശേഖരങ്ങളിൽ രണ്ടു പ്രാവശ്യം നെൽകൃഷി ചെയ്യാവുന്നതാണ്. 25.11.1996 ലെ പഠനപര്യടനയാത്ര വൈകുന്നേരം 3.30 മണിക്ക് അണപ്പാട്ടുവച്ചു അവസാനിപ്പിച്ചു.


രണ്ടാം ദിവസമായ 26.11.96 രാവിലെ 8 മണിക്ക് മേലാരിയോട് കയണിക്കര നിന്നും ആരംഭിച്ചു. കയണിക്കര നിലം കഴിഞ്ഞ് കമുകരകുന്ന് മലകയറിയിറങ്ങി കുത്തനെ ചരിവുള്ള ഭാഗം കഴിഞ്ഞ് കുന്നിൻമുകളിൽ എത്തി. കുന്നിൻമുകൾ നിരയുള്ള പ്രദേശമായിരുന്നു. ഈ പ്രദേശത്തെ മൺതരം ഉറപ്പുള്ള ചുവന്ന പാരാണ് (ലാറ്ററൈറ്റ്) കുന്നിൻചരിവിൽ റബ്ബറും കുന്നിൻമുകളിൽ റബ്ബർ, മരിച്ചീനി, ഫലവൃക്ഷങ്ങൾ, തെങ്ങ് എന്നിവ കാണാൻ കഴിഞ്ഞു. കുന്നിൻമുകൾ കഴിഞ്ഞ് കുത്തനെ ചരിവും ചെറിയ സമതലവും കഴിഞ്ഞ് കുറുകണ്ണപുരം ഏലാപ്രദേശത്ത് എത്തിച്ചേർന്നു. കളിമൺ ചേർന്നതാണ് മണ്ണ്. വാഴയും, മരിച്ചീനിയും സമൃദ്ധിയായി കൃഷി ചെയ്തു വരുന്നു. അവിടെനിന്നും നെടുമ്പാറ വയലിൽ എത്തി. നെടുമ്പാറ വയൽവഴി നെടുമ്പാറ കുന്നിലേക്കു കയറി. കുത്തനെയുള്ള ചരിവ്, നിരന്ന കുന്നിൻമുകൾ, ചെറിയ ചരിവ്, വലിയ ചരിവ്, വയൽ, കരപ്രദേശം ഉറപ്പുള്ള മണ്ണ്, പാടം കളിമണ്ണുമാണ്. വീണ്ടും കുന്നുകയറി വണ്ടന്നൂർ പ്രദേശത്തേക്ക് യാത്രയായി. വണ്ടന്നൂർ പാടശേഖരത്തിൽ ഏകദേശം മൂന്നു ഏക്കറോളം നെൽകൃഷി കാണാൻ കഴിഞ്ഞു. മറ്റു പ്രധാന വിളകൾ റബ്ബർ, തെങ്ങ്, വാഴ, മരിച്ചീനി എന്നിവയാണ്. വണ്ടന്നൂർ തോടുവഴി കുരുശ്ശോട്ടുകോണം ഏലായിൽ എത്തി. ശാന്താംകുറ്റി ഊറ്റംകുഴി ഒരിക്കലും വെള്ളം വറ്റാത്തതാണ്. തുടർന്ന് പിരിയാക്കോട്, എരുത്താവൂർ ഏലാപ്രദേശത്തുകൂടി യാത്ര തുടർന്നു. ഈ പ്രദേശങ്ങളിൽ പാടശേഖരങ്ങളിൽ മരിച്ചീനി, വാഴ, ഇഞ്ചി എന്നിവയും കരപ്രദേശങ്ങളിൽ തെങ്ങ്, റബ്ബർ, മരിച്ചീനി എന്നിവയും കൃഷി ചെയ്തു വരുന്നു. നെയ്യാർ വലതുകര ചാനൽ പിരിയാകോട് വഴി എരുത്താവൂരിലേക്ക് ഒഴുകുന്നു. പിരിയാകോടു എന്ന സ്ഥലത്തു നിന്നും ചാനൽവെള്ളം ഉപയോഗിച്ച് ഈ രണ്ടു പാടശേഖരങ്ങളിലും നെല്ല് സമൃദ്ധിയായി കൃഷി ചെയ്യാൻ സാധിക്കുന്നു. എന്നാൽ ഈ പാടശേഖരങ്ങൾ മുഴുവനും മറ്റു കാർഷികവിളകളാണ് കൃഷി ചെയ്തു വരുന്നത്.

ഘട്ടം	പ്രവർത്തനം	ഉപകരണങ്ങൾ	ശിലയുടെ പേര്	നദിയുടെ സ്വഭാവം
ഉത്ഭവം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	ഉത്ഭവം
മലയോരം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	മലയോരം
മലയോരം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	മലയോരം
മലയോരം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	മലയോരം
മലയോരം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	മലയോരം
മലയോരം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	മലയോരം
മലയോരം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	മലയോരം
മലയോരം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	മലയോരം
മലയോരം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	മലയോരം
മലയോരം	ഉരുണ്ട കല്ലുകൾ	ഉരുണ്ട കല്ലുകൾ ഉരഞ്ഞ് ഉണ്ടാകുന്നു	ഗ്രാനൈറ്റ്	മലയോരം

വികസനരേഖ


പഠന പദ്ധതി (തെക്ക്.. വടക്ക്) കൈനികാര ..... ഇരുട്ടുപ്പ് ഭാഗം.

മാനന്തവാടി പഞ്ചായത്ത്:-



വിവരങ്ങൾ	സ്ഥലം	വലിവു ഭാഗവും	കുന്ന്	വലിവു ചരിവ്	സമതലം	വലിവു ചരിവ്	നിരപ്പായ ഭൂമി			സമതലം	വലിവു ചരിവ്	നിരന്ന ഭൂമി	ചെറിയ ചരിവ്	സമതലം വയൽ	സമതലം പാടിവയൽ
മണ്ണിനം	ചുവന്ന കരമണ്ണ്	Å	Å	Å	Å	Å	Å	Å	Å	Å	Å	Å	Å	കറുത്ത മണ്ണ്	കക്കിവയൽ
സസ്യ വർഗ്ഗം	തെങ്ങ് വാഴ കമുക് പുല്ല്	റബ്ബർ	റബ്ബർ തെങ്ങ് മഴമരം	റബ്ബർ വാഴ തെങ്ങ്	തെങ്ങ് വാഴ വെറ്റില തെങ്ങ്	റബ്ബർ	റബ്ബർ തെങ്ങ്	തെങ്ങ്	തെങ്ങ്	തെങ്ങ് വാഴ	തെങ്ങ് റബ്ബർ	റബ്ബർ കശുമാവ്	റബ്ബർ കശുമാവ് കുരുമുളക് കൊക്കോ	വാഴ നെല്ല്	വാഴ നെല്ല് (ഭാഗികം)
ഭൂപ്രകൃതി	പുറമ്പോക്ക്	Å	Å	Å	Å	Å	Å	Å	Å	Å	പുറമ്പോക്ക്	പുറമ്പോക്ക്	പുറമ്പോക്ക്	തോട് പുറമ്പോക്ക്	കുഴിഞ്ഞ തോട് തോട് പുറമ്പോക്ക് ചാണൻ പുറമ്പോക്ക്
പ്രതിബന്ധം	പുറമ്പോക്ക് തിട്ടുകൾ	Å	Å	Å	Å	Å	Å	Å	Å	Å	Å	ഭൂഗർഭ ജലം	Å	വിഷം കലർന്ന	തോടിനടുത്തുള്ള കൽ കെട്ടിടങ്ങൾ

കൃഷിയും ജലസേചനവും



36592 ജനസംഖ്യയും 2484.35 ഹെക്ടർ വിസ്തീർണ്ണവുമുള്ള മാറനല്ലൂർ പഞ്ചായത്തിന്റെ കാർഷികമേഖല ഇപ്പോൾ വളരെ പിന്നോക്കാവസ്ഥയിലാണ്. 370.54 ഹെക്ടർ നിലവും 2024.58 ഹെക്ടർ പുരയിടവും 89.23 ഹെക്ടർ പുറമ്പോക്കുമുണ്ടായിരുന്ന ഈ പഞ്ചായത്തിലെ നെൽകൃഷി ചെയ്യുന്ന പാടങ്ങൾ വെറും 10 ഹെക്ടറായി ചുരുങ്ങിയിരിക്കുകയാണ്.

മുൻപു നെൽകൃഷിയ്ക്കാണ് വൻപിച്ച പ്രാധാന്യം നൽകി വന്നത്. വയലുകളിൽ 2 പൂവ് കൃഷി കഴിഞ്ഞാൽ മൂന്നാംവിള നെൽകൃഷിയും മറ്റുഭാഗങ്ങളിൽ പയറും കൃഷി ചെയ്തിരുന്നു. വീട്ടിന്റെ അടുത്തായി കൂട്ടിയിരുന്ന വയ്ക്കോൽ പന്തൽ കുടുംബത്തിന്റെ ഐശ്വര്യത്തിന്റേയും സമൃദ്ധിയുടേയും അളവുകോലായി കണക്കാക്കിയിരുന്നു. ശാസ്ത്രീയമായ രീതിയിലുള്ള സംരക്ഷണം തെങ്ങുകൃഷിയ്ക്ക് ചെയ്തിരുന്നില്ല. തെങ്ങില്ലാത്ത സ്ഥലങ്ങൾ തരിശിടുകയോ മറ്റു മരങ്ങൾ വളർന്ന് വരികയോ ചെയ്യുമായിരുന്നു. മാവും, പ്ലാവും, ആഞ്ഞിലിയും, ആഴാന്ത, പേഴ്, മഞ്ഞണത്തി, മരുത്, പുളി തുടങ്ങിയ മരങ്ങളും അന്ന് പറമ്പിൽ സമൃദ്ധിയായിരുന്നു. മരച്ചീനികൃഷി വെളി സ്ഥലങ്ങളിൽ കുറച്ചുമാത്രം ചെയ്തിരുന്നു. തോടുകളുടേയും കുളങ്ങളുടേയും കരകളിൽ തെറ്റിപ്പഴവും കാടുപിടിച്ചു കിടന്നിരുന്ന മറ്റു സ്ഥലങ്ങളിൽ പുറുത്തിച്ചക്കയും പറങ്കിമാങ്ങയും കുട്ടികൾക്ക് ഇഷ്ടം പോലെ തിന്നാൻ കിട്ടുമായിരുന്നു. നാട്ടുമുന്തിരി, ആത്തിച്ചക്ക, നെല്ലിക്ക, പുറുത്തിച്ചക്ക ഇതൊക്കെ ആരും നട്ടുവളർത്തിയില്ലെങ്കിലും വേണ്ടുവോളം കിട്ടുമായിരുന്നു. പാഴ്മരങ്ങളിലും, പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങളിലും കുരുമുളക് വളർത്തിയിരുന്നു. പുന്നയ്ക്ക എണ്ണയ്ക്കുവേണ്ടി സംഭരിച്ചിരുന്നു. അതിന്റെ പിണ്ണാക്ക് വളമായി ഉപയോഗിച്ചുവന്നു.

ഓരോ കർഷകന്റെ വീട്ടിലും കലപ്പയും ഉഴവുമാടുകളും ഉണ്ടാകും. വയ്ക്കോൽ തന്നെയായിരുന്നു കന്നുകാലികൾക്കുള്ള പ്രധാന ആഹാരം. പുളിങ്കുരു വേകിച്ച് കൊടുക്കുമായിരുന്നു. കർഷകർക്ക് ധാരാളം ഭൂമി കൈവശമുണ്ടായിരുന്നു. പാടങ്ങളിൽ തൊഴിലാളികൾ പണിയെടുത്ത് വന്നു. തൊഴിലാളികളിൽ അധികവും ഭൂമി ഉണ്ടായിരുന്നില്ല. തല ചായ്ക്കുന്ന കൂര ഇരിക്കുന്ന സ്ഥലത്തിന്റെ അവകാശം പോലും തൊഴിലാളികളുടേതായിരുന്നില്ല. ഏലായുടെ മുകളിൽ കുളവും ഏലായുടെ വശങ്ങളിൽ തോടുകളും ഉണ്ടായിരുന്നു. കാവുകളും സർപ്പക്കാവുകളും മറ്റും എങ്ങും കാണാമായിരുന്നു. എലിനശീകരണം പാമ്പുകളും ചേരകളും തന്നെ നടത്തിവന്നു. വയലുകളിലെ കീടങ്ങളെ തവളയും മീനും തിന്നുതീർക്കുമായിരുന്നു. ഞണ്ടും നത്തയും മറ്റും പാടങ്ങളിൽ സുലഭമായുണ്ടായിരുന്നു. കൊക്കുകൾ ഞണ്ടിനേയും മറ്റും കാത്ത് വയലുകളിൽ പറന്നു വരുമായിരുന്നു.

കാലം പുരോഗമിച്ച് തുടങ്ങി. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ വൻപിച്ച മുന്നേറ്റമുണ്ടായി. മാരകരോഗങ്ങളെ ആധുനിക വൈദ്യശാസ്ത്രം നിയന്ത്രിച്ചു. മനുഷ്യന്റെ ആയുർദൈർഘ്യവും കൂടി. മലമ്പനിയും മസൂരിയും കോളറയും ഗ്രാമങ്ങളിൽ നിന്നും അപ്രത്യക്ഷമായി. ജനസംഖ്യ വർദ്ധിച്ചതോടെ കൃഷിഭൂമി തുണ്ടുതുണ്ടുകളായി. കൂടുതൽ സ്ഥലം കൃഷിയ്ക്കുവേണ്ടി വന്നു. പാടങ്ങളിൽ നെല്ല്, പയറ്, ഉഴുന്ന് എന്നീ ധാന്യങ്ങളും പുരയിടങ്ങളിൽ മരിച്ചീനി, മധുരക്കിഴങ്ങ്, കൂവക്കിഴങ്ങ്, കാച്ചിൽ, ചേന, ചേമ്പ് എന്നീ കിഴങ്ങുവർഗ്ഗങ്ങളും കൂടാതെ തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, ഇഞ്ചി എന്നിവ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുവാൻ തുടങ്ങി. 1965 കാലഘട്ടത്തിൽ കേരളത്തിൽ ഭക്ഷ്യക്ഷാമം അതിരൂക്ഷമായി. അയൽസംസ്ഥാനങ്ങളിൽ നിന്നും ആവശ്യമുള്ള അളവിൽ അരി കിട്ടാതെയായി. അതുകൊണ്ട് നെൽപ്പാടങ്ങളിൽ മാത്രമല്ല ജലസ്രോതസ്സുള്ള കരകളിൽപോലും നെൽകൃഷി വ്യാപിപ്പിച്ചിരുന്നു. അരിയുടെ കുറവ് പരിഹരിക്കുന്നതിനു മരിച്ചീനികൃഷിയും വ്യാപകമാക്കി. കാലാന്തരത്തിൽ കന്നുകാലി സംരക്ഷണവും കർഷകർക്കും കർഷകതൊഴിലാളികൾക്കും ഒരു പ്രധാന തൊഴിൽ മേഖലയായി ഉയർന്നു വരുന്നതിന് ഒരു പ്രധാന കാലിത്തീറ്റ എന്ന നിലയ്ക്ക് മരിച്ചീനിയ്ക്ക് വൻപിച്ച പ്രാധാന്യം ഉണ്ടായി.

കാലത്തിന്റെ പോക്കിൽ കർഷക തൊഴിലാളികൾ കൂലി

കൂടുതലുള്ള മറ്റു മേഖലകളിലേയ്ക്ക് നീങ്ങി തുടങ്ങുകയും ഉൽപ്പാദന ഉപാധികൾക്ക് വൻപിച്ച വില വർദ്ധനയും കൂലി ക്കൂടുതലും കാരണം നെൽപ്പാടങ്ങളിൽ നെൽകൃഷി കുറഞ്ഞു തുടങ്ങി. കരപ്രദേശങ്ങളിൽ റബ്ബർ വ്യാപകമായി കൃഷി ചെയ്യാൻ തുടങ്ങിയതോടുകൂടി മരിച്ചിനികൃഷിയും തെങ്ങുകൃഷിയും കുറഞ്ഞു തുടങ്ങി. അതുകൊണ്ട് പ്രധാന ഭക്ഷ്യധാന്യങ്ങളായ നെല്ല്, പയറ്, ഉഴുന്ന് എന്നിവയും മരിച്ചീനി, മധുരക്കിഴങ്ങ്, ചേന, ചേമ്പ് എന്നീ കിഴങ്ങുവർഗ്ഗങ്ങളിൽപെട്ട ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം അനുദിനം കുറഞ്ഞുകൊണ്ടിരുന്നു. പാലും, പഴവും, മത്സ്യവും, മാംസവും പോലെ വളരെ പ്രധാനപ്പെട്ട പച്ചക്കറിപോലും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നിരിക്കുകയാണ്. വയ്ക്കോലിന്റെയും മരിച്ചീനിയുടേയും കുറവ് കന്നുകാലി വളർത്തലിന് ഒരു ഭീഷണിയായി മാറിയിരിക്കുകയാണ്.

1970 കാലഘട്ടങ്ങളിൽ ഈ സംസ്ഥാനത്തെ 8.88 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു. അന്ന് 13.5 ലക്ഷം ടൺ അരിയും 13.5 ലക്ഷം ടൺ വയ്ക്കോലും കിട്ടിയിരുന്നു. ഇന്ന് നെൽകൃഷി ചെയ്യുന്ന മൊത്തം ഏല്യാ 5 ലക്ഷം ടണ്ണായി കുറയുകയും ചെയ്തു. നെൽകൃഷി കുറയുന്നത് ഒരു ആഗോള പ്രതിഭാസമായി മാറിയിരിക്കുകയാണ്. ഇപ്പോൾ ലഭിക്കുന്ന അരിയുൽപ്പാദനത്തിന്റെ അളവ് സംസ്ഥാന ആവശ്യത്തിന്റെ 1/3 ഭാഗംപോലും ആകുന്നില്ല. 1988-89ൽ ഗ്രൂപ്പ് ഫാമിംഗ് നിലവിൽ വന്നതോടെ നെല്ലുൽപ്പാദനം ശരാശരി ഹെക്ടർ ഒന്നിന് 1700 കിലോഗ്രാം നെല്ലും അതേ അളവിൽ വയ്ക്കോലും കിട്ടിയിരുന്നു. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായംവഴി ക്രമേണ ഉൽപ്പാദനം വർദ്ധിച്ചു തുടങ്ങുകയും വിളവ് ഹെക്ടർ ഒന്നിന് 3000 മുതൽ 4000 കിലോ വരെ ലഭിക്കുകയുണ്ടായി. ചില പ്രദേശങ്ങളിൽ ഹെക്ടർ ഒന്നിന് ശരാശരി 5000 കിലോവരെ വിളവ് കിട്ടിയിരുന്നു. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വഴി നിലവിലുള്ള ജലസ്രോതസ്സ് കാര്യമായി വിനിയോഗിക്കുന്നതിനും ജലനിയന്ത്രണ മാർഗ്ഗങ്ങൾ കൃത്യനിഷ്ഠയോടെ കൈകാര്യം ചെയ്യുന്നതിനും കൂട്ടു ഞാറ്റടി വഴി നിയന്ത്രിത വിലയ്ക്ക് ഗുണനിലവാരമുള്ളതും ഉൽപ്പാദനശേഷി കൂടിയതുമായ ഞാറ് കൂട്ടു ഞാറ്റടി വഴി ഉൽപ്പാദിപ്പിച്ച് നിയന്ത്രിതവിലയ്ക്ക് വിതരണം ചെയ്യുന്നതിനും നടവ്, കളഎടുക്കൽ വളപ്രയോഗം, സസ്യസംരക്ഷണം എന്നീ നടപടികൾ യഥാസമയങ്ങളിൽ കൂട്ടായി നടത്താൻ സാധിച്ചതോടെ കൃഷി ചെലവ് കുറയ്ക്കുന്നതിനും പരമാവധി വിളവ് വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. എന്നാൽ കർഷകത്തൊഴിലാളികളുടെ കുറവും ഉൽപ്പാദനോപാധികളുടെ വിലക്കയറ്റവും കാരണം നെൽകൃഷി തീരെ കുറഞ്ഞു തുടങ്ങി.

ഈ പഞ്ചായത്തിലെ 36592 പേർക്ക് ഒരുവർഷം ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന നെല്ലിന്റെ കണക്കനുസരിച്ച് 4 ദിവസത്തേയ്ക്കു മാത്രമേ തികയുന്നുള്ളൂ. രണ്ടു വിളയിലേയും ശരാശരി ഹെക്ടർ ഒന്നിന് കിട്ടുന്ന വിളവ് 3690 കിലോയാണ്. ബാക്കി 361 ദിവസത്തെ ആവശ്യത്തിനുള്ള അരി അയൽസംസ്ഥാനത്തെ ആശ്രയിച്ചാണ് കഴിയുന്നത്. ഏതെങ്കിലും കാരണവശാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന അരിയുടെ ലഭ്യത കുറയുന്നപക്ഷം ഭക്ഷ്യരംഗത്തുണ്ടാകുന്ന പ്രതിസന്ധി ഒരുവിധത്തിലും പരിഹരിക്കാവുന്നതല്ല. അതേ സമയം ഇവിടെ നിലവിലുള്ള 370.50 ഹെക്ടർ നിലത്തിലും അത്യുല്പാദനശേഷിയുള്ള നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ നടത്തുന്നപക്ഷം ഈ പ്രദേശത്തെ ഉല്പാദനക്ഷമത അനുസരിച്ച് ഹെക്ടർ ഒന്നിന് 3700 കിലോ പ്രകാരം 370.54 ഹെക്ടറിന് വിരിപ്പു കൃഷിയിലും മുണ്ടകൻ കൃഷിയിലുമായി മൊത്തം 2742 ടൺ നെല്ലുല്പാദിപ്പിക്കാം. നമ്മുടെ ആവശ്യത്തിന്റെ 49% ആവശ്യവും ഇവിടത്തെ ഉല്പാദനം കൊണ്ട് പരിഹരിക്കാം. നെൽകൃഷിയിൽ മാറ്റം വരുത്തേണ്ടത് ഈ പഞ്ചായത്തിനെ സംബന്ധിച്ചടത്തോളം അടിയന്തിര പ്രാധാന്യമുള്ള കാര്യമാണ്. വ്യാപകമായി കന്നുകാലി വളർത്തുന്ന ഈ പഞ്ചായത്തിലെ പ്രധാന കാലിത്തീറ്റയായ വയ്ക്കോലിന്റെ ലഭ്യതയും അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന അവസ്ഥയാണുള്ളത്.

ഈ പഞ്ചായത്തിലെ വിളവ് ചേരുവയുടെ കണക്ക് ചുവടെ ചേർക്കുന്നു.

ഇനം	വിസ്തീർണ്ണം
നിലം	370.54 ഹെക്ടർ
പുരയിടം	2024.58 ഹെക്ടർ
പുറമ്പോക്ക്	89.23 ഹെക്ടർ
കൃഷിയോഗ്യ തരിശ്	
ആകെ	2984.35 ഹെക്ടർ

തെങ്ങുകൃഷി

ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് തെങ്ങുകൃഷിയെ സംബന്ധിച്ചടത്തോളം 916 ഹെക്ടറിൽ നിന്നും 5858925 ആവറേജുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് വളരെ കുറവാണ്. അതേസമയം തമിഴ്നാട്ടിലും കർണാടകത്തിലും ഒരു ഹെക്ടർ ഒന്നിന് 11,000 തേങ്ങായാണ് ലഭിക്കുന്നത്. ആ കണക്കിൻപ്രകാരം നമ്മുടെ പഞ്ചായത്തിന്റെ ഉല്പാദനം 46.5 ആണ്. ശാസ്ത്രീയമായ കൃഷിരീതി കൊണ്ട് നാളികേര ഉല്പാദനം ഇതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കാം. ശരാശരി ഹെക്ടറിന് 200 മൂട് തെങ്ങ് നില്ക്കേണ്ട

സ്ഥാനത്ത് 300 മുതൽ 325 വരെ തെങ്ങുകൾ നില്ക്കുന്നു. വളപ്രയോഗത്തിലും സസ്യസംരക്ഷണ നടപടികളിലും ശാസ്ത്രീയമായ സമീപനം അവലംബിക്കേണ്ടതുണ്ട്.

മരിച്ചീനി കൃഷി

നമ്മുടെ പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ട കൃഷിയാണ് മരിച്ചീനി. 295 ഹെക്ടർ സ്ഥലത്ത് മരിച്ചീനി കൃഷിയുണ്ട്. ഹെക്ടർ ഒന്നിന് ശരാശരി 10 ടൺ എന്ന കണക്കിൽ 2950 ടൺ മരിച്ചീനി മാത്രമേ പ്രതിവർഷം ഉല്പാദിപ്പിക്കപ്പെടുന്നുള്ളതായി കാണുന്നുള്ളൂ. എന്നാൽ അത്യുല്പാദനശേഷിയുള്ള വിത്തുകളുപയോഗിച്ച് ശാസ്ത്രീയമ്യ കൃഷി അവലംബിക്കുന്നപക്ഷം ഹെക്ടർ ഒന്നിന് 25 ടൺ എന്ന ക്രമത്തിൽ 295 ഹെക്ടർ പ്രദേശത്തുനിന്നും 7325 ടൺ മരിച്ചീനി ഉല്പാദിപ്പിക്കാൻ കഴിയുന്നതാണ്.

ഭൂപ്രകൃതി, ജലസ്രോതസ്, മണ്ണ്

കുന്നും ചരിവുകളും താഴ്വരകളുമായിട്ടാണ് ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി. 12 വാർഡുകളിലായി 52 കുളങ്ങളുണ്ട്. 27 പ്രധാന തോടുകളുമുണ്ട്. നെയ്യാർ ഇറിഗേഷൻ വലതുകര കനാൽ വഴി കൊറ്റംപള്ളി, അരുവിക്കര, കുവളശേരി, എരുത്താവൂർ എന്നീ ഏലാകളിൽ ചാനൽവെള്ളം ലഭിക്കുന്നു. നെയ്യാറ് അരുവിക്കര വാർഡിന്റെ കിഴക്കതിരിൽ കൂടി കടന്നുപോകുന്നു. അരുവിക്കര വാർഡിന്റെ ഒന്നര കിലോമീറ്റർ ഭാഗം മാത്രമേ ഈ നദിയുടെ അതിർത്തി തീരമായി കാണുന്നുള്ളൂ. മണലും ചെളിയും കലർന്ന ഇതിന്റെ തീരപ്രദേശങ്ങളിൽ തെങ്ങും വാഴയും സമൃദ്ധിയായി വളരുന്നു.

കുന്നിൻചരുവുകളെ സംബന്ധിച്ചിടത്തോളം ഒരുകാലത്ത് നിറഞ്ഞുനിന്നിരുന്ന വൃക്ഷങ്ങളെ മുറിച്ചു മാറ്റിയ തോടുകൂടി ഉപരിതലത്തിൽ അടിഞ്ഞു കിടന്നിരുന്ന ജൈവസമ്പത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നല്ല മഴയും വെയിലും ലഭിക്കുന്ന കരഭൂമിയുടെ ഘടന കടുത്ത പാറുമണ്ണാണ്. ജൈവവളത്തിന്റെ കുറവും അമിതമായ രാസവളപ്രയോഗവും തെറ്റായ കൃഷിരീതിയും കൊണ്ട് മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. അമ്ലസ്വഭാവമുള്ള മണ്ണായതിനാൽ തെങ്ങ്, റബ്ബർ, വാഴ, മരിച്ചീനി, ഫലവൃക്ഷങ്ങൾ, പച്ചക്കറി, എന്നിവ സമൃദ്ധിയായി വളരുന്നു.

നിലം

ആകെ 370.54 ഹെക്ടർ വിസ്തീർണ്ണമുള്ള നിലങ്ങളിൽ 10 ഹെക്ടർ സ്ഥലത്തു മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളൂ. മൂന്നാം വിളയായി നെൽകൃഷി ചെയ്യുന്നില്ല. ബാക്കി ഭാഗങ്ങളിൽ വാഴ, മരിച്ചീനി, തെങ്ങ് എന്നിവയും ചില ഭാഗങ്ങളിൽ റബ്ബറും, പെരുമരവും, അല്പശിയും കൃഷി ചെയ്ത് തുടങ്ങിയിട്ടുണ്ട്. നിലങ്ങളിൽ 80%വും കളിമണ്ണും 20% മണലും ചെളിയും കലർന്ന മണ്ണുമാണ്. വെള്ളക്കെട്ടു നിലങ്ങൾ തീരെയില്ല. നെൽകൃഷി കുറഞ്ഞു തുടങ്ങിയതോടുകൂടി കരതോടുകൾ നികന്നു തുടങ്ങിയിരിക്കുന്നു.

കർഷകതൊഴിലാളികളുടെ കൂലിനിരക്ക്

ഉഴവ് - നാടൻകലപ്പ ഏക്കറിന് — 1875 രൂപ
ഞാറുനടീൽ തൊഴിലാളി ഒന്നിന് — 60 രൂപ
കളപറിയ്ക്കൽ തൊഴിലാളി ഒന്നിന് — 60 രൂപ
കൊയ്ത്ത് കൂലി ഒരാളിന് — 100 രൂപ
തേങ്ങ ഇടീൽ - തെങ്ങ് ഒന്നിന് — 4 രൂപ
റബ്ബർ - റബ്ബർവെട്ട് മൂട് ഒന്നിന് — 15 പൈസ

പ്രശ്നങ്ങൾ

- നെൽപ്പാടങ്ങളിൽ തെങ്ങ്, വാഴ, മരിച്ചീനി തുടങ്ങിയവയും അപൂർവ്വം ചില സ്ഥലങ്ങളിൽ റബ്ബറും അൽപ്പശിയും, പെരുമരങ്ങളും നട്ടു തുടങ്ങിയിരിക്കുന്നു.
- ജൈവവളങ്ങൾ ആവശ്യത്തിന് കിട്ടാനില്ല.
- കർഷകതൊഴിലാളികളുടെ കുറവും കൂലി കൂടുതലും കാർഷികമേഖലയെ തളർത്തുന്നു.
- ജലസേചന സൗകര്യങ്ങളെ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള കുളങ്ങളുടേയും തോടുകളുടേയും അറ്റുകുറ്റപണികൾ ചെയ്യുക.
- ഉല്പന്നങ്ങളുടെ സംസ്കരണ സൗകര്യങ്ങളില്ല.
- കാർഷികാവശ്യത്തിനുള്ള പമ്പുസെറ്റുകൾ സ്ഥാപിച്ചിട്ടുള്ളവർക്ക് വർഷങ്ങളായി വൈദ്യുതി ലഭിക്കുന്നില്ല.
- കാർഷിക ഉല്പന്നങ്ങളിൽ നല്ലൊരു ഭാഗം എലികൾ നശിപ്പിക്കുന്നു.
- ചരിവു ഭൂമികളായ വാട്ടർഷെഡ് ഏര്യായിൽ ജലസംഭരണശേഷി നിലനിറുത്തുന്നതിനുള്ള പദ്ധതികളില്ല.
- അശാസ്ത്രീയമായ കൃഷിരീതികൾ ഉല്പാദനമേഖലകളെ തളർത്തുന്നു.
- കരത്തോടുകൾ നികത്തുന്നതുകൊണ്ട് ജലസേചന നിർഗ്ഗമന സൗകര്യങ്ങൾ നിലയ്ക്കുന്നു.
- കോഴി, അണ്ണാൻ, താറാവ്, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ എന്നിവ വിളകൾക്ക് വമ്പിച്ച നാശനഷ്ടം ഉണ്ടാക്കുന്നു.
- ഗുണനിലവാരമുള്ള വിത്തും നടീൽ വസ്തുക്കളും ആവശ്യത്തിന് ലഭിക്കുന്നില്ല.
- കാർഷിക ഉല്പന്നങ്ങൾക്ക് വിപണന കാര്യങ്ങൾക്കുള്ള മാർക്കറ്റിംഗ് സൊസൈറ്റികൾ ഇല്ല.

- വിത്ത്, നടീൽ വസ്തുക്കൾ പഞ്ചായത്തുതലത്തിൽ ഉല്പാദിപ്പിച്ച് നിയന്ത്രിത വിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള നഴ്സറികൾ ഇല്ല.

നിർദ്ദേശങ്ങളും സാദ്ധ്യതകളും

★ നെല്പാടങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വഴി യന്ത്രസാമഗ്രികൾ ഉപയോഗിച്ച് നെൽകൃഷി ലാഭകരമാക്കുകയും മറ്റ് കൃഷികളെ നിരുൽസാഹപ്പെടുത്തുന്നതിൽ നിയമപരമായ നടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.

★ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിലവിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളുടേയും തോടുകളുടേയും പുനരുദ്ധാരണ പണികൾ നടത്തുക.

★ കണ്ടല മുതൽ കരിങ്ങൽ, പുലിമുട്ടം വരെയുള്ള തോടിൽ തടയണകൾ കെട്ടി ജലസേചനം മെച്ചപ്പെടുത്താനും കിണറുകളിൽ ജലനിരപ്പ് ഉയർത്താനും കഴിയും.

★ വേട്ടമംഗലം വണ്ടന്നൂർതോട്, എരുത്താവൂർ മഞ്ഞറമൂലതോട് എന്നിവയും തളക്കോണം പുളിങ്കോട് കരിങ്ങൽതോട് വെള്ളൂർക്കോണം മഞ്ഞറമൂല വണ്ടന്നൂർ തോടിലും കരിയ്ക്കകം മുതൽ അരുവിക്കര വരേയുമുള്ള തോട്ടിലും വാണിയംകോട് അണപ്പാട് തോടും കൊങ്ങുംകോട് കുളവും അതുമൂലം ചിറത്തലയ്ക്കൽ വരെയുള്ള ഇരുകരത്തോടും കിഴക്കതിൽക്കോണം മുതൽ വണ്ടന്നൂർ വരെയുള്ള തോടും തൂങ്ങാംപാറ മഹാദേവൻ കുളം മുതൽ അണപ്പാട് വരെയുള്ള തോടും പൊയ്യൂർക്കോണം ഒഴുകുപാറത്തോടും കരിങ്ങൽ ഏലാതോടും ആര്യശാലക്കോണം തോടും അച്ചാമത്തുകോണം മുതൽ കോട്ടയിൽ കുളം വരെയുള്ള തോടും ആനമൺ കൈതയിൽ തോടും മൈലോട്ടുകുഴിതോടും ഇലമ്പതാംകുഴി കുവളശേരി തോടും നാവക്കോട് കുളം മുതൽ ആർ.ബി.സി. ചാനൽ വരെയും മുടത്തിക്കര അരുവിക്കരതോടും കണ്ടൻകുളങ്ങര ഇടവാഴിച്ചൽ തോടും കടുക്കറ കുവശേരിതോടും നീതിക്കോട്ടുക്കോണം മുതൽ ചെറുവട്ടിയൂർക്കോണം തോടും വണ്ടന്നൂർ കുറുക്കണ്ണാവൂർ തോടും കിടങ്ങപള്ളിക്കോണം അണപ്പാട്, പാറോട്ടുകോണം അണപ്പാട് തോടും കയണിക്കര കുറുക്കണ്ണാവൂർ തോടും നവീകരിച്ച് ജലസേചനത്തിന് ഉപയുക്തമാക്കുക.

★ ഉല്പന്നങ്ങളുടെ സംസ്കരണ സൗകര്യങ്ങൾ ഉണ്ടാക്കുക. കോൾഡ് സ്റ്റോറേജ് സംഭരണകേന്ദ്രങ്ങളും ഉണ്ടാക്കുക.

★ കാർഷിക ആവശ്യത്തിനുവേണ്ടി പമ്പുസെറ്റുകൾ സ്ഥാപിച്ചിട്ടുള്ളവർക്ക് അടിയന്തിരമായി വൈദ്യുതി നൽകേണ്ടതാണ്. കാർഷിക വിളകളേയും ഉല്പന്നങ്ങളേയും നശിപ്പിക്കുന്ന എലികളെ നിർമ്മാർജ്ജനം ചെയ്യുന്ന എലി നശീകരണ പ്രവർത്തനങ്ങൾ നടത്തുക.

★ ചരിവു ഭൂമിയിലെ ജലം സംഭരണശേഷി നിലനിറുത്തി സമഗ്ര കാർഷികവികസന പദ്ധതിക്കുവേണ്ടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിനുവേണ്ടി പ്രാദേശികതലത്തിൽ നഴ്സറികൾ ഉണ്ടാക്കേണ്ടതാണ്.

★ കാർഷിക ഉല്പന്നങ്ങൾക്കുള്ള വിപണന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക, ജൈവവളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പറ്റിയതരത്തിൽ ഓരോ വീട്ടിനും കമ്പോസ്റ്റ് ഉല്പാദനം ഉണ്ടാക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള പ്രോൽസാഹനങ്ങൾ ചെയ്യുക. പൊതുസ്ഥലങ്ങളിൽ നിന്നും ചപ്പുചവറുകൾ ശേഖരിച്ച് കമ്പോസ്റ്റാക്കി മാറ്റുന്ന വിതരണം നടത്തുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കുക.

★ നെൽകൃഷിക്കെന്നപോലെ തെങ്ങ്, വാഴ, പച്ചക്കറി, പുഷ്പം, ഔഷധച്ചെടികൾ എന്നിവയ്ക്കും ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിൽ വരുത്തുക. വർഷംതോറും കാർഷികവിള മൽസരങ്ങളും കാർഷിക പ്രദർശനങ്ങളോടും സെമിനാറുകളും പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുക.

★ സ്കൂളുകൾ, അംഗൻവാടികൾ, മഹിളാസമാജം, ശിശുമന്ദിരം എന്നീ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പച്ചക്കറി പുഷ്പഫലകൃഷി ഔഷധസസ്യകൃഷി കുമിൾകൃഷി എന്നിവ വ്യാപിപ്പിക്കുക. കൃഷി ആഫീസുകൾ മുഖേന കർഷകർക്ക് പരിശീലനം നൽകുകയും കൃഷി വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. തെങ്ങുകയറ്റ യന്ത്രങ്ങൾ സൗജന്യമായി നൽകുന്നതോടൊപ്പം അവയ്ക്കുള്ള പരിശീലനങ്ങൾ നല്കേണ്ടതുമാണ്.

★ മണ്ണുപരിശോധന നിർബന്ധമാക്കുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാക്കുക. മണ്ണിന്റെ ഗുണനിലവാരവും കാലാവസ്ഥയും കണക്കിലെടുത്ത് ഓരോ കർഷകനും ഏതെല്ലാം വിളകൾ ഏതേതുതരത്തിൽ ചെയ്യണമെന്നുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന രേഖകൾ സാങ്കേതിക പരിജ്ഞാനം സൃഷ്ടിച്ചിട്ടുള്ളവർ മുഖേന നൽകുകയും അതിന് ആവശ്യമുള്ള തുകകൾ കാർഷിക ലോണായി നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. വിളനാശം വരുത്തുന്ന കോഴി, താറാവ്, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ

ഇവയെ നിയന്ത്രിക്കുന്നതിനുള്ള നിയമപരമായ നടപടികൾ ഉണ്ടാക്കണം.

★ ഉഴുന്നതിനുള്ള ഫ്ളവർ ഡ്രില്ലർ, ട്രാക്ടർ, സസ്യസംരക്ഷണ ഉപകരണങ്ങൾ, നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കണം. നെല്പാടങ്ങളിൽ മൂന്നാംവിളകളായ പയറു കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കേണ്ടതാണ്.

★ സമ്മിശ്രരീതിയിലുള്ള കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

★ പച്ചക്കറി കൃഷിക്ക് സ്ത്രീകൾക്ക് പരിശീലനവും സബ്സിഡിയോട് കൂടിയ വായ്പയും ലഭ്യമാക്കുക.

★ കൃഷി നാശത്തിനുള്ള സാമ്പത്തിക സഹായത്തുക വർദ്ധിപ്പിച്ച് അർഹത പരിശോധിച്ച് വിതരണം നടത്തുക.

★ പച്ചക്കറി കൃഷി തോട്ടങ്ങൾ എല്ലാ വീടുകളിലും ഉണ്ടാക്കാൻ വേണ്ട ബോധവൽക്കരണവും വിത്തുകളും നടീൽ തൈയ്യുകളും സൗജന്യമായി വിതരണം നടത്താൻ വേണ്ട നടപടി ഉണ്ടാകണം.

★ കിളിയോട് രംഗത്തുള്ള സബ് ചാനൽമണ്ണ് നിക്കി ജല സേചന പ്രദമാക്കുക. വീടുകളുടെ വർദ്ധനവ് കൃഷിഭൂമിയുടെ അളവ് കുറക്കുന്നു. കോളനികൾ നിർമ്മിച്ച് ഈ സ്ഥിതി മാറ്റി എടുക്കാവുന്നതാണ്.

★ അത്യുഗ്ര വിഷവീര്യമുള്ള കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുകയും സസ്യജന്യമായ കീടനാശിനികൾ ഉപയോഗിക്കുന്നതിന് കൃഷിക്കാരെ ബോധവൽക്കരണം വഴി പ്രബുദ്ധരാക്കേണ്ടതുമാണ്.

★ കീടനാശിനികളുടെ ഉപയോഗവും വിപണനവും പ്രായോഗികവും സാങ്കേതികവുമായ പരിശീലനം ലഭിച്ച വിദഗ്ദ്ധരുടെ നിർദ്ദേശപ്രകാരം അനുവദിക്കുക.

★ പാൽ ക്രയവിക്രയ രീതി പോലെ പച്ചക്കറി ഉല്പന്നങ്ങൾ ശേഖരിക്കുകയും വിൽക്കുകയും ചെയ്യുന്നതിനുള്ള കേന്ദ്രങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ഉണ്ടാകേണ്ടതാണ്.

സഹകരണ സംഘങ്ങൾ വിതരണം ചെയ്യുന്ന വായ്പയുടെ വിവരങ്ങൾ

	ഊരുട്ടമ്പലം സർവ്വീസ് സഹകരണബാങ്ക്	കണ്ടല സർവ്വീസ് സഹകരണബാങ്ക്
1. കാർഷികവായ്പ	4406340 രൂപ	7810398 രൂപ
2. മറ്റുവായ്പകൾ	2858658 രൂപ	4592190 രൂപ
3. പ്രത്യേക വായ്പകൾ	2667329 രൂപ	1234884 രൂപ

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് — തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്			
	തെങ്ങ് കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് സ്പോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്
1	2	3	4	5				
1	69	3013	22143	25156				
2	135	14071	35523	49594				
3	124	22539	22871	45410				
4	33	3637	8539	12176				
5	78	9225	19199	28424				
6	62	6644	16064	22708	nil	22%	12%	6%
7	85	7717	23269	30986				
8	77	9626	18426	28052				
9	54	5424	14100	19524				
10	66	7553	16812	24365				
11	45	5118	9926	15044				
12	88	4831	27485	32316				

ഈഗ്രാമത്തിലെ തോടുകൾ

നമ്പർ	തോടിന്റെ പേര്	നമ്പർ	തോടിന്റെ പേര്
1.	പെരുമുള്ളൂർ ഏലാതോട്	16.	വണ്ടന്നൂർ വലിയതോട്
2.	പെരുമുള്ളൂർ അണപ്പാട്	17.	തേവരക്കോട് - വണ്ടന്നൂർതോട്
3.	നാവക്കോടു അരുവിക്കര	18.	മഞ്ഞറമൂല വടക്കുംതെക്കുംകര തോട്
4.	അരുവിക്കര - ആറ്റുകടവ് തോട്	19.	കരിങ്ങൽക്കോണം തോട്
5.	ധർമ്മംവീട് - ആറ്റുകടവ് തോട്	20.	ഏറക്കുന്നംതോട്
6.	പുല്ലയിൽ തോട്	21.	അരുവിയോട് തോട്
7.	പേനാറ - മുണ്ടൻചിറതോട്	22.	കോട്ടയിൽ കുളംതോട്
8.	വടക്കും തെക്കും കരതോട്	23.	തൂങ്ങാംപാറ മഹാദേവൻകുളംതോട്
9.	കരിയക്കോണംതോട്	24.	വെള്ളൂർക്കോണം - വണ്ടന്നൂർതോട്
10.	കരിങ്ങൽ ഏലാതോട്	25.	ചിറത്തലയ്ക്കൽ - വള്ളൂർതോട്
11.	ഇറയംകോട് തോട്	26.	കൊങ്ങംകോട് ചിറത്തലയ്ക്കൽ
12.	പെരുംകുളം തോട്	27.	കൈതയിൽ പുലയൻകുഴിതോട്
13.	കണ്ടല വലിയവയൽ തോട്	28.	തലകോണും പുളിങ്കോട്
14.	ഊരുട്ടമ്പലം ഏലാതോട്		പാറയിൽവിളാകം തോട്
15.	കിഴക്കതിൽക്കോണം കുളംതോട്	29.	പുല്ലുവരമ്പ്തോട്

പഞ്ചായത്തിലെ കുളങ്ങൾ

നമ്പർ	കുളത്തിന്റെ പേര്	വിസ്തീർണ്ണം(സെന്റിൽ)
1.	തലശ്ശേരികോണത്തുകുളം	14
2.	ഊരറകോണത്തുകുളം	75
3.	എരുത്താവൂർകോന്നത്തുകുളം	63
4.	മഹാദേവൻകുളം	67
5.	തേവരക്കോടുകുളം	27
6.	കീളിയോടുകുളം	13
7.	കിഴക്കതിൽകോണത്തുകുളം	34
8.	വെള്ളൂർക്കോണംകുളം	99
9.	കരിയക്കോണത്തുകുളം	46
10.	കാരണംകോടുകുളം	24
11.	വാണിയംകോടുകുളം	39
12.	കടുക്കറകോണത്തുകുളം	20
13.	ഇടകോണത്തുകുളം	24
14.	ചെറുപാണ്ടിക്കോണത്തുകുളം	56
15.	പാന്തർകോണത്തുകുളം	15
16.	നെയ്തിക്കോട്ടുകുളം	15
17.	പൊയ്യൂർക്കോണത്തുകുളം	44
18.	മുണ്ടുകോണത്തുകുളം	16
19.	ഇറയംകോട് കുളം	77
20.	കരിക്കുളങ്ങരകുളം	52

നമ്പർ	കുളത്തിന്റെ പേര്	വിസ്തീർണ്ണം(സെൻറിൽ)
21.	മുണ്ടൻചിറകുളം	56
22.	അഴകത്തുകുളം	32
23.	ആനമൺകുളം	50
24.	അറവംകോട്ട്കോണത്തുകുളം	66
25.	കണ്ടലകുളം	33
26.	ഇറയംകോട്കുളം	69
27.	മഠവിളാകത്ത്കുളം	
28.	അച്ചാമത്തുകുളം	27
29.	കരിങ്ങൽകോണത്തുകുളം	35
30.	കോട്ടയിൽകുളം	54
31.	നാവക്കോട് കുളം	46
32.	അരുവിക്കരകുളം	30
33.	വാഴപ്പള്ളികോണത്തുകുളം	50
34.	മേലെകൊങ്ങംകോട് കുളം	43
35.	വാഴപ്പള്ളിക്കോണം പുല്ലയിൽകുളം	12
36.	കിഴക്കെകൊങ്ങംകോട് കുളം	46
37.	ചെമ്പരികോണത്തുകുളം	41
38.	ഇടവാഴിച്ചൽകുളം	34
39.	ചെന്നിയോടു കുളം	34
40.	ചെന്നിയോടുകീഴെ കുളം	37
41.	കുങ്ങംകുളങ്ങരകുളം	45
42.	ചെങ്കല്ലൂർകോണത്തുകുളം	12
43.	ഇണ്ടന്നൂർക്കോണം കുളം	50
44.	കുരിശ്ശോട്ടുകോണം കുളം	16
45.	മൈലോട്ടുകോണം കുളം	16
46.	പാലോട്ടുകോണംകുളം	12
47.	വേട്ടമംഗലംകുളം	
48.	മുടന്തിക്കരകുളം	
49.	ചെറുവട്ടിക്കോണം	
50.	ഇലംമ്പിലാംകോണത്തുകുളം	
51.	പുല്ലയിൽകുളം	8
52.	സീതവിളാകംകുളം	

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് — രാസവള-കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
		രാസവളം കി.ഗ്രാം	കീടനാശിനി ദ്രവം	കീടനാശിനി ഖരം	രാസവളം കി.ഗ്രാം	കീടനാശിനി ദ്രവം	കീടനാശിനി ഖരം	രാസവളം കി.ഗ്രാം	കീടനാശിനി ദ്രവം	കീടനാശിനി ഖരം
1	2	3	4	5	6	7	8	9	10	11
	സഹകരണം	332 T		500 Kg	346 T		700 Kg	318 T		750 Kg
	സ്വകാര്യം	264 T	20 L	200 Kg	415 T	10 L	250 Kg	478.5 T	25 L	350 Kg

CCS for SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

ക്രമനമ്പർ	പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ	ആകെ
1	കിണറുകൾ	
	ബ്ലോക്കിൽ നിന്നും അനുവദിച്ചത്	79
	കൃഷിഭവൻ മുഖേന അനുവദിച്ചത്	50
	ആകെ	129
2	കുളങ്ങൾ	
	ബ്ലോക്കിൽ നിന്നും അനുവദിച്ചത്	79
	കൃഷിഭവൻ മുഖേന അനുവദിച്ചത്	—
	ആകെ	79
3	വാട്ടർടാങ്കുകൾ	
	ബ്ലോക്കിൽനിന്നും അനുവദിച്ചത്	49
	കൃഷിഭവൻ മുഖേന അനുവദിച്ചത്	—
	ആകെ	49
4	പമ്പുഹൗസുകൾ	
	ബ്ലോക്കിൽനിന്നും അനുവദിച്ചത്	79
	കൃഷിഭവൻ മുഖേന അനുവദിച്ചത്	—
	ആകെ	79
5	പമ്പുസെറ്റുകൾ	
	ബ്ലോക്കിൽനിന്നും അനുവദിച്ചത്	79
	കൃഷിഭവൻ മുഖേന അനുവദിച്ചത്	43
	ആകെ	122

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് — കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ					
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ	മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	പോർട്ടബിൾ പമ്പുസെറ്റ്
1	2	3	4	5	6	7	8	9	10
	—	—	6	3	15	—	—	2	—

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് — കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2ഹെക്ടർ)	വൻകിട കർഷകർ (2ഹെക്ടറിനു മുകളിൽ)
മാറനല്ലൂർ പഞ്ചായത്ത്	7323	55	20

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് — നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ് WCT	500	400	375
T x D	50	—	65
D x T	—	—	35
കശുമാവ്	nil	nil	nil
കുരുമുളക്	2000	5200	5725
കവുങ്ങ്	—	—	—
പഴവർഗ്ഗച്ചെടികൾ	261	265	643

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് — ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം(ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കാറ്റും മഴയും	ഉരുൾപൊട്ടൽ		
1	2	3	4	5	6	7
1993-94			5		35	1005/-
1994-95			12		121	56144/-
1995-96			18		189	90490/-

കുടുംബങ്ങളുടെ എണ്ണവും കൈവശഭൂമിയുടെ വിസ്തീർണ്ണവും

1 - 10 സെൻറ്	10 - 25 സെൻറ്	25 - 50 സെൻറ്	50 - 100 സെൻറ്	1 - 2 ഏക്കർ	2 - 5 ഏക്കർ	5 ഏക്കറിനു മുകളിൽ
3500	2200	250	75	60	50	20

മാറനല്ലൂർ പഞ്ചായത്ത് ഭൂമിസംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഏക്കർ)
പുരയിടം	4964.60
നിലം	866.69
പുറമ്പോക്ക്	359.60
ആകെ	6190.89

പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഏക്കർ)
റോഡുകൾ	75.26
തോടുകൾ	119.59
കുളം	25.14
പുഴ	23.78
റവന്യൂ	115.45
മൊത്തം	359.22

കാലാവസ്ഥ — പട്ടിക നമ്പർ 7

പ്രതിമാസ ചൂട് — ഡിഗ്രി സെൽഷ്യസ്

	ജാനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ
MAx.	32.1	33.2	33.5	33.6	33.4	30.00
Min.	21.6	23.2	24.5	26.1	24.5	24.0

	ജൂലായ്	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
Max:	29.5	30.00	31.6	31.00	30.3	32.6
Min.	22.7	23.5	23.7	23.7	23.4	23.3

പട്ടിക നമ്പർ 6

മഴ — മി.മീ. കണക്ക്

ജാനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ	വർഷം
22	19	45	120	225	377	279	157	170	280	182	67	1943

വർഷംതോറുമുള്ള മഴയുടെ കണക്ക് — 1975-76 To 1992-93

Normal annual rain	75-76	76-77	77-78	78-79	79-80	80-81	81-82	82-83	83-84
1943	1534	1524	1965	2120	1431	1486	1144	557	1080
Normal annual rain	84-85	85-86	87-88	88-89	89-90	90-91	91-92	92-93	
1943	1058	873	1193	2275	1687	1561	2175	1889	2200

ശരാശരി 1993-ലെ പ്രതിമാസ മഴയുടെ കണക്ക്

ജാനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ	
0	5.9	27.3	113.8	190.6	416.9	
ജൂലായ്	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ	ആനുവൽ ആവറേജ്
330.2	61.2	55.8	324.0	466.2	103.8	174.6

തെക്കുപടിഞ്ഞാറൻ മൺസൂൺ മഴനിരക്ക്


Normal annual rain	1976	1977	1978	1979	1980	1981	1982	1983	1984
813	352	510	737	1053	662	638	198	323	385
Normal Annual rain	1985	1986	1987	1988	1989	1990	1991	1992	1993
813	449	530	578	859	740	518	1334	1109	808

വടക്കു കിഴക്കൻ മൺസൂൺ

Normal annual rain	1976	1977	1978	1979	1980	1981	1982	1983	1984
632	422	836	789	559	375	577	203	224	286
Normal Annual rain	1985	1986	1987	1988	1989	1990	1991	1992	1993
632	274	393	776	570	636	601	444	978	846

LAND USE / LAND COVER MAP

THIRUVANANTHAPURAM DIST.



LAND USE / LAND COVER MAP

SCALE 1: 250,000

km 5 0 5 10 15 20 km

LEGEND*

BUILT-UP LAND	Built-up land	
AGRICULTURAL LAND	Crop land	
	Kharif	
	Rabi	
	Double crop (Kharif + Rabi)	
	Fallow	
	Plantation	
FOREST	Evergreen / Semi evergreen forest	
	Deciduous forest	
	Degraded forest / Scrub land	
	Forest plantation	
WASTE LAND	Land with or without scrub	
	Water logged land	
	Sandy area (coastal & desertic)	
	Barren rocky / Stony waste / Sheet rock area	
WATER BODIES	River / Stream	
	Lake / Reservoir / Tank / Canal	
OTHERS	Grass land / Grazing land	

REFERENCE


BOUNDARY : International, State, District


ROAD : Major, Others, RAILWAY


SETTLEMENT : State HQ, Dist. HQ, Other towns

FOREST BOUNDARY


* Common for all districts.







KERALA STATE LAND USE BOARD
THIRUVANANTHAPURAM


SOILS
THIRUVANANTHAPURAM DIST. KERALA
N
SCALE
5 0 5 10 15 20 Km
KOLLAM
To Kollam
To Kottayam
To Shencottah
CHERAYINKEEZHU TALUK
Attingal
Varkala
Nedumangad
Broamore
Ponmudi
Poied
Bonacaud
TAMILNADU
Agasthyamalai
Neyyar Reservoir
Parunthalam
THIRUVANANTHAPURAM
NEYYATTINKARA TALUK
Kovalam
Puvar
To Kanniyakumari
LOCATION MAP
THIRUVANANTHAPURAM TALUK
REFERENCE
STATE BOUNDARY
DISTRICT BOUNDARY
TALUK BOUNDARY
VILLAGE BOUNDARY
ROAD
RAILWAY
DISTRICT HEADQUARTERS
TOWNS
RIVER/STREAM
SOIL UNIT WITH SYMBOL
TANK/RESERVOIR
SOURCE:— NBSS & LUP, BANGALORE,
SOIL SURVEY ORGANISATION, KERALA
Processed by
KERALA STATE LAND USE BOARD

THIRUVANANTHAPURAM DISTRICT

Legend for the Soil Map

Sl. No.	Map symbol	Depth	Texture	Slope	Drainage
1	K02	vd	s	vg	e
2	K05	vd	c	vg	i
3	K07	vd	gc	g	w
4	K09	vd	gc	ms	w
5	K12	vd	gc	g	w
6	K31	vd	gl	s	w
7	K32	d	l	g	w
8	K35	d	gc	m	w
9	K36	vd	c	ms	w
10	K38	vd	c	ms	w

Depth

d - deep
vd - very deep

Slope

g - gentle
vg - very gentle
m - moderate
s - steep
ms - moderately steep

Texture

s - sandy
gc - gravelly clay
c - clay
l - loam
gl - gravelly loam

Drainage

w - well
e - excessive
i - imperfectly

List of villages represented in the soil map by numbers

CHIRAYINKIL TALUK

1. Idava
2. Airur
3. Varkala
4. Chemmaruthy
5. Navaikulam
6. Paliikkal
7. Madavur
8. Vellalur
9. Kilimanur
10. Pazhayakunnummel
11. Pulimathu
12. Koduvazhannur
13. Nagaroor
14. Karavaram
15. Ottur
16. Vettur Cherunniyur
17. Kadakavur
18. Manambur
19. Kizhattingal
20. Alamcode
21. Avanavanchery
22. Ilampa
23. Mudakkal
24. Edacode
25. Attingal
26. Kizhavallam Kunthalur
27. Sarkara Chirayinkil
28. Azhur

THIRUV[illegible]ANTHAPURAM TALUK

1.
2. [illegible]nakkal
3. Kizhthonnakkal
4. Andoorkonam
5. Pallipuram
6. Kadinamkulam
7. Menamkolam Kazhakuttam
8. Ayirupara
9. Uliyazhathara
10. Pangapara
11. Attipra
12. Cheruvikkal
13. Ullor
14. Chettivilagom
15. Rendamada
16. Achamada
17. Madathuvilagom
18. Kadagampally
19. Palkulangara
20. Vanchiyur
21. Chengazhacherry
22. Aramada
23. Nemom
24. Iranimuttam
25. Muttathara
26. Thiruvallam.

NEDUMANGAD TALUK


1. Nallanad
2. Vamanapuram
3. Kallara
4. Pullampara
5. Manickal
6. Vembayam
7. Karakulam
8. Nedumangad
9. Anad
10. Panavur
11. Palode
12. Pernngamala
13. Vithura
14. Tholikod
15. Uzhamalakkal
16. Vellanad
17. Perumkulam
18. Ariyanad
19. Mannurkara
20. Veeranakavu

NEYYATTINKARA TALUK


1. Kottukal
2. Karumkulam
3. Athiyannur
4. Thirupuram
5. Kulathur
6. Chenkal
7. Parassala
8. Kollayil
9. Neyyattinkara
10. Maranallur
11. Marukil
12. Pallichal
13. Vilappil
14. Kulathummel
15. Ottasekharamangalam
16. Kaliikkad
17. Vellarada
18. Kizharoor
19. Perunkadavila
20. Kunnathukal

Note: [illegible]additional village formed by reorganisation in each district is furnished in Page No. 128 AC to 128 AF

HYDROGEOLOGICAL MAP OF KERALA



മൃഗസംരക്ഷണം



കാർഷികരംഗത്തിന് വളരെ പ്രാധാന്യമുള്ള ഒരു ഗ്രാമമായതിനാൽ പ്രാചീനകാലംമുതൽ തന്നെ ഇവിടെ മൃഗങ്ങളെ വളർത്തിയിരുന്നു. പശുവളർത്തുന്നതിനെക്കാൾ അക്കാലത്ത് കൂടുതലായി ഉഴവുമാടുകളെയാണ് വളർത്തിയിരുന്നത്. പശു, ആട്, എരുമ മുതലായവയെയും വർദ്ധിച്ച തോതിലല്ലെങ്കിലും വളർത്തിയിരുന്നു. ക്ഷീരോല്പാദനം വ്യാവസായിക ആവശ്യത്തിനല്ല നടത്തിയിരുന്നത്. വിപണന സൗകര്യം തീരെ ഉണ്ടായിരുന്നില്ല. 1956-ൽ ധർമ്മം വീട്ടിൽ ശ്രീ.എം.വോലായുധൻനായരുടെ നേതൃത്വത്തിൽ മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘം ആരംഭിച്ചു. അതോടെ വ്യാവസായിക അടിസ്ഥാനത്തില ക്ഷീരോല്പാദനവും തുടങ്ങി. 1960-ൽ ഈ പഞ്ചായത്തിലെ റസ്സൽപുരം എന്ന സ്ഥലത്ത് മറ്റൊരു ക്ഷീരസഹകരണസംഘം കൂടി ആരംഭിച്ചു. ഈ രണ്ടു സഹകരണസംഘങ്ങളും ഈ ഗ്രാമത്തിലാകെ ക്ഷീരവ്യവസായ രംഗത്തേക്ക് കർഷകരെ അടുപ്പിച്ചു. വളരെ വർഷങ്ങൾക്കുശേഷം വെള്ളൂർക്കോണം കേന്ദ്രമായി ആനന്ദ് മാതൃകയിലുള്ള ഒരു ക്ഷീരസഹകരണസംഘം ശ്രീ.ഭാസ്കരൻനായർ അവർകളുടെ നേതൃത്വത്തിൽ ആരംഭിച്ചു. ഇപ്പോൾ മൊത്തം മൂന്നു ക്ഷീരസഹകരണസംഘങ്ങൾ ഈ ഗ്രാമത്തിൽ പ്രവർത്തിച്ചുവരുന്നു.

എഴുപതുകളുടെ ആദ്യം മാറനല്ലൂർ മൃഗാശുപത്രി സ്ഥാപിച്ചതോടുകൂടി ക്ഷീരകർഷകർക്കു വലിയൊരു ആശ്വാസമായി മുമ്പ് പശുക്കളെ ചികിത്സക്കും ബീജസങ്കലനത്തിനും മറ്റും മലയിൻകീഴിലോ കാട്ടാക്കടയിലോ ഉള്ള മൃഗാശുപത്രികളിൽ കൊണ്ടു പോകണമായിരുന്നു. ഈ ഗ്രാമത്തിൽതന്നെ മൃഗാശുപത്രി ആരംഭിച്ചതോടെ പശുവളർത്തൽ വളരെയധികം വ്യാപകമായി. പാൽവിപണനം ചെയ്യുന്നതിന് മൂന്ന് ക്ഷീരസഹകരണസംഘങ്ങൾ ഉണ്ടാവുകയും പശുക്കളെ ചികിത്സിക്കുന്നതിനും മറ്റും മൃഗാശുപത്രി ഈ ഗ്രാമത്തിൽ നിലവിൽ വരുകയും ചെയ്തതോടുകൂടി പശുവളർത്തൽ വളരെയധികം വർദ്ധിച്ചു. കേവലം ആറ് വാർഡുകൾമാത്രം പ്രവർത്തനപരിധിയുള്ള മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘത്തിലാണ് ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ സംഭരിക്കപ്പെടുന്നത്. സംസ്ഥാനത്തുതന്നെ പ്രവർത്തനപരിധി കണക്കിലെടുത്ത് ക്ഷീരോല്പാദനം കണക്കാക്കിയാൽ ഈ സഹകരണസംഘം ഒന്നാംസ്ഥാനത്താണ്.

കൃത്രിമ ബീജസങ്കലനം വഴി സങ്കരയിനം പശുക്കളെ സൃഷ്ടിക്കുന്ന തരത്തിലുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചതിന്റെ ഫലമായി ഈ ഗ്രാമത്തിൽ നിന്നും നാടൻ പശുക്കൾ അപ്രത്യക്ഷമായി. മുമ്പുള്ളതിനെക്കാൾ പശുക്കളുടെ ശരാശരി ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെങ്കിലും അത്യുല്പാദനശേഷിയുള്ള പശുക്കൾ ഇനിയും ഈ ഗ്രാമത്തിൽ എത്തിയിട്ടില്ല. 20-22 ലിറ്റർ പാൽ കിട്ടുന്ന പശുക്കൾ വളരെ കുറവാണ്. അവയുടെ തന്നെ ശരാശരി ഉല്പാദനം 10 ലിറ്ററിനും താഴെയാണ്. ഇതിന്റെ രണ്ടിരട്ടിയോ മൂന്നിരട്ടിയോ ഉൽപാദനശേഷിയുള്ള പശുക്കളെ ഉണ്ടാക്കുന്നതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു.

ഈ ഗ്രാമത്തിലെ മൂന്നു സഹകരണസംഘങ്ങളിൽ പ്രതിദിനം ശരാശരി 8400 ലിറ്റർ പാൽ നൽകുന്നു. സംഘം സംഭരിക്കുന്നതിന്റെ 25% ത്തോളം പാൽ കർഷകർ തന്നെ മറ്റുതരത്തിൽ വിറ്റഴിക്കുകയും ഗാർഹികാവശ്യങ്ങൾക്കു ഉപയോഗിക്കുകയും ചെയ്യുന്നു.

ക്ഷീരോല്പാദനത്തിനായി പശുക്കളെയാണ് ഇവിടെ കൂടുതലായി വളർത്തുന്നത്. രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് ആടുവളർത്തലാണ്. എരുമ വളർത്തൽ വളരെ കുറവാണ്.

ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി ക്ഷീരോല്പാദനത്തിന് വളരെ അനുകൂലമാണ്. നെയ്യാർനദിയുടെ സാമീപ്യവും മാറനല്ലൂർ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടെ കടന്നുപോകുന്ന നെയ്യാർ വലതുകരതോടും പഞ്ചായത്തിന്റെ പലഭാഗങ്ങളിലുള്ള തോടുകളും കുളങ്ങളും ക്ഷീരോല്പാദനത്തിന് അനുകൂല സാഹചര്യം തന്നെയാണ്.

കാർഷികരംഗത്ത് തകർച്ച നേരിടുകയും കൃഷിഭൂമി തുണ്ടുതുണ്ടുകളായി മാറുകയും ചെയ്തു. ജനസംഖ്യ വർദ്ധിച്ചപ്പോൾ കൂടുതൽ കുടുംബങ്ങൾ ഉണ്ടാവുകയും വീടുകൾ വെയ്ക്കുന്നതിന് കൃഷിഭൂമിയുടെ നല്ലൊരു ശതമാനം

മാറ്റിവെക്കപ്പെടേണ്ടതായും വന്നു. ഇതുമൂലം കൃഷി കുറയുകയും ചെറുകിട കർഷകർ ദരിദ്രരായി മാറുകയും ചെയ്തു. കാർഷികരംഗത്ത് പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികളും പണിയില്ലാത്തവരായി. ഇവർക്കൊക്കെ തൊഴിൽ നൽകത്തക്ക വ്യവസായ സംരംഭങ്ങളും ഒരിടത്തും ഉണ്ടായെന്നു വരില്ല. ഈ സാഹചര്യത്തിലാണ് പശുവളർത്തൽ സ്വീകരിക്കാൻ ദരിദ്രകർഷകരും കർഷകതൊഴിലാളികളും തയ്യാറായത്. പശുവളർത്തുന്നതിന് കൂടുതൽ സ്ഥലം ആവശ്യമില്ല. ഒരു പശുവാങ്ങി അതിനെ സംരക്ഷിക്കാൻ ചെറിയ വരുമാനം അതിൽനിന്നും ഉണ്ടാകും. ഇതും ഒരു അനുകൂല ഘടകമാണ്.

പശുവളർത്തൽപോലെ വ്യാപകമായിട്ടല്ലെങ്കിലും ആടുവളർത്തലും ഈ ഗ്രാമത്തിൽ വളരെയധികമുണ്ട്. സ്ത്രീകൾക്ക് സംരക്ഷിക്കാൻ സാധിക്കുന്ന മൃഗം എന്നുള്ളതാണ് ആടുവളർത്തൽ വ്യാപകമാകാൻ കാരണം. മാംസത്തിനുവേണ്ടിയും ആടിനെ വളർത്തുന്നുണ്ട്. എരുമവളർത്തൽ വളരെ അപൂർവ്വമാണ്. ക്ഷീരോല്പാദനം കൂടിയ എരുമകളും ആടുകളും ഈ രംഗത്ത് ഇനിയും എത്തിച്ചേർന്നിട്ടില്ല.

കോഴിവളർത്തൽ മിക്ക വീടുകളിലും ഉണ്ടെങ്കിലും ശാസ്ത്രീയ സങ്കേതങ്ങൾ ഉപയോഗിച്ച് വിപുലമായി കോഴി വളർത്തുന്ന ഫാമുകൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ക്ഷീരകർഷകരെ സഹായിക്കുവാൻ ക്ഷീരസഹകരണസംഘങ്ങൾ ഉള്ളതുപോലെ ഈ പഞ്ചായത്തിൽ കോഴിമുട്ട സംഭരിക്കുന്നതിനോ ഇറച്ചിക്കോഴികളെ വളർത്തുന്നതിനോ ഉള്ള സഹകരണസംഘങ്ങൾ തന്നെയില്ല. അത്തരം സംരംഭങ്ങളുണ്ടായാൽ കൂടുതൽ ആളുകൾക്ക് ഈ രംഗങ്ങളിൽ ഇടപെടുന്നതിനും അവരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സഹായകരമാകും.

ഈ പഞ്ചായത്തിന്റെ ഒരുഭാഗത്ത് ഒരു പന്നിവളർത്തൽ കേന്ദ്രമുണ്ട്. വളരെ വിപുലമായി അവിടെ പന്നികളെ വളർത്തുന്നുണ്ട്. എങ്കിലും പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലെ ആരുംതന്നെ ഇതിനു സന്നദ്ധരായ ആളുകളെ കണ്ടെത്തുന്നതിനോ ഈ രംഗത്തേക്ക് വരാൻ പ്രോൽസാഹിപ്പിക്കുന്നതിനോ മുതിരുന്നില്ല.

ഈ ഗ്രാമത്തിൽ ഒരു കാലിത്തീറ്റനിർമ്മാണ ഫാക്ടറി ഉണ്ട്. മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ കീഴിലുള്ളതാണ് ഈ ഫാക്ടറി. ഈ ജില്ലകളുടെ പലഭാഗത്തേക്കും ഈ ഫാക്ടറിയിൽ നിന്നുള്ള കാലിത്തീറ്റ എത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിന്റെ മിക്കഭാഗത്തും ഈ സഹകരണസംഘത്തിന്റെ കാലിത്തീറ്റ എത്തുന്നുണ്ട്. എങ്കിലും മറ്റു കമ്പനികളുടെ കാലിതീറ്റകളും സജീവമായിതന്നെ ഈ രംഗത്ത് നിലനിൽക്കുന്നു.

കാലിത്തീറ്റ ഫാക്ടറി തുടങ്ങാൻ ഏഴരലക്ഷം രൂപയും ചെറുകിട വ്യവസായ യൂണിറ്റായതുകൊണ്ട് ഒന്നരലക്ഷം രൂപയും സബ്സിഡികളായി ഈ സഹകരണസംഘത്തിന് ലഭിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ തുക കാലിത്തീറ്റ ഫാക്ടറിയുടെ പ്രവർത്തനത്തിനായി നൽകേണ്ടതായുണ്ട്. ക്ഷീരസഹകരണസംഘങ്ങളോടനുബന്ധിച്ച് ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഈ പഞ്ചായത്തിലെ ക്ഷീരസഹകരണസംഘങ്ങൾക്ക് നാല് ലക്ഷത്തിലധികംരൂപ സർക്കാർ സഹായധനമായി നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ ക്ഷീരോല്പാദനം കണക്കാക്കിയാൽ ഈ സഹായധനങ്ങൾ പര്യാപ്തമല്ല. തിരുവനന്തപുരം ജില്ലയിൽതന്നെ ഏറ്റവും കൂടുതൽ പശുക്കളെ വളരത്തുന്നത് ഈ പഞ്ചായത്തിലാണെന്ന വിവരം പ്രത്യേകം പ്രസ്താവ്യമാണ്. ക്ഷീരവികസനരംഗത്ത് നൽകിയതുപോലുള്ള സഹായധനങ്ങൾ ഇറച്ചി, മുട്ടക്കോഴി വളർത്തലുകാർക്കും ആടുവളർത്തലുകാർക്കും പന്നി വളർത്തലുകാർക്കും ലഭ്യമാക്കണം. കോഴിത്തീറ്റക്ക് അമിതമായ വിലയാണ്. കോഴിത്തീറ്റ ഉല്പാദിപ്പിക്കുന്ന യൂണിറ്റും ഈ പഞ്ചായത്തിലല്ല. കോഴിക്കുഞ്ഞുങ്ങളെയും മിതമായ വിലക്ക് നൽകുന്ന സ്ഥാപനങ്ങളും ഇവിടെയുണ്ട്.

പ്രശ്നങ്ങൾ

ക്ഷീരഉൽപാദനരംഗത്തെ കർഷകർ ധാരാളം വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്നു. കൃഷിഭൂമി തുണ്ടുതുണ്ടായതോടുകൂടി പച്ചപ്പുല്ല് കിട്ടാനുള്ള സാധ്യത നഷ്ടമായി. പുൽകൃഷി ചെയ്യുന്നതിന് നീക്കിവെയ്ക്കാൻ സ്ഥലങ്ങളും ഇല്ലാതായി. നെൽകൃഷി അപ്രത്യക്ഷമായതോടെ വയ്ക്കോലിനും ക്ഷാമമായി. തമിഴ്നാട്ടിൽ നിന്നുവരുന്ന വയ്ക്കോൽ മാത്രമായി ഏക ആശ്രയം. വയ്ക്കോലിന്റെ വിലയും അമിതമായി വർദ്ധിച്ചു. കാലിത്തീറ്റ, പിണ്ണാക്കുകൾ എന്നിവയ്ക്ക് തീപിടിച്ച വിലയായി. ഉൽപാദന ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ പാലിന് ന്യായമായ വില ലഭിക്കുന്നില്ല. പാൽ വിപണനരംഗത്ത് ഇടനിലക്കാരായി പ്രവർത്തിച്ചുവരുന്ന ക്ഷീരസഹകരണസംഘങ്ങളും മിൽമയും എടുക്കുന്ന മാർഗ്ഗംകൂടി കണക്കാക്കുമ്പോൾ ക്ഷീരോല്പാദകന് അവൻ നൽകുന്ന പാലിന്റെ വിലയുടെ നല്ലൊരുഭാഗം ഇപ്രകാരം നഷ്ടമാവുന്നു. നല്ല പശുക്കൾ വാങ്ങുന്നതിന് മതിയായ വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ ലഭ്യവുമല്ല. ഈ രംഗത്തെ പരിപോഷിപ്പിക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ക്ഷീരകർഷകർക്ക് അജ്ഞാതവുമാണ്. സങ്കരയിനം പശുക്കൾ വ്യാപകമായതോടുകൂടി കാലിരോഗങ്ങളും സർവ്വസാധാരണമായി മാരകമായ രോഗങ്ങൾ പിടിപെട്ട് പശുക്കൾ ചത്തുപോകുന്നതിന് ദരിദ്രകർഷകരെ സംബ

ന്ധിച്ചിടത്തോളവും കർഷകതൊഴിലാളികളെ സംബന്ധിച്ചിടത്തോളവും താങ്ങാവുന്നതിനും അപ്പുറമാണ്. അത്തരം കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറകൾ തകരുന്നതിനും അവർ കടക്കെണിയിൽപ്പെടുന്നതിനും ഇടയാകുന്നു. ശരിയായ ഇൻഷ്വറൻസ് പരിരക്ഷ പല കാരണങ്ങളാൽ ഇവർക്ക് ലഭ്യമാകുന്നില്ല.

ആടുവളർത്തലിന് അനുഭവപ്പെടുന്ന പ്രധാന വെല്ലുവിളി അതിന്റെ ഭക്ഷണത്തിനാവശ്യമായ പുൽച്ചെടികൾ നഷ്ടമായതാണ്. ആട്ടിൻപാലുല്പാദകരായ കർഷകരുടെ സഹകരണസംഘങ്ങൾ ഇല്ലാത്തതും ഉൽപ്പാദനക്ഷമത കൂടിയ ആടുകളുടെ ലഭ്യതയില്ലായ്മയും ഗുരുതരങ്ങളായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മതിയായ പദ്ധതികൾ ഇല്ല. രോഗബാധമൂലം കോഴികൾ കൂട്ടത്തോടെ ചത്തുപോകുന്നു. ഇൻഷ്വറൻസ് ഈ രംഗത്ത് ശരിയാംവണ്ണം ലഭിക്കുന്നില്ല. കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റയും ന്യായമായ വിലയ്ക്ക് ലഭ്യമാകുന്നില്ല. മതിയായ വായ്പയും ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്നില്ല.

മാംസ ഉൽപാദനവിപണന രീതികൾ ശാസ്ത്രീയമായി സംവിധാനം ചെയ്യാത്തതുകൊണ്ടും ധാരാളം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ട്. പാൽ, കോഴി, മുട്ട, മാംസം എന്നിവ വിപണനം നടത്തുന്നതിനുള്ള കേന്ദ്രങ്ങൾ വളരെ അകലെയാണ് എന്നുള്ളതും ഈ രംഗം നേരിടുന്ന ഒരു പ്രധാനപ്രശ്നം തന്നെയാണ്. അവശ്യം വേണ്ടുന്ന മരുന്നുകളുടെ ദൗർലഭ്യം, ലബോറട്ടറി സൗകര്യമില്ലായ്മ എല്ലാ വാർഡുകളിലും ബീജധാനമില്ലായ്മ എന്നിവ മൃഗചികിത്സാ പദ്ധതിയുടെ അപര്യാപ്തത തന്നെയാണ്.

നിലവിലുള്ള പദ്ധതികൾ, പോരായ്മകൾ, വരുത്തേണ്ട മാറ്റങ്ങൾ.

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി:

ഈ പദ്ധതി ഗ്രാമത്തിലെ ക്ഷീരസഹകരണസംഘങ്ങൾ വഴി നടപ്പിലാക്കിവ...ുന്നു. വളരെ നിസാരമെണ്ണം കന്നുകുട്ടികളെ മാത്രമെ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. പശുവളർത്തൽ വളരെ കൂടുതലായ ഈ ഗ്രാമത്തിൽ അർഹതയുള്ള എല്ലാ കർഷകർക്കും ഈ പ്രയോജനം ലഭിക്കുന്നില്ല. ഉയർന്ന ജനിതകഗുണമുള്ള പശുക്കുട്ടികൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റ, ആരോഗ്യപരിപാലനം, ഇൻഷുറൻസ് പരിരക്ഷ എന്നിവ നൽകി ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിൽ പഞ്ചായത്ത് എല്ലാ സങ്കരയിനത്തിൽപ്പെട്ട പശുക്കുട്ടികളെയും ഉൾപ്പെടുത്തുകയും കൂടാതെ എരുമകുട്ടികളെയും ഈ പദ്ധതിയിൽ കൊണ്ടുവരികയും വേണം.

2. കാലിരോഗ നിയന്ത്രണ പദ്ധതി:

കന്നുകാലികൾക്കും, കോഴികൾക്കും കാലാകാലങ്ങളിൽ ഉണ്ടാകാവുന്ന പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധകുത്തിവയ്പുകളാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകർക്കും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഒന്നോ രണ്ടോ ദിവസംകൊണ്ട് ഒരു ഗ്രാമത്തിലെ കുത്തിവെയ്പ് നടത്തുന്നരീതി മാറ്റി എപ്പോഴും ആശുപത്രികളിൽ ഇതിനുള്ള മരുന്നു ലഭ്യമാക്കുകയും മറ്റു സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും വേണം.

3. ഊർജിത പന്നിവളർത്തൽ:

പന്നിക്കുഞ്ഞുങ്ങൾ ദുർലഭമാണെന്നുള്ളതാണ് പ്രധാന പ്രശ്നം. ഇന്ന് സർക്കാർ ഫാമുകളിൽ നിന്നും മാത്രമെ ഇവ ലഭിക്കുന്നുള്ളൂ. സഹകാരിമേഖലകളിൽ നിന്നുകൂടി ഉയർന്ന ജനുസിൽപ്പെട്ട പന്നിക്കുട്ടികളെ ലഭ്യമാകണം. പ്രാദേശിക ജീവിതരീതികൾക്കനുസൃതമായും പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കണം.

2. ആടുവളർത്തൽ പദ്ധതി:

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. പച്ചിലതീറ്റകളും കിട്ടാനില്ല. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുകയും സാമൂഹ്യ വനവൽക്കരണപദ്ധതി മുഖേന ഇതിനുവേണ്ട പച്ചിലതീറ്റ പ്രചരിപ്പിക്കുകയും ഉൽപ്പാദിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും വേണം.

5. ഇറച്ചിക്കോഴിവളർത്തൽ പദ്ധതി:

തികച്ചും അസംഘടിതമാണ് ഈ മേഖല. തീറ്റയ്ക്കും കോഴിക്കുഞ്ഞുങ്ങൾക്കും അമിതമായ വിലയാണ്. ഇടത്തട്ടുകാർ കോഴിവളർത്തുകാരെ ചൂഷണം ചെയ്യുന്നു. നല്ലയിനം കോഴിക്കുഞ്ഞുങ്ങളും തീറ്റയും പഞ്ചായത്തുതലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കി കോഴി വിപണനസംഘങ്ങൾ ആരംഭിക്കണം. ഈ പദ്ധതിക്ക് ആവശ്യമായ വായ്പാ പദ്ധതികൾ ഏർപ്പെടുത്തുകയും വേണം.

6. അടുക്കളമുറ്റത്തെ കോഴിവളർത്തൽ:

എല്ലാവർക്കും ഈ പദ്ധതിയുടെ പ്രയോജനം ഉണ്ടാകുന്നില്ല. 2 മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ശാസ്ത്രീയമായി പകുതി സഹായനിരക്കിൽ ആവശ്യാനുസരണം ലഭ്യമാക്കണം.

7. ബീജസങ്കലന സൗകര്യങ്ങൾ:

ഈ ഗ്രാമപഞ്ചായത്തിൽ രണ്ടു കേന്ദ്രങ്ങളിലാണ് ഈ സൗകര്യം നിലവിലുള്ളത്. അഞ്ഞൂറ് പശുക്കൾക്ക് ഒന്ന് എന്ന അനുപാതത്തിൽ കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ സ്ഥാപിക്കണം.

8. മുയൽ ഉൽപ്പാദനപദ്ധതി:

മാംസം ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി മുയൽവളർത്തൽ വ്യാപകമാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ മേഖലകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

9. എഗ്ഗർ നേഴ്സറി:

നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഒരുദിവസം മാത്രം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസംവരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

10. പേവിഷനിയന്ത്രണ പദ്ധതി:

വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവയ്പ് ഇപ്പോൾ നിർബന്ധമാണ്. പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കളെയും നിർബന്ധപ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുകയും ലൈസൻസിംഗ്പദ്ധതി നടപ്പിലാക്കുകയും വേണം. ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെയും നശിപ്പിക്കുകയും നശിപ്പിക്കുന്നതിനുള്ള പരിശീലനകേന്ദ്രം ബ്ലോക്കുതലത്തിൽ നൽകുകയും വേണം.

സാധ്യതകൾ, പരിഹാര നിർദ്ദേശങ്ങൾ:

★ പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണ അടിസ്ഥാനത്തിൽ തീറ്റനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ഇത് സഹായിക്കും.

★ പഞ്ചായത്ത് പുറംപോക്ക് സ്ഥലങ്ങളും കനാലിന്റെ ഇരുകരകളും തീറ്റപ്പുൽകൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്. കുളങ്ങളുടെ കരകൾ കനാലിന്റെ ഇരുകരകൾ ആറിന്റെ കരയിലുള്ള പുറംപോക്ക് സ്ഥലങ്ങൾ എന്നിവ ശരിയായി തിട്ടപ്പെടുത്തിയാൽ എത്ര ഏക്കർ സ്ഥലം ഈ പദ്ധതികൾക്ക് ഉപയോഗിക്കാൻ കഴിയും എന്ന് കണക്കാക്കാവുന്നതാണ്.

★ പാൽവിപണന സ്ഥാപനങ്ങൾ കർഷകന് വ്യാപകമായ രീതിയിൽ പുന:രാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.

★ ക്ഷീരസഹകരണസംഘങ്ങളും ധനകാര്യസ്ഥാപനങ്ങളും കർഷകരും ചേർന്ന് കൂട്ടു ഉത്തരവാദിത്വത്തോടുകൂടിയുള്ള വായ്പാ സംവിധാനം ഉണ്ടാക്കണം.

★ ആശുപത്രികളിൽ ആവശ്യം വേണ്ടുന്ന മരുന്നുകൾ ലഭ്യമാക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

★ പഞ്ചായത്തുതലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കണം.

★ വർഗോദ്ധാരണശേഷിയുള്ള 500 പശുക്കൾക്ക് ഒരു കൃത്രിമ ബീജസങ്കലനകേന്ദ്രം എന്ന കണക്കിന് ആരംഭിക്കണം.

★ ആധുനികരീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ഥാപിക്കുകയും ശുദ്ധമായ മാംസവിപണനം ഉറപ്പാക്കുകയും ചെയ്യണം.

★ വനിതകളുടെ ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുകയും ആട്ടിൻപാൽ ശേഖരിച്ച് പ്രാദേശികമായി ഗാർഹികാവശ്യങ്ങൾക്ക് വിപണനം ചെയ്യുവാൻ സൗകര്യം ഉണ്ടാകണം.

★ ആട്, കോഴി, കാള എന്നിവയുടെ മാംസം വിപണനം ചെയ്യുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു സ്ഥാപനം രജിസ്റ്റർ ചെയ്യണം.

★ മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിച്ച് മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം.

★ ചികിത്സാരംഗം രജിസ്ട്രേഷൻ ഉള്ളവർക്കുമാത്രമായി നിജപ്പെടുത്തണം. മൃഗാശുപത്രി വികസനത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുകയും മുഴുവൻ സമയവും പ്രവർത്തിക്കുന്ന രീതിയിൽ പുന:സംവിധാനം ചെയ്യുകയും വേണം.

★ സമഗ്രമായ പേവിഷനിയന്ത്രണ സംവിധാനം ഏർപ്പെടുത്തണം.

★ ഗോബർഗ്യാസ് പ്ലാന്റുകൾ കൂടുതൽ സ്ഥാപിക്കുക. വഴി ഗാർഹിക ഇന്ധനാവശ്യത്തിനുവേണ്ടിയുള്ള മരംമുറിപ്പ് ഒരുപരിധിവരെ ഒഴിവാക്കണം.

★ റസ്സൽപുരം ക്ഷീരസഹകരണസംഘത്തിൽ ബീജസങ്കലന കേന്ദ്രം ഉണ്ടാകേണ്ടതാണ്.

★ ഊരുട്ടമ്പലം മാർക്കറ്റിനുള്ളിൽ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കേണ്ടതാണ്.

★ മേലാരിയോട്, റസ്സൽപുരം, കൊറ്റംപള്ളി, ഊരുട്ടമ്പലം, ചീനിവിള അരുവിക്കര, പ്ലാവിള, കണ്ടല, മണ്ണടി

ക്കോണം, കരിങ്ങൽ, പോങ്ങുംമൂട് എന്നിവിടങ്ങളിൽ ഐ.ആർ.ഡി.പി.

★ മൃഗാശുപത്രിക്ക് വേണ്ട മരുന്ന് സിവിൽസപ്ലൈസ് വഴി ലഭ്യമാക്കുന്നതിനുള്ള മെഡിക്കൽ സ്റ്റോർ സ്ഥാപിക്കണം.

★ മൂന്നു പശുക്കൾ അടങ്ങുന്ന ഒരു യൂണിറ്റ് ബാങ്ക് വായ്പയുടെയും സബ്സിഡിയുടെയും സഹായമുണ്ടെങ്കിൽ ആദായകരമായ രീതിയിൽ ഈ യൂണിറ്റ് മുന്നോട്ടു കൊണ്ടു പോകുവാൻ കഴിയുന്നതാണ്.

★ നാലുമാസം മുതൽ 32 മാസംവരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾക്ക് (എരുമക്കുട്ടികൾക്ക്) രണ്ടുമുതൽ 42 മാസംവരെ) സൗജന്യനിരക്കിൽ കാലിത്തീറ്റ, മരുന്ന്, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകി നടപ്പിലാക്കേണ്ടതാണ്.

★ 60 ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വീട്ടമ്മമാർക്ക് നൽകി വീട്ടാവശ്യത്തിനുള്ള മുട്ട ലഭിക്കുന്നതിനുവേണ്ടി ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

★ ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാകുന്നതിനുവേണ്ടി ഒരുദിവസം പ്രായമുള്ള 500 കുഞ്ഞുങ്ങൾ അടങ്ങുന്ന യൂണിറ്റുകൾവീതം 60 ദിവസംവരെ ശാസ്ത്രീയമായി വളർത്തി വിൽക്കുന്നതിനുള്ള പദ്ധതി നടപ്പിൽ വരുത്തേണ്ടതാണ്.

★ കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തുന്നതിൽ താല്പര്യവും ജനിപ്പിക്കുന്നതിനുവേണ്ടി 2 മാസം പ്രായമുള്ള 3 കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി കുട്ടികൾക്ക് നൽകുന്ന പദ്ധതി സ്കൂളുകൾ മുഖേന നടപ്പിൽ വരുത്തേണ്ടതാണ്.

★ സാമ്പത്തികശേഷിയുള്ള തൊഴിൽരഹിതർക്ക് മുട്ട ഉൽപ്പാദനം സഹകരണസംഘങ്ങൾ സ്ഥാപിച്ച് മുട്ടക്കോഴി വളർത്തൽ പദ്ധതി നടപ്പിൽ വരുത്തണം.

★ സർക്കാർ ഫാമുകളിൽ നിന്നോ സ്വകാര്യമേഖലയിൽ നിന്നോ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ വാങ്ങി ഇറച്ചി ആവശ്യത്തിനുവേണ്ടിയുള്ള ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ബാങ്കുവായ്പയും മറ്റു സാമ്പത്തിക ആനുകൂല്യങ്ങളും നൽകി ഈ പദ്ധതി നടപ്പിൽ വരുത്തേണ്ടതാണ്. വനിതകൾക്ക് ഈ പദ്ധതി നടപ്പിൽവരുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

★ ഇറച്ചി ആവശ്യത്തിനുവേണ്ടിയുള്ള വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും മാംസ സംസ്കരണ വിപണന സംഘങ്ങൾ സ്ഥാപിച്ച് ഈ പദ്ധതി വിപുലപ്പെടുത്തേണ്ടതാണ്.

★ പന്നിയിറച്ചിയുടെ ഉൽപ്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായരീതിയിൽ മേഖലാടിസ്ഥാനത്തിലുള്ള സാദ്ധ്യതകളും മതപരമായ പരിഗണനകളും കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിൽ വരുത്തണം.

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് — പേവിഷബാധ - പ്രതിരോധവും ചികിത്സയും(95-96)

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയ വയുടെ എണ്ണം	—	—	—	675	—	—
കടിയേറ്റത്തിനുശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം	2	—	5	7	—	—

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് — കൃത്രിമ ബീജസങ്കലന വിവരങ്ങൾ(95-96)

വളർത്തുമൃഗം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	—	2285	855
കിടാരി	—	907	110
എരുമ	—	75	14

വളർത്തുമൃഗ സംഖ്യ

പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി
കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്			
ഇല്ല	ഇല്ല	1391	1773	53	ഇല്ല	24	2642	3056

വളർത്തുപക്ഷി സംഖ്യ

പൂവൻകോഴി	പിടക്കോഴി		താറാവ്	
	മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ
3369	13085	20295	66	60

രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്
1. ദഹനസംബന്ധമായ	803	28	577	—	9	564	—
2. ശ്വാസകോശ സംബന്ധമായ	92	2	48	—	—	56	—
3. ഉപാപചയ സംബന്ധമായ	32	—	—	—	—	—	—
4. ത്വക് രോഗങ്ങൾ	215	2	94	—	8	—	—
5. ധാതുലവണങ്ങളുടെ അഭാവം	38	—	3	—	1	—	—
6. പരാദരോഗങ്ങൾ	585	2	94	—	42	16	—
7. പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ	101	—	24	—	—	—	—
8. വന്ധ്യത	45	—	—	—	—	—	—
9. അകിടുവീക്കം	269	1	90	—	—	—	—
10. മുടന്തൻപനി	78	—	—	—	—	—	—
11. പകർച്ചവ്യാധി	—	—	—	—	—	—	—

ക്ഷീരസഹകരണസംഘം	മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്	പുറത്തേയ്ക്ക് അയയ്ക്കുന്നത്
റസ്സൽപുരം ക്ഷീരോല്പാദക സഹകരണസംഘം	877	30	844
മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘം	6532	679	5853
വെള്ളൂർക്കോണം ക്ഷീരോല്പാദക സഹകരണസംഘം	കണക്ക് നല്കിയില്ല		

സംഘങ്ങളിലൂടെയുള്ള മൊത്തം പ്രതിദിന ശരാശരി ഉല്പാദനം 8400 ആയി കണക്കാക്കാം. (വെള്ളൂർക്കോണം ക്ഷീരോല്പാദക സഹകരണസംഘത്തിലെ ഉല്പാദനവും കൂട്ടിയാൽ) പഞ്ചായത്തിൽത്തന്നെ പ്രതിദിനം ഉദ്ദേശം 800 ലിറ്റർ പാൽ സംഘം വിപണനം ചെയ്യുന്നു.

സഹകരണസംഘത്തിന്റെ പേര്	സെക്രട്ടറി, ക്ലർക്ക് തുടങ്ങിയവർ	കറവക്കാർ	ക്ഷീരോല്പാദകർ	ഉപകറവക്കാർ	കയറ്റിറക്ക് തൊഴിലിലൂടെ ഉപജീവനം നടത്തുന്നവർ	കാലിത്തീറ്റ ഫാക്ടറിയിലെ തൊഴിലാളികൾ	ക്ഷീരോല്പാദന യൂണിറ്റിലെ തൊഴിലാളികൾ
മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘം	10	52	1300	30	15	8	13
റസൽപുരം ക്ഷീരോല്പാദക സഹകരണസംഘം	5	—	120	5	5	ഇല്ല	ഇല്ല
വെള്ളൂർക്കോണം ക്ഷീരോല്പാദക സഹകരണസംഘം	5	—	125	5	5	ഇല്ല	ഇല്ല

മത്സ്യബന്ധനം

മത്സ്യക്കൃഷി ഈ ഗ്രാമത്തിന്റെ മുഴുവൻ സാദ്ധ്യതകളും കണക്കിലെടുത്തുകൊണ്ട് ആസൂത്രണം ചെയ്തു പദ്ധതി ആവിഷ്കരിക്കുവാനുള്ള യാതൊരു ശ്രമവും ഇന്നേവരെ നടത്തിയിട്ടില്ല. ഈ പഞ്ചായത്തിൽ ധാരാളം കുളങ്ങളുണ്ട്. കൂടാതെ നെയ്യാർനദിയും ഈ പഞ്ചായത്തിലൂടെ ഒഴുകുന്നുണ്ട്. പഞ്ചായത്തിലെ കുളങ്ങളിലും നെയ്യാർനദിയിലെ ഒഴുക്കുകുറഞ്ഞ ഭാഗങ്ങളും ഇതിനുവേണ്ടി തിരഞ്ഞെടുക്കാവുന്നതാണ്. കാർഷികാവശ്യത്തിനുവേണ്ടി സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി പദ്ധതികൾ തയ്യാറാക്കുന്ന സാഹചര്യത്തിൽ കുളങ്ങൾ ഇതിനുവേണ്ടി പ്രത്യേകമായി ഒരുക്കേണ്ട ആവശ്യമില്ല. കാർഷികമേഖലയിലുണ്ടായ തകർച്ചയും അതിനുപകരമായി വ്യാവസായികമേഖല വളരാത്തതും കാരണം തൊഴിലില്ലായ്മ ഗ്രാമത്തിൽ രൂക്ഷമാണ്. അതിനാൽ തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കപ്പെടേണ്ടതായിട്ടുണ്ട്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുളങ്ങൾ ഉള്ളതുകൊണ്ട്, സ്വകാര്യവ്യക്തികളെയും ഈ രംഗത്തേക്കു ആകർഷിക്കുവാൻ കഴിയുന്നതാണ്. മത്സ്യ വിപണരംഗത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഇതുമൂലം കഴിയും.

മത്സ്യക്കൃഷിക്കു ആധുകിനമായ സാങ്കേതിക കാര്യങ്ങൾ ജനങ്ങൾക്ക് പഠിപ്പിച്ചുകൊടുക്കേണ്ടതാണ്. ശുദ്ധജല മത്സ്യക്കൃഷിക്കും നദീജല മത്സ്യക്കൃഷിക്കും അനുയോജ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഈ ഗ്രാമത്തിൽ ലഭ്യമാക്കേണ്ടതാണ്. അതുപോലെതന്നെ മത്സ്യത്തിന് ആഹാരം തയ്യാറാക്കുവാനും ഇതിനു തയ്യാറാകുന്നവരെ പഠിപ്പിക്കേണ്ടതുണ്ട്. അതിവേഗം വളരുന്ന മത്സ്യങ്ങളെ വ്യാപകമാക്കിയാൽ ആദായവും വർദ്ധിപ്പിക്കുന്നതിനു കഴിയും.


പഞ്ചായത്തു കുളങ്ങളിൽ പലതും അന്യാധീനപ്പെട്ടു പോയിരിക്കുന്നു. അവ വീണ്ടെടുക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള കുളങ്ങളുടെ വിസ്തീർണ്ണവും കയ്യേറ്റംമൂലം കുറഞ്ഞുപോയിരിക്കുന്നു. കൈയേറ്റം മൂലം നഷ്ടപ്പെട്ടുപോയ സ്ഥലം പുനസ്ഥാപിക്കുകയും കുളങ്ങളുടെ ബണ്ടുകൾ ബലപ്പെടുത്തി മഴക്കാലത്തു വെള്ളംകുത്തി ഒലിച്ചിറങ്ങി കുളം നികന്നു പോകാതെ സംരക്ഷിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കുളങ്ങൾ മറ്റു ആവശ്യങ്ങൾക്കുവേണ്ടി നികത്തുന്ന പ്രവണതയെ ചെറുക്കേണ്ടതാണ്. മുമ്പു കൃഷിക്കു വളരെ പ്രാധാന്യമുണ്ടായിരുന്ന കാലത്ത് ഓരോ ഏലായുടെയും മുകൾഭാഗങ്ങളിൽ തലക്കുളങ്ങൾ നിർമ്മിച്ച് ജലസേചനത്തിനു പാകപ്പെടുത്തിയിരുന്നു. പക്ഷെ, കർഷകർ നെൽക്കൃഷി ഉപേക്ഷിച്ചു ആദായകരമായ ഭക്ഷ്യേതരകൃഷികൾ ആരംഭിക്കുകയും ചെയ്തതോടെയാണ് തലക്കുളങ്ങൾ നശിക്കുവാൻ തുടങ്ങിയത്. ഇപ്പോൾ നെൽക്കൃഷിക്കു പ്രാധാന്യം വർദ്ധിച്ചുവന്നിരിക്കുന്നു. തലക്കുളങ്ങൾ ശരിയാംവണ്ണം സംരക്ഷിച്ചാലേ നെൽക്കൃഷി നടത്താൻ സാധിക്കൂ. തലക്കുളങ്ങൾ ജലസേചനത്തിനു യോഗ്യമാക്കുമ്പോൾത്തന്നെ കൂടുതൽ ആദായമുള്ള മത്സ്യക്കൃഷി ആരംഭിക്കാം. കുളങ്ങളുടെ സംരക്ഷണത്തിനു ചെലവാക്കപ്പെടുന്ന തുക വർഷങ്ങൾകൊണ്ട് മത്സ്യക്കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ട് തിരികെ കിട്ടും എന്നുള്ളതും ഈ പദ്ധതിയുടെ ഒരു നേട്ടമാണ്.

നിർദ്ദേശങ്ങൾ

- ★ പഞ്ചായത്തിലെ എല്ലാ കുളങ്ങളും ശരിയാംവണ്ണം സംരക്ഷിക്കുവാനും ചോർച്ച തടയാനും നടപടികൾ സ്വീകരിക്കുക.
- ★ പഞ്ചായത്തു കുളങ്ങൾ അന്യാധീനപ്പെട്ടവ തിരികെ എടുത്തു വീണ്ടും കുളങ്ങളായി നിർമ്മിക്കേണ്ടതാണ്.
- ★ നികന്നുപോയ കുളങ്ങൾ വീണ്ടും കുഴിക്കുക
- ★ മത്സ്യക്കൃഷിക്കു ശാസ്ത്രീയമായ പരിശീലനം നല്കുക
- ★ നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക

വ്യവസായം



കൃഷിഭൂമി തുണ്ടുതുണ്ടുകളായി മാറിയതോടുകൂടി കാർഷികമേഖലയിലെ തകർച്ചയുടെ ആക്കം വർദ്ധിച്ചുതുടങ്ങി. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് പാർപ്പിട സൗകര്യങ്ങൾക്കും ഗതാഗതാവശ്യങ്ങൾക്കും ഉൾപ്പടെയുള്ള കാർഷികേതര ആവശ്യങ്ങൾക്കായി കൃഷി സ്ഥലങ്ങൾ വൻതോതിൽ ഉപയോഗിക്കുവാൻ തുടങ്ങി. ഭാരതത്തിൽ വിശിഷ്യാ കേരളത്തിൽ കൃഷിമേഖലയിൽ ആകെ സംഭവിച്ച മാറ്റങ്ങളും അവയുടെ പ്രത്യാഘാതങ്ങളും ഈ പഞ്ചായത്തിന്റെ കാർഷികമേഖലയിലും മാറ്റങ്ങളുണ്ടാക്കി. ഇവ കാരണം കർഷകരിലും കാർഷികത്തൊഴിലാളികളിലും നല്ലൊരുവിഭാഗം തൊഴിലില്ലായ്മയുടെ വിപത്തിന് വിധേയരായി. കാർഷികമേഖലയിൽ നിന്നും പിൻതള്ളപ്പെട്ടവരിൽ നല്ലൊരുഭാഗം വ്യാവസായികമേഖലയിൽ കുടിയേറപ്പെട്ടു. എന്നാൽ വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ഈ മേഖലയിൽ കാര്യമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ വേണം ഈ പഞ്ചായത്തിലെ വ്യാവസായിക മേഖലയെ വിലയിരുത്താനും വിചിന്തനം ചെയ്യാനും.

നമ്മുടെ പഞ്ചായത്തിലെ വ്യാവസായിക സ്ഥാപനങ്ങളുടെ യൂണിറ്റുകളുടെ സ്ഥിതിവിവര കണക്ക് താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം	തൊഴിലാളികൾ	പുരുഷൻ	സ്ത്രീ
1	എണ്ണയാട്ടുവ്യവസായം	5	10	5	15
2	തടിയറുപ്പു വ്യവസായം	4	20		20
3	തീപ്പെട്ടി നിർമ്മാണം	2	4	20	24
4	കാലിത്തീറ്റ നിർമ്മാണം	1			
5	വാട്ടർടാങ്കു നിർമ്മാണം	1			
6	ഇഷ്ടിക നിർമ്മാണം, ഇഷ്ടിക ഭാഗികമായ യന്ത്ര സഹായത്തോടെ, യന്ത്രസഹായമില്ലാതെ	1			
7	റബ്ബർ അധിഷ്ഠിത വ്യവസായം	1			
8	ഖാദിഗ്രാമ വ്യവസായം	1			
9	പാറ-മെറ്റൽ വ്യവസായം	3സ്ഥലങ്ങൾ			
10	ക്ഷീരോല്പന്ന വ്യവസായം				

പരമ്പരാഗത കുടിൽവ്യവസായങ്ങൾ

ക്രമനമ്പർ	ഇനം	തൊഴിലാളികൾ	പുരുഷൻ	സ്ത്രീ	ആകെ
1.	നെയ്ത്ത്				
2.	ഈറ ഉപയോഗിച്ചുള്ള പർപ്പടക നിർമ്മാണം				
3.					

മറ്റു തൊഴിൽ ചെയ്യുന്നവർ

ക്രമനമ്പർ	ഇനം	പുരുഷൻ	സ്ത്രീ	ആകെ
1	സൈക്കിൾറിപ്പയർ	2		
2	സ്കൂട്ടർ വർക്ക്ഷോപ്പ്	6		
3	മോട്ടോർ വർക്ക്ഷോപ്പ്	6		
4	റഡിമെയ്ഡ് ഗാർമെൻറ്	—		

പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടു തുടങ്ങാൻ സാധിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ തുടങ്ങേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്ക് താല്പര്യമുള്ള വ്യക്തികളെ ഈ രംഗത്തേക്ക് ആകർഷിക്കണം. റബ്ബർ, തേങ്ങ, വാഴക്കുല, ചക്ക തുടങ്ങിയ കാർഷികോല്പന്നങ്ങൾ ഉപയോഗപ്പെടുത്തി നടത്താവുന്ന വ്യാവസായിക സംരംഭങ്ങൾ വിജയകരമായി നടത്തുവാനുള്ള സാദ്ധ്യതകൾ ഏറെയാണ്. തേങ്ങ, തൊണ്ട്, ചകിരി, തേങ്ങാവെള്ളം ഇവ ഉപയോഗപ്പെടുത്തി നടത്താവുന്ന വ്യവസായങ്ങൾ, വാഴക്കുല, ചക്ക തുടങ്ങിയവയിൽ നിന്നും പഴസംസ്കരണം, വറ്റൽ തുടങ്ങിയവയുടെ ഉല്പാദനം, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഇവ ഇവിടെ സാധ്യമായവയാണ്.

ക്ഷീരവ്യവസായം ഈ ഗ്രാമത്തിൽ ശക്തിപ്പെട്ടിട്ടുണ്ട്. ഈ രംഗത്ത് ധാരാളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ കീഴിൽ ഒരു കാലിത്തീറ്റ ഫാക്ടറിയും ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുമുണ്ട്. ഓരോ സഹകരണസംഘത്തിലും പ്രവർത്തിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണവും നടത്തിവരുന്ന തൊഴിലുകളും ചുവടെ ചേർക്കുന്നു. കാലിത്തീറ്റ ഫാക്ടറി വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഇനിയും ഈ ഫാക്ടറിയെ കൂടുതൽ വിപുലമാക്കാനും ഫാക്ടറിയിൽ ആധുനിക യന്ത്രസംവിധാനം ഏർപ്പെടുത്തി നവീകരിച്ച് കൂടുതൽ ഉല്പാദനക്ഷമമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ക്ഷീരോല്പന്നങ്ങളുണ്ടാക്കുന്ന യൂണിറ്റുകൾ വളരെ ആദായകരമായിട്ടാണു പ്രവർത്തിച്ചു വരുന്നത്. ഈ മേഖലയിൽ വനിതകൾക്ക് സബ്സിഡി നല്കി ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ അനുവദിക്കുന്ന ഒരു പദ്ധതി ക്ഷീരവികസന വകുപ്പിനുണ്ട്. അത്തരണം യൂണിറ്റുകൾ ഈ പഞ്ചായത്തിലെ തൊഴിലില്ലാത്ത വനിതകൾക്ക് അനുവദിച്ചാൽ അവരുടെ തൊഴിലില്ലായ്മ പരിഹരിക്കാം. ഇത്തരം വനിതാ യൂണിറ്റുകൾ ആരംഭിക്കുമ്പോൾത്തന്നെ ക്ഷീരോല്പന്നങ്ങളുടെ വിപണനത്തിനുള്ള മാർക്കറ്റിംഗ് സൗകര്യം പഞ്ചായത്തു കേന്ദ്രീകരിച്ചു നടത്തേണ്ടതാണ്.

ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണമെന്ന ആവശ്യവും ചില ഗ്രാമസഭകൾ ഉന്നയിച്ചിട്ടുണ്ട്. അത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്.

കുക്കിരിപ്പാറ മലയിലെ പാറപൊട്ടിച്ചു കച്ചവടം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒട്ടേറെ തൊഴിലാളികൾ ഇവിടെ പണിയെടുത്തു ഉപജീവനം നടത്തിവരുകയാണ്. ഈ പാറയിലെ സിംഹഭാഗവും തീർന്നുകഴിഞ്ഞു. നാലോ അഞ്ചോ വർഷങ്ങൾ കഴിയുമ്പോൾ ഈ പ്രദേശം മുഴുവൻ വലിയ കുളങ്ങളായി മാറുവാൻ സാദ്ധ്യതയുണ്ട്. മറ്റു പ്രദേശങ്ങളിലുള്ള പാറകളെ പൊട്ടിക്കുവാൻ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കോടന്തർ, കണ്ടല പ്രദേശങ്ങളിലാണ് ഇപ്പോൾ പാറ പൊട്ടിക്കൽ ആരംഭിച്ചിട്ടുള്ളത്.

ഈ രംഗത്തെപ്പറ്റിയുള്ള സമഗ്രമായ പഠനം ആവശ്യമായിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നത്തിൽ ഊന്നിനിന്നുകൊണ്ടു ഈ പ്രകൃതിവിഭവത്തെ എത്രത്തോളം ചൂഷണം ചെയ്യാമെന്നും ഈ രംഗത്തു പണിയെടുക്കുന്ന തൊഴിലാളികളെ എങ്ങിനെ പുനരധിവസിപ്പിക്കാമെന്നും പഞ്ചായത്ത് ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മറ്റൊരു വ്യാവസായികരംഗമാണ് ഇഷ്ടികനിർമ്മാണം. ഈ ഗ്രാമത്തിൽ ഇഷ്ടിക നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന നാലഞ്ചു യൂണിറ്റുകൾ ഉണ്ട്. മേലാരിയോട്, ചീനിവിള എന്നീ പ്രദേശങ്ങളിലാണ് അവ. ഭാഗികമായ യന്ത്രസഹായത്തോടെ ഉള്ള ഇഷ്ടിക നിർമ്മാണ യൂണിറ്റും മേലാരിയോടുണ്ട്. ഈ രംഗത്തെക്കുറിച്ചും ശരിയായ ഒരു പഠനം അത്യാവശ്യമാണ്.

പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യവസായ യൂണിറ്റുകളെക്കുറിച്ചുള്ള വിവരങ്ങൾ

വ്യവസായ യൂണിറ്റുകളുടെ തരം	പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം	യന്ത്രസഹായത്തോടുകൂടിയ എത്ര യൂണിറ്റുകളുണ്ട്	മറ്റു വിവരങ്ങൾ
പാറപൊട്ടിക്കൽ			
കുക്കിരിപ്പാറ	180		
കണ്ടല	8	അല്ല	വീടുകളിൽ കല്ലിറക്കി ചല്ലിയടിക്കുന്ന സ്ത്രീ തൊഴിലാളികൾ ധാരാളമുണ്ട്.
കോടന്നൂർ	8		
ഇഷ്ടികനിർമ്മാണം			
മേലാരിയോട്	300	ഒരുയൂണിറ്റുണ്ട്	
ചീനിവിള	25		

പാറ അടിസ്ഥാനമാക്കിയുള്ള ഹോളോ ബ്രിക്സ് യൂണിറ്റുകൾ ഈ പഞ്ചായത്തിൽ ഒന്നോ രണ്ടോ ഭാഗത്തുണ്ട്. വളരെ സാദ്ധ്യതകളുള്ള ഒരു വ്യവസായ സംരംഭമാണിത്. അതുപോലെ തന്നെ കോൺക്രീറ്റു ജനലുകൾ, വാതിലുകൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ഈ ഗ്രാമത്തിലില്ല എന്നുതന്നെ പറയാം. വനനശീകരണം തടയാൻ കഴിയുന്നു എന്നതുകൊണ്ടുതന്നെ ഈ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. സ്വയംതൊഴിൽ ചെയ്യാൻ തയ്യാറുള്ളവർക്കു ഈ സംരംഭങ്ങളിലേതെങ്കിലും ആരംഭിച്ചാൽ തൊഴിലില്ലായ്മ അവസാനിപ്പിക്കാനും മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കാനും സാധിക്കുന്നു.

സ്ത്രീകൾക്കു ചെയ്യാൻ കഴിയുന്ന ചെറുകിട വ്യവസായ യൂണിറ്റുകളാണ് മുളകുപൊടി, മല്ലിപ്പൊടി തുടങ്ങിയവ നിർമ്മിച്ചു പായ്ക്കറ്റുകളിലാക്കി വിപണനം ചെയ്യുന്ന സംരംഭവും വറ്റലുകൾ നിർമ്മിച്ചു വിപണനം ചെയ്യുന്ന സംരംഭവും ഈ സംരംഭങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് വനിതകൾക്ക് നല്കി വനിതകളെ വരുമാനമുള്ളവരാക്കാൻ കഴിയും.

റെഡിമെയ്ഡ് വസ്ത്രങ്ങളും ഗാർമെൻറുകളും നിർമ്മിക്കുന്ന വനിതകൾ ഈ ഗ്രാമത്തിൽ ധാരാളമുണ്ടെങ്കിലും വിപണനരംഗത്ത് ധാരാളം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രാദേശികമായി മാത്രമെ ഇന്നു വിപണനം നടക്കുന്നുള്ളൂ. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ എല്ലാം തന്നെ വിപണനം നടത്താനും സാധിക്കത്തക്കതരത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. പഞ്ചായത്തുതലത്തിൽത്തന്നെ വിപണനത്തിനുള്ള ഒരു കേന്ദ്രം ഉണ്ടാക്കുകയും ഒരു ട്രെയിഡ് നെയിമിൽത്തന്നെ ഇവ വിറ്റഴിക്കാൻ കഴിയുകയും വേണം. മാർക്കറ്റിംഗിന് പരസ്യം അത്യാവശ്യമാണ്. ഓരോ യൂണിറ്റും തനിച്ചു നില്ക്കുകയാണെങ്കിൽ പരസ്യത്തിനു മുതൽ മുടക്കാൻ കഴിയാതെ വരും.

തേങ്ങ കൊപ്രയാക്കി എണ്ണയും പിണ്ണാക്കും നിർമ്മിക്കുന്ന മില്ലുകൾ ഈ പഞ്ചായത്തിലുണ്ട്. കൊപ്ര സഹകരണ സംഘങ്ങളിൽ സംഭരിക്കുന്നുമുണ്ട്. ചുറ്റുപാടുമുള്ള പഞ്ചായത്തുകളിലെ കൊപ്രകൂടി സംഭരിച്ചു സംസ്കരിക്കുന്ന ഒരു വ്യവസായ സംരംഭം ഇവിടെ ആരംഭിക്കാവുന്നതാണ്. ഇവിടെ ഇന്നു പ്രവർത്തിച്ചുവരുന്ന മില്ലുകളിൽ എണ്ണ ഉല്പാദനം കുറവാണ്. പിണ്ണാക്കിൽ എണ്ണയുടെ അംശം കൂടുതലായതുകൊണ്ടു കാലിത്തീറ്റയായി കൊപ്രാപിണ്ണാക്കിനെ ഉപയോഗിക്കാൻ കഴിയുന്നില്ല. ഈ മില്ലുകളിൽ

നിന്നും ഉല്പാദിപ്പിക്കുന്ന തേങ്ങാപിണ്ണാക്ക് കൂടുതൽ കാലം സൂക്ഷിച്ചുവയ്ക്കാനും കഴിയുന്നില്ല. അതിനാൽ പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു നാളികേര സംസ്കരണ യൂണിറ്റു നിർമ്മിക്കണം. കൊപ്രയിലെ എണ്ണ മുഴുവൻ സംസ്കരിച്ചെടുക്കാൻ കഴിയുന്ന ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ചാൽ പരിശുദ്ധമായ വെളിച്ചണ്ണ വിപണനം നടത്താനും കൊപ്രാപിണ്ണാക്ക് ഇവിടെ വിറ്റഴിക്കാനും കഴിയും. ക്ഷീരോല്പാദനം അധികമുള്ള ഈ പ്രദേശത്ത് കൊപ്രാപിണ്ണാക്കിന് നല്ല മാർക്കറ്റു ലഭിക്കുന്നതാണ്. നാടൻ മില്ലുകളിൽ എണ്ണ പൂർണ്ണമായും വേർതിരിച്ചെടുക്കാൻ കഴിയുന്നില്ല എന്ന സ്ഥിതിവിശേഷം കണക്കിലെടുക്കുമ്പോൾ ഈ യൂണിറ്റിന്റെ പ്രസക്തി വലുതാണ്.

പാരമ്പര്യ കുടിൽവ്യവസായമായ കയർനിർമ്മാണം നിലവിലിരുന്നെങ്കിലും ഇന്ന് ഈ തൊഴിൽ ചെയ്യുന്നവരായി ആരുംതന്നെ ഈ ഗ്രാമത്തിലില്ല. നാളികേരം ധാരാളമായി ഇവിടെ ലഭിക്കുന്നുണ്ട്. തൊണ്ട് അഴുക്കലിടാതെ തൊണ്ടിൽ നിന്നും കയറുണ്ടാക്കാൻ കഴിയുന്ന യന്ത്രങ്ങൾ ഇപ്പോഴുണ്ട്. അത്തരത്തിലുള്ള ഒരു വ്യവസായ യൂണിറ്റ് ഈ ഗ്രാമത്തിൽ അത്യാവശ്യമാണ്. ഇന്ന് തൊണ്ടും ചിരട്ടയും പാചകാവശ്യത്തിനാണുപയോഗിച്ചു കൊണ്ടിരിക്കുന്നത്. ചിരട്ടയിൽ നിന്നും ചാർക്കോൾ നിർമ്മിക്കാൻ കഴിയും. കയറ്റുമതി ചെയ്യാൻ കഴിയുന്ന ഒരുല്പന്നമാണത്.

കൊപ്രനിർമ്മാണം ശാസ്ത്രീയമാക്കാനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടതാണ്. കൊപ്ര ഉണക്കുന്നതിനുള്ള ഡ്രൈവർ യൂണിറ്റുകൾ ലഭ്യമാക്കിയാൽ മഴക്കാലത്തും കൊപ്ര ഉണക്കുവാനും നല്ല കൊപ്ര ഉണ്ടാക്കുവാനും കഴിയും.

റബ്ബറധിഷ്ഠിതമായ ഒരു വ്യവസായവും ഈ ഗ്രാമത്തിലിതേവരെ ആരംഭിച്ചിട്ടില്ല. ഈ പഞ്ചായത്തിൽ 150 ഹെക്ടർ സ്ഥലത്തു റബ്ബർ കൃഷിയുണ്ട്. ഒരുവർഷം ആയിരം ടണിൽ കുറയാതെ റബ്ബർ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. ഈ റബ്ബർ ഇവിടെത്തന്നെ സംസ്കരിച്ചു ഉല്പന്നങ്ങളുണ്ടാക്കുകയാണെങ്കിൽ ഗ്രാമത്തിന്റെ സമ്പത്തു വർദ്ധിപ്പിക്കാനും തൊഴിലില്ലായ്മ പരിഹരിക്കുവാനും കഴിയും. നല്ല വ്യവസായയൂണിറ്റുകൾ ഈ പഞ്ചായത്തിലെ സാദ്ധ്യതകൾ കണക്കിലെടുത്തു ആരംഭിക്കേണ്ടതാണ്. ചെറുകിടയും വൻകിടയുമായ വ്യവസായ യൂണിറ്റുകൾ തുടങ്ങുകയാണെങ്കിൽ അസംസ്കൃത പദാർത്ഥങ്ങൾ ചുറ്റുപാടുമുള്ള പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്നതാണ്.

പ്ലാസ്റ്റിക് പോളിത്തീൻ പോളിമർ വ്യവസായ യൂണിറ്റുകളും ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. പ്ലാസ്റ്റിക് നാരുകൾകൊണ്ടു പെട്ടികൾ, അലങ്കാരപൂക്കൾ, ഫ്ളവർ ബേസിനുകൾ മുതലായവ ഉണ്ടാക്കുന്നതിനു പുറമേ കസേര, കട്ടിൽ മുതലായവ വരിയുന്ന തൊഴിലുകൾ കുടിൽ വ്യവസായങ്ങൾ തുടങ്ങാനും കഴിയും. പ്ലാസ്റ്റിക് പാത്രങ്ങൾ, പോളിമർ കൊണ്ടുള്ള പാത്രങ്ങൾ, ടാങ്കുകൾ, ഫർണിച്ചറുകൾ മുതലായവ നിർമ്മിക്കാൻ കഴിയും. ഈ പഞ്ചായത്തിൽ വാട്ടർ ടാങ്കുകൾ നിർമ്മിക്കുന്ന ഒരു വ്യവസായ സംരംഭം പോങ്ങുംമൂട്ടിൽ പ്രവർത്തിച്ചുവരുകയാണ്. മറ്റൊന്നു കണ്ടല പ്രവർത്തനസജ്ജമായിക്കഴിഞ്ഞു.

അലുമിനിയം, ഉരുക്ക് മുതലായവ ഉപയോഗിച്ചുള്ള ഫർണിച്ചറുകൾ, വീട്ടുപകരണങ്ങൾ മുതലായവയും ആദായകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന വ്യവസായ സംരംഭങ്ങളാണ് മരങ്ങൾ ദുർലഭമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം യൂണിറ്റുകൾ ആരംഭിക്കേണ്ടതത്യാവശ്യമാണ്.

ചകിരിനാരും, റബ്ബർപാലും ഉപയോഗിച്ച് മെത്ത ഉണ്ടാക്കുന്ന സിൽവർ ഫാം എന്ന വ്യവസായ യൂണിറ്റ് റസ്സൽപുരത്ത് പ്രവർത്തിക്കുന്നു.

പാഴ്ത്തടികൾ സംസ്കരിച്ചു ക്ഷമത കൂടിയ മരഉരുപ്പടികൾ നിർമ്മിക്കുന്ന ഒരു വ്യവസായ സംരംഭം ഈ കാലഘട്ടത്തിൽ പ്രസക്തമാണ്. തീപ്പെട്ടി വ്യവസായത്തിനു പറ്റിയ മരങ്ങൾ ധാരാളം ഈ പഞ്ചായത്തിൽ ലഭ്യമാണ്. തീപ്പെട്ടി വ്യവസായ യൂണിറ്റുകൾ (ചെറുകിട) ഇവിടെ ആരംഭിക്കാം.

ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ ഇവിടെ ആരംഭിച്ച് തൊഴിലില്ലായ്മ പരിഹരിക്കാം. മെഴുകുതിരി നിർമ്മാണം, തേൻവ്യവസായം, തുകൽച്ചെരുപ്പു നിർമ്മാണം, ബേക്കറി യൂണിറ്റ്, ഇലക്ട്രോണിക്ക് വ്യവസായം തുടങ്ങിയ യൂണിറ്റുകൾ ഇവിടെ ആരംഭിക്കുന്നതിന് അനുകൂലമായ സ്ഥലമാണിത്.

വ്യവസായയൂണിറ്റുകൾ ആരംഭിക്കുമ്പോൾ പ്രധാനമായും കണക്കിലെടുക്കേണ്ടത് മാർക്കറ്റിംഗ് രംഗമാണ്. ഉല്പാദനം ഇവിടെ ഇല്ലെങ്കിൽ കേരളീയർ ഉപഭോഗത്തിൽ പ്രഥമസ്ഥാനത്തു തന്നെ. മറ്റുസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ കമ്പോളമായി മാറിയിരിക്കുന്നു നമ്മുടെ കേരളം. ഗ്രാമങ്ങളിൽപ്പോലും എല്ലാ ആധുനിക ഉപകരണങ്ങളും എത്തിച്ചേർന്നിട്ടുണ്ട്. അതുകൊണ്ട് വിപണനത്തിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല.

തൊഴിലില്ലാത്തവരും എന്നാൽ തൊഴിൽ പരിശീലനം ലഭിച്ചവരുമായ വളരെപ്പേർ ഇന്ന് ഈ ഗ്രാമത്തിലുണ്ട്. അന്യസംസ്ഥാനങ്ങളിലും രാജ്യങ്ങളിലും തൊഴിൽ തേടിപ്പോയവരും ഒട്ടനവധിയാണ്. ഈ അനുകൂല സാഹചര്യത്തെ കണക്കിലെടുത്തുകൊണ്ടുവേണം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ. വ്യവസായ സംരംഭകരെ ഈ രംഗത്തേക്ക് ആകർ

ഷിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. വിദേശത്തു ജോലിചെയ്യുന്ന മലയാളികളെയും ഇന്നാട്ടിൽത്തന്നെ സന്നദ്ധരായവരെയും ഈരംഗത്തേക്ക് ആകർഷിച്ചുകൊണ്ടു വരുകയും അവർക്കുവേണ്ടുന്ന സഹായങ്ങൾ നല്കുകയും വേണം. വായ്പാ സൗകര്യം, വൈദ്യുതി എന്നിവ ലഭിക്കുന്നതിന് ഇന്നുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതും അത്യാവശ്യമാണ്.

കീളിയോടു ജംഗ്ഷനു സമീപമുള്ള 10 സെൻറു ഭൂമിയിലുള്ള വനിത വ്യവസായയൂണിറ്റ് അനാഥമായി കിടക്കുന്നു. അതിനെ പുനരുദ്ധരിപ്പിക്കുകയും തേങ്ങ അസംസ്കൃത മാക്കി ഉപയോഗപ്പെടുത്തി കയറുൽപ്പന്നങ്ങൾ കാലിത്തീറ്റ, സോഡ എന്നീ സംസ്കൃത യൂണിറ്റു നിർമ്മിക്കണം. പനയോല, ഈറ്റ മുതലായവ ഉപയോഗിച്ചും പരമ്പരാഗത തൊഴിൽ വ്യവസായങ്ങൾ ഈ പഞ്ചായത്തിലെ വെളിയംകോട്, കിളിക്കോട്ടുകോണം, താളിവിള, വാഴവിള, ആര്യശാലക്കോണം എന്നിവിടങ്ങളിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരം മെച്ചപ്പെടുത്തുക. മരിച്ചീനി, കൂവക്കിഴങ്ങ് ഇവ ഉപയോഗിച്ചുമുള്ള വിവിധ ഭക്ഷ്യ (ബിസ്ക്കറ്റ്, ബേബിഫുഡ്, ഗ്ലൂക്കോസ്) സാധനങ്ങൾ ഉല്പാദിപ്പിക്കുക. നിലവിലുള്ള പ്രൈവറ്റ് മേഖലയിലെ മാവുല്പാദനകേന്ദ്രം (കാവുവിള) സാധനദൗർലഭ്യംമൂലം കാര്യമായി പ്രവർത്തിക്കുന്നില്ല. കൈത്തറിമേഖലയിൽ യന്ത്രവൽകൃത യൂണിറ്റ് വേണം. തുകൽ ഉൽപന്ന യൂണിറ്റ്, തേനീച്ച വളർത്തൽ എന്നീ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം. തേങ്ങാവെള്ളത്തിൽ നിന്നും ലഘുപാനീയങ്ങൾ തയ്യാറാക്കുന്ന യൂണിറ്റ് സ്ഥാപിക്കണം.

പാഴ്മരങ്ങൾ രാസപ്രവർത്തനം നടത്തി ഉപയോഗയോഗ്യമാക്കുന്ന യൂണിറ്റു സ്ഥാപിക്കണം. മെഴുകുതിരി, സാമ്പ്രാണിത്തിരി നിർമ്മാണം, കളിമൺപാത്ര നിർമ്മാണം, പ്ലാറ്റിക് വയറുകൾ കൊണ്ടുള്ള നിർമ്മാണം.

ആഡംബര വസ്തുക്കൾ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.



വിദ്യാഭ്യാസം



പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽത്തന്നെ ഈ ഗ്രാമത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ തുടങ്ങി. ഊരുട്ടമ്പലത്തിലാണ് ആദ്യമായി ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചത്. തുടർന്നു കണ്ടല, അരുവിക്കര പുന്നാവൂർ, റസ്സൽപുരം എന്നിവിടങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ചു. പിൽക്കാലത്താണ് മറ്റു സ്കൂളുകൾ ആരംഭിക്കുന്നത്. വിദ്യ നേടണമെന്ന ആഗ്രഹം ആ കാലത്തുതന്നെ എല്ലാവിഭാഗം ജനങ്ങളിലും ഉണ്ടായിരുന്നു. 1910 കാലത്ത് ഹരിജനങ്ങൾക്ക് സ്കൂൾ പ്രവേശനം ലഭിക്കുന്നതിന് ശ്രീ.അയ്യൻകാളി ഇവിടെ വന്നു അധ:സ്ഥിതരെ സംഘടിപ്പിച്ചതും യാഥാസ്ഥിതികരായ ചിലർ അതിനെ നേരിട്ടതും ചരിത്രരേഖകളാണ്. ഹരിജൻ കുട്ടിക്ക് പ്രവേശനം കൊടുത്തതിന്റെ പേരിൽ സ്കൂൾ കത്തിക്കുപോലുമുണ്ടായി. ഈ ഗ്രാമത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു വിദേശ ക്രിസ്ത്യൻ മിഷനറിമാരും നേതൃത്വം കൊടുത്തു. എരുത്താവൂർ വാർഡിലെ റസ്സൽപുരം പ്രൈമറി സ്കൂൾ അമേരിക്കയിലെ റസൽ സായിപ്പിന്റെ കീഴിലുള്ള അമേരിക്കൻ മിഷനറി സമൂഹമാണ് സ്ഥാപിച്ചത്. ശ്രീ.എസ്.പി.ഡേവി ആയിരുന്നു അമേരിക്കൻ മിഷനറി സമൂഹത്തിന്റെ ഇന്ത്യൻ പ്രതിനിധി. റസ്സൽ സായിപ്പിന്റെ സ്മരണയ്ക്കാണ് സ്കൂൾ സ്ഥാപിച്ചത്. 50 സെൻറു സ്ഥലം സ്കൂളിനുണ്ടായിരുന്നു. സർ.സിപി. സ്കൂളുകൾ ഏറ്റെടുത്തപ്പോൾ ഒരു ചക്രം വിലയ്ക്ക് സർക്കാരിന് നല്കുമായിരുന്നു. വാരിക്കാംപാട്ടു കുടുംബത്തിന്റെ വകയായി കൊല്ലവർഷം 11.9.1082 ആരംഭിച്ച അരുവിക്കര പുന്നാവൂർ സ്കൂൾ കെട്ടിടങ്ങളും സ്ഥലവും കൊല്ലവർഷം 1123-ൽ ഒരു ചക്രം വിലക്ക് അന്നത്തെ മാനേജരായിരുന്നു ശ്രീ.ഗോപാലപിള്ള സാർ കൈമാറുകയുണ്ടായി.

ഈ ഗ്രാമത്തിൽ രണ്ടു ഹൈസ്കൂളുകളാണ് ഉള്ളത്. സർക്കാർ സ്കൂളായ കണ്ടല ഹൈസ്കൂളും, എയിഡഡ് സ്കൂളായ മാറനല്ലൂർ ഡി.വി.എം.എൻ.എൻ.എം ഹൈസ്കൂളും, അപ്പർപ്രൈമറി വിഭാഗത്തിൽ രണ്ട് സർക്കാർ സ്കൂളുകളും ഒരു അൺഎയിഡഡ് സ്കൂളും ഉണ്ട്. എൽ.പി വിഭാഗത്തിൽ ആറു സ്കൂളുകളുള്ളതിൽ രണ്ടെണ്ണം സർക്കാർ ഉടമസ്ഥതയിലും നാലെണ്ണം സ്വകാര്യമേഖലയിലുമാണ്. അംഗീകാരമില്ലാത്ത മൂന്ന് പ്രൈമറി സ്കൂളുകളും ഒരു ഹൈസ്കൂളും ഇവിടെ പ്രവർത്തിച്ചു വരുന്നു. അൺഎയിഡഡ് സ്കൂളുകളിലെയും അംഗീകാരമില്ലാത്ത സ്കൂളുകളിലെയും പഠനമാദ്ധ്യമം ഇംഗ്ലീഷാണ്.

25.13 ചതുരശ്രകിലോമീറ്റർ ചുറ്റളവുള്ള ഈ ഗ്രാമത്തിൽ ലോവർ പ്രൈമറി സ്കൂളുകൾ എല്ലാ കുട്ടികൾക്കും രണ്ടു കിലോമീറ്റർ ഉള്ളിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കണ്ടല ഗവൺമെൻറ് ഹൈസ്കൂൾ, അരുമാളൂർ L.M.S.L.P.S,ഊരുട്ടമ്പലം ഗവൺമെൻറ് എൽ.പി.എസ്, അരുവിക്കര പുന്നാവൂർ എൽ.പി.എസ്, വെളിയംകോട് സെൻറ് ത്രേസ്യാസ് എൽ.പി.എസ്, മണ്ണടിക്കോണം ഡോ.ലോഹ്യമെമ്മോറിയൽ എൽ.പി.എസ്, ചെങ്കള്ളൂർ എസ്.എ എൽ.പി.എസ് എന്നിവിടങ്ങളിലാണ് ലോവർ പ്രൈമറി തലത്തിൽ വിദ്യാഭ്യാസം നല്കപ്പെടുന്നത്. കർമ്മല മാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ലോവർ പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ ഗ്രാമത്തിലെ സാമ്പത്തികമായി ഉയർന്ന തട്ടിലുള്ള വിദ്യാർത്ഥികളും മറ്റു പഞ്ചായത്തിലെ വിദ്യാർത്ഥികളുമാണ് പഠിക്കുന്നത്. സാധാരണക്കാർക്ക് അപ്രാപ്യമാണു ഈ സ്കൂൾ.

നെല്ലിക്കാട്, ചെലവക്കോട്, അഴകം, പെയ്യൂർക്കോണം എന്നീ സ്ഥലങ്ങളിലെ കുട്ടികൾ നാല് കിലോമീറ്റർ സഞ്ചരിച്ചുവേണം കണ്ടല ഹൈസ്കൂളിൽ എത്തിച്ചേരാൻ. കണ്ടല ഹൈസ്കൂളാണ് ഈ പ്രദേശത്തെ കുട്ടികളുടെ ഏക ആശ്രയം. കോടന്നൂർ, ഊരാറ്റിൻപുറം, കരിങ്ങൽ എന്നിവിടങ്ങളിലെ കുട്ടികൾക്കും സ്കൂളുകളിൽ എത്തിച്ചേരാൻ വളരെ അധികം ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ സർക്കാർ സ്കൂളുകളുടെ അവസ്ഥ വളരെ ദയനീയമാണ്.

	സ്കൂളിന്റെ പേര്	ആകെ സ്ഥലം
1.	ഗവ: എച്ച്.എസ്. കണ്ടല	1ഏക്കർ 90 സെൻറ്
2.	ഊരുട്ടമ്പലം യു.പി.എസ്	0ഏക്കർ 90 സെൻറ്
3.	ഊരുട്ടമ്പലം എൽ.പി.എസ്	0ഏക്കർ 33സെൻറ്
4.	റസ്സൽപുരം യു.പി.എസ്	0ഏക്കർ 75സെൻറ്
5.	അരുവിക്കര പുന്നാവൂർ എൽ.പി.എസ്	1ഏക്കർ 75സെൻറ്

ആവശ്യത്തിന് കെട്ടിടമോ വേണ്ടത്ര കളിസ്ഥങ്ങളോ ഒരു സ്കൂളിലുമില്ല. ഓല ഷെഡിലും സെമിപെർമനൻറ് ഷെഡുകളിലുമാണ് ക്ലാസ്സുകൾ നടത്തിവരുന്നത്.

സർക്കാർ അംഗീകാരം ഇല്ലാതെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് സ്കൂളുകളാണ് ഊരുട്ടമ്പലത്തുള്ള സരസ്വതി വിദ്യാമന്ദിരം. കണ്ടല മന്നം മെമ്മോറിയൽ സ്കൂളും.

ഊരുട്ടമ്പലം യു.പി. സ്കൂളിനെ ഹൈസ്കൂളായി അപ് ഗ്രേഡു ചെയ്യണമെന്ന നിരന്തരമായ ആവശ്യം ഇന്നും ജലരേഖയായി അവശേഷിക്കുന്നു. സർക്കാർ സ്കൂളുകളുടെ പൊതുസ്ഥിതി പരിശോധിക്കുമ്പോൾ പ്രധാനമായും കാണുന്ന ദൗർബല്യം ഭൗതീക സാഹചര്യങ്ങളുടെ അപര്യാപാതതയാണ്. ആവശ്യത്തിനുള്ള കെട്ടിടങ്ങളും ഫർണിച്ചറുകളും ഇല്ല. അരുവിക്കര പുന്നാവൂർ എൽ.പി.സ്കൂളിന് ഒരു നല്ല കാറ്റുവന്നാൽ മറിഞ്ഞുവീഴുന്ന ഒരു താല്ക്കാലിക ഷെഡാണ് ആകെയുള്ളത്. കണ്ടല ഗവ: ഹൈസ്കൂളിൽ രണ്ടു താല്ക്കാലിക ഷെഡുകളുണ്ട്. 14 മുറികളുള്ള ഇരുനില കെട്ടിടത്തിനുവേണ്ടി നിവേദനം നല്കാൻ തുടങ്ങിയിട്ട് ഒരു ദശാബ്ദത്തിലേറെയായെങ്കിലും ഇന്നും അത് ഒരു വനരോദനമായിത്തന്നെ അവശേഷിക്കുന്നു. ആ സ്കൂളിന് ഒരു ചുറ്റുമതിലില്ലാത്തതുകൊണ്ട് വളരെ ദുരിതങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നു. സ്കൂൾ സമയം കഴിഞ്ഞാൽ സ്കൂൾ പരിസരം സാമൂഹ്യവിരുദ്ധരുടെ വിഹാരകേന്ദ്രമായി മാറുന്നു. ഊരുട്ടമ്പലം യു.പി.എസ്സിൽ രണ്ടു മുറികൾ മാത്രമേ അടച്ചുപൂട്ടുന്നതായിട്ടുള്ളൂ. അതുകൊണ്ടു തന്നെ ഇവിടേയും സാമൂഹ്യ വിരുദ്ധരുടെ ശല്യം അനുഭവപ്പെടുന്നു.

വിദ്യാർത്ഥികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സംവിധാനങ്ങൾ ഒരു സ്കൂളിലും ഇല്ലെന്നുതന്നെ പ്പറയാം. ജലദൗർലഭ്യവും സ്കൂളുകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തന്നെയാണ്. മൂത്രപ്പുരകളോ കക്കൂസുകളോ ഇല്ലാത്തതിനാൽ ആൺകുട്ടികൾ സ്കൂൾ പറമ്പുകളിൽത്തന്നെ മലമൂത്രവിസർജ്ജനം നടത്തുന്നു. പെൺകുട്ടികൾക്ക് അതിനു നിർവ്വാഹമില്ലാത്തതിനാൽ ഗുരുതരമായ ആരോഗ്യപരമായ പ്രശ്നങ്ങൾ തന്നെ അവർക്കുണ്ടാകുന്നു. സ്കൂളിൽ വച്ചുതന്നെ പഠിക്കേണ്ട പല ശീലങ്ങളുമുണ്ട്. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ ഇവയിൽപ്പെടും. ജലദൗർലഭ്യമുള്ളതുകൊണ്ട് ഇടവേളകളിൽ ഓടിച്ചാടി നടക്കുന്ന കുട്ടികൾ ശരീരമാകെ പൊടിയും പുരട്ടിക്കൊണ്ടു ക്ലാസ്സുകളിലേക്കു കയറുന്നു. ഉച്ചയൂണുകഴിഞ്ഞു പാത്രങ്ങളും കൈയും വായും വൃത്തിയാക്കുന്നതിനു പോലും ജലം അവർക്കു കിട്ടുന്നില്ല. അങ്ങിനെ സ്കൂളിലെ സാഹചര്യങ്ങൾത്തന്നെ വ്യക്തിശുചിത്വത്തിലും പരിസരശുചിത്വത്തിലും ഉദാസീനരാക്കാൻ അവരെ പ്രേരിപ്പിക്കുന്നു. കക്കൂസുകൾ ഉപയോഗിക്കുന്ന കാര്യത്തിൽ നമ്മുടെ ആളുകൾ യാതൊരു പ്രാധാന്യവും നല്കുന്നില്ല. കുട്ടികളും അദ്ധ്യാപകരും മറ്റു ജീവനക്കാരുമടങ്ങുന്ന ഒരു വലിയ വിഭാഗം ദിവസത്തിന്റെ സിംഹഭാഗവും ചെലവഴിക്കുന്ന ഒരു സ്ഥലത്ത് മലമൂത്രവിസർജ്ജനത്തിനുവേണ്ട സാഹചര്യങ്ങൾ ഒരുക്കാതെ വ്യക്തിശുചിത്വം പരിസരശുചിത്വം എന്നിവയെക്കുറിച്ച് ഉദ്ബോധനം നടത്തുന്നതു കൊണ്ടു യാതൊരു പ്രയോജനവുമില്ല.

ലൈബ്രറികളും ലാബറട്ടറികളും മിക്ക സ്കൂളുകളിലും പേരിനുവേണ്ടി മാത്രമേയുള്ളൂ. ഇവ ഇല്ലാത്ത സ്കൂളുകളുമുണ്ട്. വായന ഇന്നത്തെ യുവതലമുറയിൽ കാണാത്തതിൽ നേതാക്കളും ചിന്തകന്മാരും പരിതപിക്കുന്നുണ്ട്. ഓരോ വ്യക്തി അവന്റെ ജീവിതത്തിലെ ഏറ്റവും അധികം കാലം ചെലവഴിക്കുന്നത് വിദ്യാലയങ്ങളിലാണ്. ജീവിതത്തിലെ പ്രധാനപ്പെട്ട കാലഘട്ടമാകെ അവൻ വിദ്യാലയത്തിൽ ചെലവഴിക്കുന്നു. ആ വിദ്യാലയങ്ങളിൽ വായനമുറികളില്ല. വായിക്കാൻ പുസ്തകങ്ങളുമില്ല. അപ്പോൾ പിന്നെ വായനാശീലം എങ്ങനെയാണുണ്ടാവുക. സയൻസ് അദ്ധ്യാപകൻ ചോക്ക് കാണിച്ചിട്ട് ഇതൊരു കുഴലാണെന്നു സങ്കല്പിക്കുക. ഇതിൽ — ദ്രാവകം ഒഴിക്കുക എന്നരീതിയിൽപ്പറഞ്ഞ് ഒരു സയൻസ് പരീക്ഷണം നടത്തുകയാണെങ്കിൽ ആ വിദ്യാർത്ഥിക്ക് എന്താണു പഠിക്കാൻ കഴിയുക. കുട്ടി കാണുകയും, പ്രവർത്തിക്കുകയും, അറിയുകയും വേണം. ഭാവനയിൽ യാഥാർത്ഥ്യങ്ങളെ കാണാൻ പ്രേരിപ്പിക്കപ്പെടുന്ന ഒരു സമൂഹത്തിനു യാഥാർത്ഥ്യബോധം ഉണ്ടാവുകയില്ല. സമൂഹം അരൂപിയായ ദൈവത്തെ സങ്കല്പിക്കുന്നതുപോലെ ക്ലോറിൻ വാതകത്തെ സങ്കല്പിച്ചാൽ കഴിയുമോ? ശുചിത്വം, വായനാശീലം, യാഥാർത്ഥ്യബോധം എന്നിവ ഇല്ലാതായി മാറിയതിനു കാരണം സ്കൂളുകൾ തന്നെ.

വിനോദയാത്രകളല്ല പഠനയാത്രകൾ വേണം സ്കൂളുകളിൽ സംഘടിപ്പിക്കുവാൻ. വിനോദം പഠനത്തിനോടൊപ്പം നടക്കണം. ഒന്നോ രണ്ടോ ദിവസത്തെ യാത്രകളിൽ മാത്രം വിനോദത്തെ ഒതുക്കാനും പാടില്ല. പഠനയാത്രകൾ സംഘടിപ്പിക്കുന്നവർക്കു വേണ്ടിയുള്ള ഉല്ലാസയാത്രകൾ ആകാൻ പാടില്ല. ഓരോ പഠനയാത്രയിലും സഞ്ചരിക്കുന്ന സ്ഥലങ്ങൾ ചരിത്രപരമായും, വ്യാവസായികമായും, ശാസ്ത്ര-സാങ്കേതികമായും ഒക്കെ പ്രാധാന്യമുള്ളവയാകണം. കാണാനും അറിയാനും ചിന്തിക്കാനും അവസരമൊരുക്കണം.

സമയത്ത് അദ്ധ്യാപകരെ നിയമിക്കാത്തതുകൊണ്ടും, ഉള്ള അദ്ധ്യാപകരെത്തന്നെ മറ്റു ജോലികളിൽ ഏർപ്പെടുത്തുന്നതുകൊണ്ടും ധാരാളം പ്രശ്നങ്ങൾ നേരിടേണ്ടി വരു

ന്നുണ്ട്. സ്ഥലം മാറ്റലും അതുപോലെ തന്നെ. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന തരത്തിലാവരുത് അദ്ധ്യാപകരെ സ്ഥലം മാറ്റുന്നത്. ഇൻ സർവ്വീസ് കോഴ്സുകൾ സർവ്വീസു കാലത്തൊരിക്കൽപ്പോലും ലഭ്യമാകാത്ത അദ്ധ്യാപകരുണ്ട്. പഠനം കഴിഞ്ഞാൽ പിന്നീട് ഒന്നും പഠിക്കാനില്ലെന്ന ധാരണ അദ്ധ്യാപകർക്കോ ബന്ധപ്പെട്ട അധികാരികൾക്കോ ഉണ്ടായിക്കൂടാ. ഒന്നും രണ്ടും ആഴ്ചകളിൽ കൂട്ടമായി അദ്ധ്യാപകരെ പഠിപ്പിക്കേണ്ട ദിവസങ്ങളിൽ ഇൻസർവീസ് കോഴ്സുകൾക്കായി വിളിച്ച് അത്തരം കോഴ്സുകളെ വെറും ചടങ്ങുകളായി മാറ്റുന്നരീതിയും നിലവിലുണ്ട്. അഞ്ചുവർഷത്തിലൊരിക്കൽ എങ്കിലും എല്ലാ അദ്ധ്യാപക ർക്കും ഇൻസർവ്വീസു കോഴ്സുകൾ ലഭ്യമാക്കണം.

സ്കൂളുകളിൽ എന്തു നടക്കുന്നു എന്ന് അന്വേഷിക്കാൻ ആരും ഇല്ലാത്തൊരവസ്ഥയാണിന്ന്. പ്രൈവറ്റു സ്കൂളുക ളിൽ സ്റ്റാഫ് ഫിക്സേഷനുവേണ്ടി മാത്രമേ എ.ഇ.ഒ, ഡി.ഇ. ഒമാർ എത്താറുള്ളൂ. ഓഡിറ്റിനുവേണ്ടിയുള്ള ഉദ്യോഗസ്ഥ ന്മാർ രണ്ടോ മൂന്നോ വർഷത്തിലൊരിക്കൽ വന്നെങ്കിലായി. മറ്റുതരത്തിലൊരു പരിശോധനയും വിലയിരുത്തലും ഉണ്ടാ കാറില്ല. അതിനുവേണ്ട ഉദ്യോഗസ്ഥന്മാരുമില്ല. അതു കൊണ്ടു തന്നെ ഓരോ സ്കൂളിലും തോന്നിയ ഒരുപാട് കാര്യ ങ്ങൾ ഒപ്പിച്ചു പോകുന്നു എന്നുമാത്രം. ബല്ലടിക്കുവാനും സ്കൂൾ കൃത്യസമയത്തു വിടാനും ഉള്ള ഏർപ്പാടുകളുമ ല്ലാതെ കൃത്യമായി മറ്റെന്തെങ്കിലും നടക്കുന്നുണ്ട് എന്നു പറയുവാൻ കഴിയില്ല.

വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളുമായി നല്ലൊരുബന്ധം ഇന്നു നിലനില്ക്കുന്നില്ല. വിദ്യാർത്ഥിയെ സ്കൂളിൽ പ്രവേശിപ്പിക്കുവാൻ ചെല്ലുന്നതല്ലാതെ പിന്നീ ടൊരിക്കലും മിക്ക രക്ഷിതാക്കളും സ്കൂളിലെത്തി നൊക്കാ റില്ല. ഇംഗ്ലീഷ് മീഡിയം അൺഎയിഡഡ്വു സ്കൂളുകളിലെ സ്ഥിതി ഇതല്ല. അവിടെ കുടുംബക്കാരൊക്കെ സ്കൂളിലെ ത്താറുണ്ട്. വീട്ടിലെ സാഹചര്യം അദ്ധ്യാപകൻ അറിയുന്ന തുപോലെ സ്കൂളിൽ കുട്ടിയുടെ പെരുമാറ്റം രക്ഷിതാവും അറിയുകതന്നെ വേണം. വളരെക്കുറച്ചു രക്ഷിതാക്കളെ കുട്ടിയുടെ കാര്യങ്ങൾ തിരക്കി സ്കൂളിലെത്തിച്ചേരാറുള്ളൂ. ഈ അവസ്ഥ മാറിയാലേ സ്കൂളുകൾ നന്നാവുകയുള്ളൂ.

രണ്ടുതരം വിദ്യാകേന്ദ്രങ്ങൾ എന്ന സ്ഥിതി ഒഴിവാക്കപ്പെ ടേണ്ടതാണ്. സാമ്പത്തികമായി മുന്നോക്കം നില്ക്കുന്ന ആളുകൾക്കുവേണ്ടി അൺഎയിഡഡ് സ്കൂളുകളും സാമ്പ ത്തികമായി പിന്നോക്കം നില്ക്കുന്നവർക്കുവേണ്ടി മറ്റു സ്കൂളുകളും എന്നതാണ് ഇന്നത്തെ സ്ഥിതി. പരിഷ്കൃത വേഷം, ഇംഗ്ലീഷു മാദ്ധ്യമം, സ്കൂൾ ബസ് സൗകര്യം എന്നി വയാണ് അൺഎയിഡഡ് സ്കൂളുകൾ ആകർഷകമാക്കു ന്നത്. സമരങ്ങൾ ഇത്തരം സ്കൂളുകളിലില്ല എന്നതും ഇത്തരം സ്കൂളുകൾക്കു പകിട്ടു നല്കുന്നു. മറ്റു വിദ്യാലയ ങ്ങളിലെ അവസ്ഥ ഇതല്ല. എല്ലാ പ്രസ്ഥാനങ്ങളും അവരുടെ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കാൻ ഈ സ്കൂളുകളിലെ വിദ്യാ ർത്ഥികളെ കരുവാക്കുന്നു. സാധാരണ സ്കൂളുകളിൽ പഠി പ്പിക്കുന്ന അദ്ധ്യാപകർ, രാഷ്ട്രീയ സാമുദായിക നേതാക്കൾ എന്നിവരിൽ നല്ലൊരു വിഭാഗം പേർ തങ്ങളുടെ സമരമി ല്ലാത്ത അൺഎയിഡഡ് സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ അയക്കുന്നുണ്ട്. പൊതു സ്കൂളിലെ അവസ്ഥ മെച്ചപ്പെടു ത്തേണ്ടവർ തന്നെ ഈ പ്രവണത പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് വിദ്യാഭ്യാസരംഗത്തു ശരിയായ ശ്രദ്ധ കിട്ടാതെ പോകുന്നു.

സാദ്ധ്യതകൾ

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിനു ഒരു പരിധിവരെ സഹായങ്ങൾ നല്കാൻ അദ്ധ്യാപക-ര ക്ഷകർത്തൃ സമിതികൾക്കു കഴിയും. ഇത്തരം സമിതികൾക്കു പുറമേ രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക പ്രവർത്ത കരെ കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള സ്കൂൾ സംരക്ഷണ സമി തികൾ രൂപീകരിക്കാം. രാഷ്ട്രീയ നേതാക്കളുടെ സമ്മർദ്ദം സർ ക്കാർ സഹായം ലഭിക്കുന്നതിന് അത്യാവശ്യമാണ്. സാംസ്കാരിക നേതാക്കൾ കലാകായികരംഗങ്ങളിൽ മാത്രമല്ല വിദ്യാദാനരംഗത്തും മികച്ച സംഭാവനകൾ നല്കാൻ കെല്പുള്ളവരാണ്. നല്ല വായനശാലകൾക്ക് അദ്ധ്യാപകരു ടെയും വിദ്യാർത്ഥികളുടെയും അറിവു വളർത്തുന്നതിനു ധാരാളം സംഭാവനകൾ നല്കാൻ കഴിയും.

ബോധവല്ക്കരണത്തിലൂടെ വിദ്യാഭ്യാസത്തിന്റെ ആവ ശ്യകത അച്ചടക്കത്തിന്റെ ആവശ്യം എന്നിവ സമൂഹത്തെ ബോദ്ധ്യപ്പെടുത്താം.

ഒരു സ്കൂളിന്റെ മെച്ചപ്പെട്ട സാഹചര്യത്തെ മറ്റു സ്കൂളു കൾക്കു കൂടി പ്രയോജനപ്പെടുത്തുക്കരീതിയിൽ സ്കൂൾ കോംപ്ലക്സുകളെ ആസൂത്രണം ചെയ്യാവുന്നതാണ്. പഞ്ചാ യത്തു കേന്ദ്രീകരിച്ച് ഒരു സ്കൂൾ കോംപ്ലക്സ് പ്രവർത്തിപ്പി ക്കണം. അദ്ധ്യാപകർക്കുവേണ്ടിയുള്ള പരിശീലന പരിപാടി കൾ ഇവയിലൂടെ ആസൂത്രണം ചെയ്യാം.

സ്കൂളുകളിലും വിദ്യാഭ്യാസരംഗത്തും കാലാനുസൃത മായി വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെയാവണമെന്നുള്ള ചർച്ചകൾ സ്കൂൾ കോംപ്ലക്സുകൾ വഴി സംഘടിപ്പിക്കാവു ന്നതാണ്.

പരിഹാരനിർദ്ദേശങ്ങൾ

★ കണ്ടല ഗവ: എച്ച്.എസ്. അരുവിക്കര പുന്നാവൂർ എൽ.പി.എസ്, ഊരുട്ടമ്പലം യു.പി.എസ്, റസൽപുരം

യു.പി.എസ് എന്നീ സ്ഥാപനങ്ങൾക്ക് അടിയന്തിരമായി സ്ഥിരം കെട്ടിടങ്ങൾ ഉണ്ടാക്കണം.

17. പാണുപ്പാറ ഇടത്തറക്ഷേത്രം നടപ്പാത സഞ്ചാരയോഗ്യമാക്കണം.

ഊർജ്ജം



വൈദ്യുതിയും പാചകത്തിനുള്ള ബയോഗ്യാസും പെട്രോളിയം ഗ്യാസും, മണ്ണെണ്ണ, ഡീസൽ, പെട്രോൾ മുതലായവയും സൗരോർജ്ജവും ആണ് ഊർജ്ജത്തിന്റെ വിഭാഗങ്ങൾ. കാർഷിക-വാണിജ്യ-വ്യവസായ മേഖലകളിൽ ഇന്ധനം അത്യാവശ്യമാണ്. ഗാർഹികാവശ്യങ്ങൾക്കാണ് ഊർജ്ജം ഈ ഗ്രാമത്തിന് അധികമായി വേണ്ടുന്നത്. ഗാർഹികാവശ്യങ്ങളിൽ പാചകാവശ്യത്തിനു വിറകിനെയാണു പ്രധാനമായും ആശ്രയിക്കുന്നത്. മരങ്ങൾ മിക്കവാറും ഈ ആവശ്യങ്ങൾക്കായി മുറിച്ചു കഴിഞ്ഞു. കൽപവൃക്ഷത്തിൽ നിന്നുള്ള ഓല, മടൽ, തൊണ്ട്, ചിരട്ട മുതലായവയുടെ ലഭ്യത ഇവിടത്തെ യഥാർത്ഥ ഉപഭോഗവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവുമാണ്. ഈ സാഹചര്യത്തിൽ വിലപനക്കായി കൊണ്ടുവരുന്ന വിറകിനെ ആശ്രയിക്കേണ്ടതായി വരുന്നു. വിറകിന്റെ വില ക്രമാതീതമായി വർദ്ധിക്കുന്നതു മൂലം സാധാരണക്കാർക്ക് അവരുടെ വരുമാനത്തിന്റെ നല്ലൊരുഭാഗം ഈ ആവശ്യത്തിനുവേണ്ടി ചിലവിടേണ്ടതായി വരുന്നു. അതുപോലെ വെളിച്ചത്തിനു നാം പ്രധാനമായും വൈദ്യുതിയെയാണ് ആശ്രയിക്കുന്നത്. എന്നാൽ ഗ്രാമത്തിലെ നല്ലൊരു ശതമാനം വീടുകളിലും ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. മണ്ണെണ്ണ വിളക്കുകളെയാണ് ഈ കുടുംബങ്ങൾ ആശ്രയിക്കുന്നത്. മുമ്പ് പുന്നയ്ക്കഎണ്ണയും വെളിച്ചെണ്ണയും ഉപയോഗിക്കുന്ന വിളക്കുകൾ ഉണ്ടായിരുന്നു. പുന്ന ഈ ഗ്രാമത്തിൽ നിന്നും അപ്രത്യക്ഷമായി. മണ്ണെണ്ണവിളക്കുകൾ ആരോഗ്യത്തിനു ഹാനികരമായതുകൊണ്ട് വൈദ്യുതിവിളക്കുകൾ എല്ലാഭാഗത്തും എത്തിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വാണിജ്യസ്ഥാപനങ്ങളിൽ മിക്കവാറും വൈദ്യുതി ലഭ്യമായിട്ടുണ്ട് എന്നുപറയാം. എന്നാൽ വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി ലഭിക്കുവാൻ ബുദ്ധിമുട്ടു നേരിടുന്നതുകൊണ്ട് പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. കണ്ടല പോളിമർ ഉപയോഗിച്ചു വാട്ടർ കണ്ടെനറുകൾ ഉണ്ടാക്കുന്ന ഫാക്ടറിയുടെ പണിപൂർത്തിയായെങ്കിലും വൈദ്യുതി ലഭിക്കാത്തതുകൊണ്ട് ഇനിയും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ മേലാറിയോടുവാർഡിൽ ഒരു ബേക്കറി സാധനങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനത്തിനും വൈദ്യുതി ലഭിക്കാത്തതുകൊണ്ടു പ്രവർത്തിക്കാനാവാതെ വന്നിരിക്കുന്നു. സ്വയം തൊഴിൽ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കണമെങ്കിൽ വൈദ്യുതി പരമപ്രധാനമാണ്. കാർഷികമേഖല നശിച്ചതോടുകൂടി തൊഴിൽ നഷ്ടപ്പെട്ടവർക്ക് ഉപജീവനത്തിനു വ്യവസായ മേഖലയെ ആശ്രയിക്കാതെ നിർവ്വാഹമില്ല.

കാർഷിക മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വൈദ്യുതി കൂടിയേ കഴിയൂ. ജലസേചനം നടത്തിയാൽ കൃഷി ഇടങ്ങളിൽ നിന്നുള്ള വരുമാനം രണ്ടിരട്ടിയോ മൂന്നിരട്ടിയോ ആയി വർദ്ധിപ്പിക്കാൻ കഴിയും. കാർഷികാവശ്യത്തിനുള്ള ഭൂമിയുടെ വിസ്തൃതി നാൾതോറും കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഉള്ള ഭൂമിയിലെ ഉല്പാദനം കൂട്ടിയാലേ ഗ്രാമത്തിന്റെ വികസനം സാദ്ധ്യമാവൂ.

ഊർജ്ജരംഗത്തെപ്പറ്റി ചിന്തിക്കുവാൻ ഈ ഗ്രാമത്തിന്റെ പ്രത്യേകതകൾ കൂടി പരിഗണിക്കേണ്ടതാണ്. കാലിസമ്പത്ത് ഈ ഗ്രാമത്തിൽ കൂടുതലാണ്. പശുക്കൾ, എരുമകൾ, പോത്തുകൾ, കാളകൾ എന്നിവയുടെ സംഖ്യ 3174 ആണ്. ഇവയുടെ ചാണകം ഉപയോഗിച്ചു ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചാൽ ആയിരത്തി അഞ്ഞൂറിലധികം കുടുംബങ്ങൾക്കാവശ്യമുള്ള പാചകഗ്യാസും വെളിച്ചവും നല്കാൻ കഴിയും. ചില സംസ്ഥാനങ്ങളിൽ ഇപ്പോൾ കുറെ കുടുംബങ്ങൾക്ക് ഒരുമിച്ച് പാചകത്തിനും വെളിച്ചത്തിനും ആവശ്യമായ ഒരു പ്ലാൻറു സ്ഥാപിച്ചു ബയോഗ്യാസ് ഉണ്ടാക്കി വിതരണം നടത്തിവരുന്ന ആ രീതി ഇവിടെയും പ്രയോഗത്തിൽ വരുത്താവുന്നതാണ്. ഊർജ്ജ പ്രതിസന്ധി നിലവിലിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ ഊർജ്ജ സ്രോതസ്സിനെ ചൂഷണം ചെയ്യുക തന്നെ വേണം.

സൗരോർജ്ജവിളക്കുകൾ എല്ലാ വാർഡുകളിലും സ്ഥാപിച്ച് ഈ രംഗത്തേക്ക് ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കേണ്ടതാണ്. അനർട്ടിന്റെ സബ് സിഡിയോടുകൂടിയ സൗരവിളക്കുകൾ ഈ ഗ്രാമത്തിലെ വീടുകളിൽ പ്രചരിപ്പിക്കേണ്ട

താണ്. ഇത്തരം വിളക്കുകൾ പ്രചാരത്തിൽ വരുത്തിയാൽ വൈദ്യുതിക്ക് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വൈദ്യുതിയെ വിളക്കിനു വേണ്ടി ആശ്രയിക്കേണ്ടിവരുന്ന അവസ്ഥയിൽ നിന്നും പരിധിവരെ മോചനം നേടാം.

വൈദ്യുതി ഉല്പാദനത്തിനു ജലപദ്ധതികളെ മാത്രം ആശ്രയിക്കുന്ന ഇന്നത്തെ രീതി അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്. കാലവർഷത്തിന്റെ ഏറ്റക്കുറച്ചിലുകൾ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉർജ്ജോല്പാദനം ഇത്രയുണ്ടാകുമെന്നു തിട്ടപ്പെടുത്താൻ കഴിയാത്ത അവസ്ഥ സംജാതമാക്കിയിട്ടുണ്ട്. ഈ അസ്ഥിരമായ അവസ്ഥയെ ആശ്രയിച്ചുകൊണ്ട് ഒരു പദ്ധതിയും ആസൂത്രണം ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് മറ്റു ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തിയാലേ കഴയൂ. താപവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനു തുടങ്ങിയിട്ടുണ്ടെങ്കിലും ഇന്നും ആ സ്രോതസ്സിൽ നിന്നുമുള്ള വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. ബയോഗ്യാസ് ഉപയോഗിച്ച് ജലസേചനത്തിനുള്ള പമ്പുകൾ പ്രവർത്തിപ്പിക്കാനാവും. ആ സങ്കേതം ഗ്രാമതലത്തിൽ ലഭ്യമാക്കുവാൻ നടപടികൾ കൈക്കൊള്ളണം.

ഈ പഞ്ചായത്തിൽ 52 കിലോമീറ്റർ നീളമുള്ള ഒരു പ്രസരണശൃംഖലയാണ് വൈദ്യുതമേഖലയിൽ ഉള്ളത്. വൈദ്യുതി വിതരണത്തിനായി ഈ ഗ്രാമത്തിന്റെ പല ഭാഗങ്ങളിലായി 20 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 801 തെരുവുവിളക്കുകൾ ഈ ഗ്രാമത്തിലുണ്ട്. മുപ്പത്തിയെട്ടു ഫ്ല്യൂറസെന്റു ട്യൂബുകളും, എഴുന്നൂറ്റി അറുപത്തിമൂന്നു ബൾബുകളും. പ്രതിമാസം വൈദ്യുതി ചാർജ്ജിനത്തിൽ 12035 രൂപ പഞ്ചായത്തിൽ നിന്നും അടച്ചുവരുന്നു.

ഉപഭോഗത്തിന്റെ കണക്കു പരിശോധിച്ചാൽ ഗാർഹിക ഉപഭോക്താക്കളുടെ സംഖ്യയാണു ഏറെമുന്നിൽ. 4342 ഗാർഹിക ഉപഭോക്താക്കളുണ്ട് ഈ ഗ്രാമത്തിൽ. വാണിജ്യ ഉപഭോക്താക്കൾ നാനൂറ്റിപത്തൊമ്പതും വ്യാവസായിക ഉപഭോക്താക്കൾ അൻപത്തിമൂന്നും കാർഷിക ഉപഭോക്താക്കൾ ഇരുന്നൂറ്റിഅഞ്ചുമാണ്. സർക്കാർ സ്ഥാപനങ്ങളിലും മറ്റുമായി 110 ഉപഭോക്താക്കൾ വേറെയുമുണ്ട്. ആകെ ഉപഭോക്താക്കളുടെ സംഖ്യ 5219 ആണ്.

293 പേർ വൈദ്യുതി ലഭിക്കുന്നതിനു പേരും രജിസ്റ്റർ ചെയ്തു കാത്തിരിക്കുകയാണ്. മുൻഗണനാക്രമത്തിൽ 250 പേരും, OYC അടിസ്ഥാനത്തിൽ 18 പേരും OYCE അടിസ്ഥാനത്തിൽ 25 പേരും ഇതിൽ ഉൾപ്പെടുന്നു.

ഹരിജൻ കോളനികളിൽ 55 ഓർഡിനറി കണക്ഷനും 15 OTP കണക്ഷനും 90 OYEC കണക്ഷനും നല്കിയിട്ടുണ്ട്.

വൈദ്യുതി ഉപയോഗിക്കുന്നതിൽ ശരിയായ അറിവ് ഉപഭോക്താക്കൾക്കു നല്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആവശ്യത്തിനുവേണ്ടിമാത്രം വൈദ്യുതി ഉപയോഗിക്കാൻ ജനങ്ങളെ ബോധവല്ക്കരിക്കണം. ആഡംബരവിളക്കുകൾ നിരുത്സാഹപ്പെടുത്തണം. ഊർജ്ജം കുറച്ചുമാത്രം വേണ്ടിവരുന്ന ട്യൂബുകൾ, ഇലക്ട്രോണിക് ചോക്കുകൾ എന്നിവ പ്രചരിപ്പിക്കുകയും അവ സബ്സിഡിയോടുകൂടി നല്കുകയും വേണം. വൈദ്യുതി ദുരുപയോഗം ചെയ്യുന്നവരെ നിയമപരമായിത്തന്നെ നേരിട്ട് പാഴ്ച്ചെലവു കുറയ്ക്കുക തന്നെ വേണം.

പുക കുറഞ്ഞ അടുപ്പുകൾ പ്രചരിപ്പിക്കണം. വിറകു കുറച്ചുമതി എന്നതാണ് ഈ അടുപ്പുകളുടെ നേട്ടം. ഇത്തരം അടുപ്പുകൾ വ്യാപകമാക്കുന്നതോടുകൂടി പാചകാവശ്യത്തിനുവേണ്ടി മുറിക്കപ്പെടുന്ന മരങ്ങളുടെ എണ്ണം കുറയ്ക്കുവാനും വനനശീകരണം ഇല്ലാതാക്കുവാനും കഴിയും. അയ്യായിരത്തിലേറെ വൈദ്യുതി ഉപഭോക്താക്കളുള്ള തിരുവനന്തപുരം ജില്ലയിലെ ഏക പഞ്ചായത്താണിത്. വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾ കാലവിളംബം കൂടാതെ നിറവേറ്റുന്നതിന് മാറനല്ലൂരിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സബ് എൻജിനീയർ ഓഫീസ് ഒരു സെക്ഷൻ ഓഫീസായി ഉയർത്തണം.

പ്രശ്നങ്ങൾ

- ഈ ഗ്രാമത്തിലെ അനവധി പ്രദേശങ്ങളിൽ വൈദ്യുതി ഇനിയും എത്തിച്ചേർന്നിട്ടില്ല.
- വൈദ്യുതി എത്തിച്ചേർന്നിട്ടുള്ള പ്രദേശങ്ങളിൽത്തന്നെ കണക്ഷൻ കിട്ടാൻ ധാരാളംപേർ കാത്തിരിക്കുകയാണ്.
- വ്യവസായ ആവശ്യത്തിനും കാർഷിക ആവശ്യത്തിനും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുകൊണ്ട് ആ രംഗങ്ങളിലെ വികസനം മുടങ്ങിക്കിടക്കുകയാണ്
- തെരുവുവിളക്കുകൾ ഉള്ള സ്ഥലങ്ങളിൽത്തന്നെ കത്താത്ത വിളക്കുകൾ ധാരാളമുണ്ട്. കത്താത്ത വിളക്കുകൾക്കും വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്തിനു പണമടക്കേണ്ടതായി വരുന്നു.
- തെരുവുവിളക്കുകൾ അത്യാവശ്യമുള്ള പല ഭാഗങ്ങളിലും ഇനിയും സ്ഥാപിച്ചിട്ടില്ല.
- പ്രസരണനഷ്ടം വരുന്ന രീതിയിൽ മരത്തിന്റെ ചില്ലകൾ വൈദ്യുതികമ്പികളിൽ തട്ടിനില്ക്കുന്നതു മുറിച്ചുമാറ്റാൻ ശ്രദ്ധിക്കാറില്ല.
- വൈദ്യുതി ഉല്പാദനത്തിനു ചൂഷണം ചെയ്യാവുന്ന മേഖലകളെ ചൂഷണം ചെയ്യുന്നില്ല.
- പാചകത്തിനാവശ്യമായ ഇന്ധനക്ഷാമം വളരെ കൂടുതലാണ്.

- ഹരിജൻ കോളനികൾ എല്ലാം വൈദ്യുതീകരിച്ചിട്ടില്ല.
- ഇലക്ട്രിക് പോസ്റ്റിന്റെ അമിതമായ വിലകാരണം സാധാരണക്കാർക്കു വൈദ്യുതി കണക്ഷൻ നേടാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നു.
- പ്രവർത്തിക്കാത്ത മീറ്ററുകളും അതിവേഗം ഓടുന്ന മീറ്ററുകളും പരിശോധിക്കുവാൻ യാതൊരു ശ്രമവും ഇന്നില്ല.

സാദ്ധ്യതകൾ

★ ഈ പഞ്ചായത്തിൽ ക്ഷീരോല്പാദനത്തിന് ധാരാളം മാടുകളെ വളർത്തുന്നതുകൊണ്ട് ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാനും ധാരാളം കുടുംബങ്ങൾക്ക് പാചകത്തിനും വിളക്കിനും ഈ ഊർജ്ജസ്രോതസ്സിനെ പ്രയോജനപ്പെടുത്താം.

★ ബയോഗ്യാസിൽ നിന്നും ജലസേചനത്തിനുള്ള പമ്പുകളും പ്രവർത്തിപ്പിക്കാനുള്ള ശാസ്ത്ര-സാങ്കേതികവിദ്യ ഇവിടെ നടപ്പിലാക്കാവുന്നതാണ്.

★ വൈദ്യുതബൾബുകൾക്കുപകരം ട്യൂബുലൈറ്റുകൾ ഉപയോഗിക്കുക, ഇലക്ട്രോണിക് ചോക്കുകൾ എന്നിവ മൂലം വൈദ്യുതോർജ്ജം ലാഭിക്കാവുന്നതാണ് ഇതിനു സബ്സിഡി നല്കേണ്ടതാണ്.

★ ദക്ഷതകൂടിയ അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കാം.

★ പ്രഷർകുക്കറുകൾ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുക.

★ ദക്ഷതകൂടിയ സ്റ്റൗ ഉപയോഗിക്കുക.

വൈദ്യുതിരംഗത്ത് ഈ ഗ്രാമത്തിൽ നിർദ്ദേശിക്കുന്ന പരിപാടികൾ

മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

1:6 തെരുവുവിളക്കുകൾ സംബന്ധിച്ച വിവരം

Ref: A. IV.T

വാർഡ്	വിളക്കുകളുടെ എണ്ണം				ആകെ
	വേപ്പർ ലാമ്പ്	ഫ്ലൂ: ലാമ്പ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
1. കണ്ടല	—	3	22	—	95
2. അഴകം	—	3	44	—	47
3. ചീനിവിള	—	3	88	—	91
4. പെരുമുള്ളൂർ	—	5	80	—	85
5. ഊരുട്ടമ്പലം	—	6	104	—	110
6. എർത്താവൂർ	—	4	60	—	64
7. വണ്ടന്നൂർ	—	2	62	—	64
8. കൂവളശ്ശേരി	—	2	21	—	73
9. മേലാരിയോട്	—	3	36	—	39
10. അരുവിക്കര	—	3	36	—	39
11. കരിങ്ങൽ	—	2	40	—	42
12. കൊറ്റംപള്ളി	—	2	30	—	32
ആകെ	—	38	763	—	801

1. ആകെ വൈദ്യുതി ലൈനിന്റെ നീളം : 52 കി.മീ.
2. തെരുവുവിളക്കു വൈദ്യുതിചാർജ് ഇനത്തിൻ തൻ വർഷം ചിലവഴിച്ച തുക
3. വരുമാനത്തിന്റെ എത്ര ശതമാനം.

അനുബന്ധം - 10
മാറനല്ലൂർ ഗ്രാമപഞ്ചായത്ത്
10:1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ	a	ഗാർഹികം	4342
	b	വ്യാപാരം	419
	c	വ്യാവസായികം	53
	d	കാർഷികം	205
	e	മറ്റുള്ളവ	110
		ആകെ	5129
2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം	a	ഓർഡിനറി	250
	b	OTP 18	
	c	OYEC 25	
		ആകെ	293
	അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി 17.10.96		
3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം	1. ബൾബ്		
	25W		NIL
	40W		439
	60W		49
	100W		275
			763
	2. ട്യൂബ്		38
	3. മർക്കുറിവേപ്പർ		NIL
	4. സോഡിയംവേപ്പർ		NIL
			801
4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ			17
5. തൻവർഷത്തെ കണക്ഷൻ	1. ഓർഡിനറി		55
	2. OTP		15
	3. OYEC		90
			160
6. പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോമറുകളുടെ പേരുകൾ	1 ഇറയാംകോട്		
	2 കണ്ടല		
	3 അരുമാളൂർ		
	4 ചീനിവിള കാറ്റിൽഫീൽഡ്		
	5 സൈറ്റലസ്		

6 ചീനിവിള
7 വെള്ളൂർക്കോണം
8 പെരുമുള്ളൂർ
9 മണ്ണടിക്കോണം
10 വള്ളൂർ
11 അച്ചത്തുകോണം
12 അരുവിക്കര
13 കൈനിക്കര
14 ചെമ്പൻകുഴി
15 വണ്ടന്നൂർ
16 മണ്ണടിക്കോണം
17 നീറമൺകുഴി
18 ഗോവിന്ദമംഗലം
19 വേലിക്കോട്
20 അണപ്പാട്
21 എണ്ണാഴിയോട്

7. സ്ട്രീറ്റ് ലൈറ്റിന് പ്രതിമാസം അടയ്ക്കുന്ന തുക രൂപ 13178

മാറനല്ലൂർ ഗ്രാമപഞ്ചായത്ത് — ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻകോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ	സൗജന്യ സ്കീമിൽ വൈദ്യു: ഉപ: എണ്ണം	പണം നൽകി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
12	പാറവിള	50	6	14
1	മുണ്ടഞ്ചിറ	54	16	10
9	ചെമ്പരി	25	3	14
2	അഴകം	12	3	6
8	ചെന്നിയോട്	42	5	20
9	കയനിക്കര	116	12	47
9	ചെമ്പൻകുഴി	145	16	52
9	ഉണ്ടുവെട്ടി	35	2	19
7	ആരൃശാലക്കോണം	24	2	13
5	മഞ്ഞറമൂല	30	3	14
6	കീഴ്പ്പാട്ടുവിള	70	5	18
6	തേവരക്കോട് അമ്പദ്കർ കോളനി	72	8	24
11	കലമ്പാട്ടുകോണം	28	3	9
10	അച്ചത്തുകോണം (ട്രൈബൽ)	75	8	19
5	കിളിക്കോട്ടുകോണം	42	4	16
11	പുത്തൻകാവുവിള	77	8	25
		1005	112	349

N.B.: ഈ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കൂടുതൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി എടുക്കണം. ലക്ഷവീടുകളിൽ നിലവിലുള്ള പോസ്റ്റിൽ ഓർഡിനറി ബൾബുകൾ സ്ഥാപിച്ച് വൈദ്യുതി സൗകര്യം വർദ്ധിപ്പിക്കുക.

അഞ്ചിൽ കുറയാത്ത ദരിദ്ര കുടുംബങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ സൗജന്യമായി വൈദ്യുതി എത്തിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം.

KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
THRISSUR-680581

മാറനല്ലൂർ പഞ്ചായത്ത്

വാർഡിന്റെ പേര്	സ്ട്രീറ്റ് ലൈറ്റില്ലാത്ത റോഡ്	വൈദ്യുതി എത്താത്ത പ്രദേശം	ബാർബുകൾ ഫ്ലൂറസെന്റ് മെർക്കുറി മുതലായവ ആവശ്യമുള്ള സ്ഥലങ്ങൾ
കണ്ടല	1. കാവുംപുറം ചാന്നാംകുഴി റോഡ് 2. അരുമാളൂർ - മുണ്ടൻചിറ റോഡ് 3. കണ്ടലചന്ത - നെല്ലിക്കോട് തടം 4. തൂങ്ങാംപാറ - ഇറയംകോട് തടം 5. ചുമടുതാങ്ങി - ഇറയംകോട് തടം 6. കണ്ടല പാണംവിളാകം ഇടവഴി 7. ക്ഷേത്രനട - ഊന്നാംപാറ റോഡ് 8. കണ്ടല ഹരിജൻ കോളനിറോഡ് 9. സ്റ്റേഡിയം കരിങ്ങൽ ഇടവഴി 10. കൊച്ചുപള്ളിനട - ഉമ്മൻകുഴി ഇടവഴി 11. (ഇറയംകോട് - കണ്ടല - മുണ്ടൻചിറ തോടുവരമ്പ് റോഡ്) 12. വേലംവിളാകം മുസ്ലിം കോളനി	ഉമ്മൻകുഴി ഇറയംകോട് മഹാദേവർ ക്ഷേത്രത്തിന് കീഴ്ഭാഗം മുണ്ടൻചിറ താഴ്ഭാഗം ചിറയ്ക്കോട് മുണ്ടുചുമടിതാങ്ങി വേലംവിളാകം ഉമ്മൻകുഴി	കണ്ടല ജംഗ്ഷൻ മുണ്ടൻചിറ തൂങ്ങാംപാറ എ.കെ.ജി.നഗർ കൊച്ചുപള്ളിനട
അഴകം	1. നെല്ലിക്കോട് പൊട്ടൻകാവ് റോഡ് 2. ഊന്നാംപാറ മഹാദേവർക്ഷേത്രം റോഡ് 3. പൊയ്യൂർക്കാവ്-കരിക്കുളം കണ്ടല മുടിപ്പുരനട റോഡ് 4. കുഴിവിള-ചിലവക്കോട് അണപ്പാട് റോഡ് 5. പെരുംകുളത്തിൻകര കരിക്കുളങ്ങര റോഡ് 6. മാങ്കാര ശങ്കരമംഗലം കുളംവരെ 7. നെല്ലിക്കോട്-ഇലവഞ്ചിത്തലയ്ക്കൽ ഹരിജൻ കോളനി റോഡ്	വലിയവളി-തെരളിക്കുഴി-പൂവൻവിള ചപ്പാത്ത്-പാപ്പാറ അന്തിയൂർക്കോണം ഇടവഴി അയണിയറമൂല കാട്ടുവിള	കുഴിവിള മാങ്കാരകോളനി മുക്ക് കാട്ടുവിള ബസ്സ് തിരിയുന്ന സ്ഥലം. പൊയ്യൂർക്കാവ് തിരിയുന്ന മുക്ക് നെല്ലിക്കോട് എച്ച്.എസ്.എം.എസ്
ചീനിവിള	1. അഞ്ചറവിള-ചെറുവട്ടിക്കോണം റോഡ് 2. ആനമൺ റോഡ് 3. ചെമ്മോട് റോഡ് 4. വാണിയംകോട് റോഡ് 5. അഞ്ചറവിള ലക്ഷംവീട് 6. ചെറുകരലക്ഷംവീട് 7. കോവിൽനട അണപ്പാട് റോഡ് 8. മണത്തോടും ഇടവഴി 9. ചീനിവിള ജംഗ്ഷൻ	മണത്തോട്ടം വാണിയംകോട് ഒഴുകുപാറ കുന്നുമ്പംഗ്ലാവ് നീതിക്കോട്ടുകോണം കൈപ്പള്ളിക്കോണം മരുവത്തൂർക്കോണം മൂലക്കോണം വാണിയംകോട് ഇടവഴി നീതിക്കോട്ടുക്കോണം ഇടവഴി	തച്ചമൺ റോഡ് ചീനിവിള ജംഗ്ഷൻ മൂലക്കോണം ജംഗ്ഷൻ അണപ്പാട് ചെമ്മോട് റോഡ് റേഡിയോ പാർക്ക് ജംഗ്ഷൻ ചീനിവിള തിപ്പട്ടി കമ്പനി ജംഗ്ഷൻ പാറ്റപ്പാറ ജംഗ്ഷൻ
പെരുമുള്ളൂർ	1. ഇടത്തറ റോഡ്	പിരിയാകോട്-നീറോട്ടുവിളാകം പൊതുവഴിയിലും ആ പ്രദേശത്തുള്ള കുടുംബങ്ങളിലും	ഊരുട്ടമ്പലം ജംഗ്ഷൻ

വാർഡിന്റെ പേര്	സ്ട്രീറ്റ് ലൈറ്റില്ലാത്ത റോഡ്	വൈദ്യുതി എത്താത്ത പ്രദേശം	ബൾബുകൾ ഫ്ലൂറസെന്റ് മെർക്കുറി മുതലായവ ആവശ്യമുള്ള സ്ഥലങ്ങൾ
വണ്ടന്നൂർ	കുറുക്കണ്ണംവൂർ-നക്കോട് ഇടവഴി കുളത്തുവിള-വണ്ടന്നൂർ റോഡിൽ വേട്ടമംഗലം ഭാഗം തേവരക്കോട് കുളഭാഗം കുന്നിൻറോഡ് കമുകിൻകോട് ഇടവഴി മേലാരിയോട് കുറുക്കണ്ണംവൂർ ഇടവഴി കീളിയോട് വണ്ടന്നൂർ-കളത്തുവിള റോഡ് ഇടുക്കത്തുകോണം - മേലാരിയോട് ഇടവഴി	തേവരക്കോട്കുളം കമുകിൻകോട് ഭാഗം കീളിയോട് കുളംഭാഗം	തേവരക്കോട്കുളം കമുകിൻകോട് കീളിയോട്കുളം വേട്ടമംഗലംകുളം
മേലാരിയോട്	1. കൈതയിൽ ചെമ്പരി ഹരിജൻകോളനി റോഡ് 2. ഉണ്ടുവെട്ടി-പുല്ലയിൽ-കയണിക്കര ഹരിജൻകോളനി റോഡ് 3. ചെങ്കള്ളൂർ-വെളിയംകോട് റോഡ് 4. കൊങ്ങംകോട് ഹരിജൻകോളനി ലൈൻ 5. വള്ളൂർ-ചെന്നിയോട് റോഡ്	കൊണ്ടംകോട് കൈനയിൽ ചുമടുതാങ്ങിവിള തുലംപാറ മേൽപ്പുല്ലയിൽ-കാവുംപുറം കുവളശ്ശേരി-കണിയാംവിള വള്ളൂർ-ചെന്നിയോട്	ചെങ്കള്ളൂർ, ചെന്നിയോട്, കാവുംപുറം - ബൾബ് പുന്നാവൂർ കോൺവെൻറ് നട - ഫ്ലൂറസെൻറ് ഉണ്ടുവെട്ടി ക്ഷേത്രനട-ഫ്ലൂറസെൻറ് വെളിയംകോട് സ്കൂൾ നട-ഫ്ലൂറസെൻറ് കുവോട് സി.എസ്.ഐ ചർച്ചനട. വെളിയംകോട് ബസ്സ് തിരിയുന്ന സ്ഥലം ചെന്നിയോട് ചിറത്തലയ്ക്കൽ ജംഗ്ഷൻ ചെമ്പരി-ശിശുമന്ദിരം കാവിൻപുരം ഫാക്ടറിനട, കുന്നിൽ സി.എസ്സ്.ഐ. ചർച്ച് പാൽക്കുന്ന് - ആശുപത്രി ജംഗ്ഷൻ - ഫ്ലൂറസെൻറ് വള്ളൂർകുളിക്കടവ്
അരുവിക്കര	അരുവിക്കര തന്തുപാററോഡ് പുന്നാവൂർ-കാരനിന്നവിളറോഡ് പുന്നാവൂർ അച്ചന്തുകോണം റോഡ് പുന്നാവൂർ എൽ.പി.എസ് വാരിയ്ക്കംപാട് റോഡ് പൂവൻവിള-അച്ചന്തുകോണം റോഡ് പൂവൻവിള-തെങ്ങുംകുഴി റോഡ്	പൊട്ടറി തോട്ടം നെടുംപാറ കൈതക്കുഴി ഭരണിയറക്കുഴി ഇഞ്ചക്കോട്ടുകോണം കുഴിവിള കോടന്നൂർ ബസ്സ് തിരിയുന്ന സ്ഥലം	പുന്നാവൂർ അരുവിക്കരക്ഷേത്രനട മേലാരിയോട് പൂവൻവിള
കുവളശ്ശേരി	തുള്ളകുളം റോഡ് പോങ്ങുംമൂട് മുടന്തിക്കര	കുവളശ്ശേരി ക്ഷേത്രനട റോഡ് മണത്തോട്ടം ഇടവഴി മലവിള മുടന്തിക്കര റോഡ് ചീനിവിള മൈലോട് ഇടവഴി മൂലക്കോണം ഇലിപ്പോടുകുഴി ഇടവഴി പുന്നാവൂർ ചീനിവിള റോഡ്	പോങ്ങുംമൂട് ജംഗ്ഷൻ, മൂലക്കോണം, പോങ്ങുംമൂട് നോർത്ത് - ഫ്ലൂറസെൻറ് കുവളശ്ശേരി ക്ഷേത്രം കോട്ടമുകൾ പോപ്പുലാർ ജംഗ്ഷൻ
കരിങ്ങൽ	1. പുത്തൻകാവുവിള അച്ചന്തുകോണം റോഡ് 2. പുത്തൻകാവുവിള-കാട്ടുവിള റോഡ് 3. അരുമാള്ളൂർ-തൊട്ടിക്കര റോഡ്	കലമ്പാട്ട്കോണം പ്ലാങ്കാലക്കോണം തൊടുവെട്ടിപ്പാറ	അരുമാള്ളൂർ - മെർക്കുറി പന്തടിക്കളം അരുവിയോട് ക്ഷേത്രനട (ഫ്ലൂറസെൻറ്)

വാർഡിന്റെ പേര്	സ്ട്രീറ്റ് ലൈറ്റില്ലാത്ത റോഡ്	വൈദ്യുതി എത്താത്ത പ്രദേശം	ബൾബുകൾ ഫ്ലൂറസെന്റ് മെർക്കുറി മുതലായവ ആവശ്യമുള്ള സ്ഥലങ്ങൾ
വണ്ടന്നൂർ	കുറുക്കണ്ണംവൂർ-നക്കോട് ഇടവഴി കുളത്തുവിള-വണ്ടന്നൂർ റോഡിൽ വേട്ടമംഗലം ഭാഗം തേവരക്കോട് കുളഭാഗം കുന്നിൽറോഡ് കമുകിൻകോട് ഇടവഴി മേലാരിയോട് കുറുക്കണ്ണംവൂർ ഇടവഴി കീളിയോട് വണ്ടന്നൂർ-കളത്തുവിള റോഡ് ഇടുക്കത്തുകോണം - മേലാരിയോട് ഇടവഴി	തേവരക്കോട്കുളം കമുകിൻകോട് ഭാഗം കീളിയോട് കുളംഭാഗം	തേവരക്കോട്കുളം കമുകിൻകോട് കീളിയോട്കുളം വേട്ടമംഗലംകുളം
മേലാരിയോട്	1. കൈതയിൽ ചെമ്പരി ഹരിജൻകോളനി റോഡ് 2. ഉണ്ടുവെട്ടി-പുല്ലയിൽ-കയണിക്കര ഹരിജൻകോളനി റോഡ് 3. ചെങ്കള്ളൂർ-വെളിയംകോട് റോഡ് 4. കൊങ്ങംകോട് ഹരിജൻകോളനി ലൈൻ 5. വള്ളൂർ-ചെന്നിയോട് റോഡ്	കൊണ്ടംകോട് കൈനയിൽ ചുമടുതാങ്ങിവിള തുലംപാറ മേൽപ്പുല്ലയിൽ-കാവുംപുറം കൂവളശ്ശേരി-കണിയാംവിള വള്ളൂർ-ചെന്നിയോട്	ചെങ്കള്ളൂർ, ചെന്നിയോട്, കാവുംപുറം - ബൾബ് പുന്നാവൂർ കോൺവെന്റ് നട - ഫ്ലൂറസെന്റ് ഉണ്ടുവെട്ടി ക്ഷേത്രനട-ഫ്ലൂറസെന്റ് വെളിയംകോട് സ്കൂൾ നട-ഫ്ലൂറസെന്റ് കൂവോട് സി.എസ്.ഐ ചർച്ചനട. വെളിയംകോട് ബസ്സ് തിരിയുന്ന സ്ഥലം ചെന്നിയോട് ചിറഞ്ഞലയ്ക്കൽ ജംഗ്ഷൻ ചെമ്പരി-ശിശുമന്ദിരം കാവിൻപുരം ഫാക്ടറിനട, കുന്നിൽ സി.എസ്സ്.ഐ. ചർച്ച് പാൽക്കുന്ന് - ആശുപത്രി ജംഗ്ഷൻ - ഫ്ലൂറസെന്റ് വള്ളൂർകുളിക്കടവ്
അരുവിക്കര	അരുവിക്കര തന്തുപാററോഡ് പുന്നാവൂർ-കാരനിന്നവിളറോഡ് പുന്നാവൂർ അച്ചന്തുകോണം റോഡ് പുന്നാവൂർ എൽ.പി.എസ് വാരിയ്ക്കംപാട് റോഡ് പൂവൻവിള-അച്ചന്തുകോണം റോഡ് പൂവൻവിള-തെങ്ങുംകുഴി റോഡ്	പൊട്ടറി തോട്ടം നെടുംപാറ കൈതക്കുഴി ഭരണിയറക്കുഴി ഇഞ്ചക്കോട്ടുകോണം കുഴിവിള കോടന്നൂർ ബസ്സ് തിരിയുന്ന സ്ഥലം	പുന്നാവൂർ അരുവിക്കരക്ഷേത്രനട മേലാരിയോട് പൂവൻവിള
കൂവളശ്ശേരി	തുള്ളക്കുളം റോഡ് പോങ്ങുംമൂട് മുടന്തിക്കര	കൂവളശ്ശേരി ക്ഷേത്രനട റോഡ് മണത്തോട്ടം ഇടവഴി മലവിള മുടന്തിക്കര റോഡ് ചീനിവിള മൈലോട് ഇടവഴി മൂലക്കോണം ഇലിപ്പോടുകുഴി ഇടവഴി പുന്നാവൂർ ചീനിവിള റോഡ്	പോങ്ങുംമൂട് ജംഗ്ഷൻ, മൂലക്കോണം, പോങ്ങുംമൂട് നോർത്ത് - ഫ്ലൂറസെന്റ് കൂവളശ്ശേരി ക്ഷേത്രം കോട്ടമുകൾ പോപ്പുലാർ ജംഗ്ഷൻ
കരിങ്ങൽ	1. പുത്തൻകാവുവിള അച്ചന്തുകോണം റോഡ് 2. പുത്തൻകാവുവിള-കാട്ടുവിള റോഡ് 3. അരുമാള്ളൂർ-തൊട്ടിക്കര റോഡ്	കലമ്പാട്ട്കോണം പ്ലാങ്കാലക്കോണം തൊടുവെട്ടിപ്പാറ	അരുമാള്ളൂർ - മെർക്കുറി പന്തടിക്കളം അരുവിയോട് ക്ഷേത്രനട (ഫ്ലൂറസെന്റ്)

വാർഡിന്റെ പേര്	സ്ട്രീറ്റ് ലൈറ്റില്ലാത്ത റോഡ്	വൈദ്യുതി എത്താത്ത പ്രദേശം	ബൾബുകൾ ഫ്ലൂറസെന്റ് മെർക്കുറി മുതലായവ ആവശ്യമുള്ള സ്ഥലങ്ങൾ
കരിങ്ങൽ	4. അരുമാളൂർ-മൂക്കന്നൂർക്കോണം റോഡിൽ അരുവിയോട് ക്ഷേത്രംനട മുതൽ മൂക്കന്നൂർക്കോണം സൂപ്പർ പാസ്വരെ	പുലിമുട്ടം, നെടുംപന്നിക്കോണം	അരുമാളൂർ വലിയപള്ളിനട
	5. നീലാംകോണം കൊക്കോട് ഇടവഴി	ഏറക്കുന്നത്തു നട മുതൽ പുലിമുട്ടം വരെയുള്ള ഏലാബണ്ട് പ്രദേശം	തൊട്ടിക്കര ദേവീക്ഷേത്രം നട
	6. പുത്തൻകാവുവിള-കരിയ്ക്കകം റോഡ്	കോണത്തുവിളാകം	പുത്തൻകാവുവിള ചർച്ച് നട - ഫ്ലൂറസെന്റ്
	7. നീലാംകോണം കലമ്പാട്കോണം-തേരിക്കുന്നം റോഡ്	കുന്നത്തുവിളാകം	മൂക്കന്നൂർക്കോണം സൂപ്പർപാസ്സ് ജംഗ്ഷൻ - മെർക്കുറി ലൈറ്റ്
	8. ഏറക്കുന്നം മുതൽ പുലിമുട്ടം വരെയുള്ള തോട്ബണ്ട്	അരുവിയോട്-മൂഴിപ്രദേശം	
	9. അരുമാളൂർ ഖാദിബോർഡ് പുത്തൻകാവുവിള ഇടവഴി		
	10. പന്തടിക്കളംകോണത്തുവിളാകം ഇടവഴി		
കൊറ്റംപള്ളി	1. ഞാറന്തല അംബേദ്കർ കോളനി കുറകോണം റോഡ്	പാറയിൽവിളാകം കോളനി	കൊറ്റംപള്ളി ജംഗ്ഷൻ, കണ്ടല കോളനി
	2. കൊറ്റംപള്ളി മൂങ്ങനാട്ടുകുഴി റോഡ്	കല്ലറയ്ക്കൽ, തൊടുവെട്ടിപ്പാറ	അച്ചാമത്തുകോണം
	3. തൊടുവെട്ടിപ്പാറ	കല്ലിംഗവിളാകം	മാവുവിള, പാറവിള പുല്ലുവരമ്പ് - ഫ്ലൂറസെന്റ്
	4. ഞാറന്തല ഇണ്ടന്നൂർക്കോണം	വാഴപ്പള്ളി	പുലിമുട്ടം, തേരിക്കുന്നം .
	5. കല്ലിംഗവിളാകം ഇടവഴി	തെക്കേകുളമാംകുഴി	മുല്ലശ്ശേരി, മൂങ്ങനാട്ടുകുഴി തൂങ്ങാംപാറ എൽ.പി.എസ്., എം.എസ്.
	6. കൊറ്റംപള്ളി അമ്മന്നൂർ വിളാകം അറത്തലയ്ക്കൽ പുളിമൂട്	കരിങ്ങൽ ഏലാ മാവുവിള, പാറവിള അച്ചാമത്തുകോണം — ബൾബുകൾ മാറ്റണം	ഞാറന്തല - മെർക്കുറി ലൈറ്റ്

മാർക്കറ്റ്



കുടിൽ വ്യവസായങ്ങൾ ധാരാളമുണ്ടായിരുന്ന പഞ്ചായത്താണ് നമ്മുടേത്. എന്നാൽ ഇന്നത് നാശത്തിന്റെ വക്കിലാണ്. ചെറുകിട കുടിൽവ്യവസായങ്ങളിലൂടെ നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് ശരിയായ മാർക്കറ്റും ന്യായമായ വില ഉല്പന്നങ്ങൾക്ക് ലഭിച്ചില്ല എന്നിവയായിരുന്നു ഈ തകർച്ചയുടെ അടിസ്ഥാന കാരണങ്ങൾ. വൈകുന്നേരങ്ങളിൽ വമ്പിച്ച തിരക്കേറിയ ചന്തകൾ നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിന്റെ ഭാഗമായിരുന്നു. എന്നാൽ ആ ചന്തകളിൽ പലതും ഇന്ന് പ്രവർത്തനരഹിതമാണ്. ഇപ്പോൾ ചെറുകിട കർഷകർ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ മറ്റ് പഞ്ചായത്തുകളിലെ ചന്തകളിൽ കൊണ്ടുപോയി വിൽക്കേണ്ടുന്ന അവസ്ഥയാണുള്ളത്. ഇത് ചെറുകർഷകരെ വളരെയധികം ബുദ്ധിമുട്ടിയ്ക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ പഴവും പച്ചക്കറികളും മറ്റു സാധനങ്ങളും കൂടിയ വിലയ്ക്കു വാങ്ങേണ്ടിവരികയും ചെയ്യുന്നു. കർഷകർ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വിളകൾ ശാസ്ത്രീയമായി സംഭരിക്കപ്പെടാൻ സൗകര്യമില്ലാത്തതുകൊണ്ട് കിട്ടുന്ന വിലയ്ക്ക് വില്ക്കേണ്ടുന്ന അവസ്ഥയാണ് ഇന്നുള്ളത്.

പഞ്ചായത്തിന്റെ തന്നെ സ്വന്തമായ സ്ഥലവും സൗകര്യവും ഉണ്ടായിരുന്നിട്ടും ചന്തകൾ കൂടാൻ കഴിയുന്നില്ല. അതിനുള്ള പ്രധാന കാരണങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും വഴിയോര കച്ചവടങ്ങളുമാണ്. ചന്തകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ അത്യാവശ്യ ഘടകമാണ്. മൽസ്യം ശാസ്ത്രീയമായി ഉണക്കി സംഭരിക്കാൻ ഇവയിലൂടെ സാധ്യമാവും. ചന്തകളിൽ എത്തിക്കുന്ന സാധനങ്ങൾ വിൽക്കാതെ വന്നാൽ അവ സംഭരിച്ചുവയ്ക്കുന്നതിനും ഈ കോംപ്ലക്സുകളിലൂടെ കഴിയും.

പൊതു വിതരണരംഗത്തും നമ്മുടെ പഞ്ചായത്ത് വളരെ പിന്നോക്കമാണ്. ഇതിന് ഒത്തിരിയെങ്കിലും ആശ്വാസം നല്കുന്നത 23 റേഷൻ കടകളാണ്. അവയിലൂടെ തന്നെ നിത്യോപയോഗ സാധനങ്ങൾ എല്ലാം ലഭ്യമല്ല. സർക്കാർ പൊതുവിതരണം കേന്ദ്രം വിശാലമായ നമ്മുടെ പഞ്ചായത്തിൽ ഒന്നെങ്കിലും സ്ഥാപിക്കണമെന്ന നമ്മുടെ ആവശ്യം വനരോദനമായി കലാശിക്കുന്നു. അതുകൊണ്ടു തന്നെ ഗ്രാമങ്ങൾക്കുള്ളിലെ കൊച്ചുകടകളിൽ നിന്നും പ്രധാന കേന്ദ്രങ്ങളിൽ നിന്നും കിട്ടുന്നതിനെക്കാൾ അധികം വില കൊടുത്ത് വാങ്ങേണ്ടുന്ന അവസ്ഥയാണ് നിലവിലുള്ളത്.

പ്രശ്നങ്ങൾ

- നിലവിലുള്ള ചന്തകൾ പ്രവർത്തനരഹിതമാണ്.
- ചന്തകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല.
- കോഴി, ആടുമാടുകൾ, ചെറുകിട വ്യവസായ ഉല്പന്നങ്ങൾ, കാർഷികോല്പന്നങ്ങൾ വില്ക്കുന്നതിനുള്ള ചന്തകളുടെ അപര്യാപ്തത.
- കച്ചവടം നടത്തുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടില്ല.
- പൊതു വിതരണരംഗം പര്യാപ്തമല്ല. മാവേലിസ്റ്റോർ നിലവിലില്ല.

പരിഹാരങ്ങൾ

★ കോഴി, ആടുമാടുകൾ, ചെറുകിട വ്യവസായിക ഉല്പന്നങ്ങൾ, പച്ചക്കറികൾ എന്നിവ വില്ക്കുന്നതിലേക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങൾ കൂടുന്ന ചന്തകൾ സ്ഥാപിക്കണം.

★ അനധികൃതമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുന്ന ചന്തകൾ നിരോധിക്കണം.

★ നിലവിലുള്ള ഊരുട്ടമ്പലം, കണ്ടല ചന്തകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കണം. ഈ ഷോപ്പിംഗ് കോംപ്ലക്സുകളിൽ കൂൾ സ്റ്റോറേജുകൾ സ്ഥാപിക്കുകയും മുഴുവൻ സമയവും മൽസ്യ-മാംസാദികൾ കിട്ടുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

★ ചെറുകിട കുടിൽവ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വിപുലമായ മാർക്കറ്റ് കണ്ടെത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ നേതൃത്വത്തിൽ തന്നെ ഇവ സംഭരിക്കാനും ന്യായ വില നൽകാനും വിൽക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാവണം.

★ പഞ്ചായത്ത് കേന്ദ്രീകരിച്ച് പച്ചക്കറികൾ സംഭരിക്കുകയും ന്യായവിലയ്ക്ക് വില്ക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

★ പഞ്ചായത്തിനകത്തുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും രജിസ്റ്റാർ ചെയ്യിക്കേണ്ടതാണ്.

★ നിത്യോപയോഗ സാധനങ്ങൾ എല്ലാം കിട്ടുന്ന മാവേലിസ്റ്റോർ സ്ഥാപിക്കേണ്ടതാണ്.

★ കൊറ്റംപള്ളിയിൽ ചന്ത അനുവദിക്കുക.

പൊതുവിതരണ കേന്ദ്രങ്ങള വഴിയുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണ വിവരം

ആകെ റേഷൻകടകളുടെ എണ്ണം 29

കാർഡുടമകളുടെ എണ്ണം			ഗുണഭോക്താക്കൾ		
NE	E	ആകെ	12 വയസിന് മുകളിൽ	12 വയസിന് താഴെ	ആകെ
3479	3617	7096	27594	4007	31601

വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ								
അരി കിലോ	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ	പെർമിറ്റ്	പെർമിറ്റ് വഴിയുള്ള വിതരണം	കാർഡുകൾ വഴി വിതരണം ലിറ്റർ
36389	6501	1077	5924	1559	ഇല്ല	373	49177	308200

പാർപ്പിടം



രൂക്ഷമായ പാർപ്പിട പ്രശ്നം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണ് മാറനല്ലൂർ. ഈ പഞ്ചായത്തിൽ അധികം പേരും ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന ദുർബല വിഭാഗക്കാരാണ്.

6192 ഓലകെട്ടിടങ്ങൾ ഉള്ളതിൽ 2582 എണ്ണം വെറും കുടിലുകളും 3066 എണ്ണം രണ്ടും മൂന്നും മാതൃകയിലുള്ള മൺതറയോട് കൂടിയതും 544 എണ്ണം സിമൻറ് തറയും മൺകട്ടകൊണ്ടുള്ള ഭിത്തികളോട് കൂടിയതും ആണ്.

സാമാന്യം കെട്ടുറപ്പുള്ള ഓടിട്ട ഭവനങ്ങൾ ഈ പഞ്ചായത്തിൽ 2715 എണ്ണവും നല്ല കെട്ടുറപ്പുള്ളതും താമസസൗകര്യമുള്ളതുമായ കെട്ടിടങ്ങൾ 1280 എണ്ണവുമാണ്. പഞ്ചായത്തിൽ മൊത്തം 10187 ഭവനങ്ങൾ ഉണ്ട്. എന്നാൽ ഭവനരഹിതരായി 1443 കുടുംബവും ഉൾപ്പെടെ 11630 കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്.

വെറും കുടിലുകളിൽ മാത്രം കഴിയുന്ന നിർദ്ധനവിഭാഗക്കാർക്കും അതുപോലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടില്ലാത്ത കുടുംബക്കാർക്കും സ്വന്തമായി ഭവനം ഉണ്ടാക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതുണ്ട്. പ്രസ്തുത കുടുംബക്കാരെ സംബന്ധിച്ചിടത്തോളം സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി പ്രത്യേകം പരിശീലനങ്ങൾ നല്കി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സ്വന്തമായി വീടുകൾ വയ്ക്കുന്നതിന് അവരെ പര്യാപ്തമാക്കേണ്ടതുമാണ്. ഈ പഞ്ചായത്തിൻെറ നിരവധി ഭാഗങ്ങളിൽ റോഡിനോട് ചേർന്ന് റോഡ് പുറമ്പോക്കുകളിൽ ജീവനുതന്നെ അപകടകരമായ സ്ഥിതിയിൽ ഓലമേഞ്ഞ കുടിലുകളിൽ പാർക്കുന്ന നിരവധി കുടുംബങ്ങളുണ്ട്. അത്തരം കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതാണ്. അതുപോലെ റോഡ് പുറമ്പോക്ക്, കുളം പുറമ്പോക്ക്, ചാനൽ പുറമ്പോക്ക് എന്നിവിടങ്ങളിൽ കുടിൽകെട്ടി കിടക്കുന്നവരും നിരവധിയാണ്. അവർക്കും ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

പരമ്പരാഗത വാസ്തുശില്പ മാതൃകയിലുള്ള അപൂർവ്വം ചില വീടുകൾ മാത്രമേ ഉള്ളൂ. എന്നാൽ അവയെത്തന്നെ പലതും ഘടന മാറ്റി പുതുക്കി പണിഞ്ഞിരിക്കുകയാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വീടുനിർമ്മാണത്തിനുള്ള പാറ സുലഭമായുണ്ട്. ആറ്റുമണലും ഇഷ്ടികയും 90 ശതമാനവും മറ്റ് സ്ഥലങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. പരിചയസമ്പന്നരായ കെട്ടിട തൊഴിലാളികൾ ഈ പഞ്ചായത്തിൽ വേണ്ടുവോളമുണ്ട്. കൂലിയുടെ കാര്യത്തിൽ മര ആശാരിക്ക് 125 രൂപയും, കൊത്തൻ മേസ്തിരിക്ക് 110 രൂപയും ദിവസക്കൂലിയുണ്ട്. കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള ഭവനനിർമ്മാണം ഈ പഞ്ചായത്തിൽ വളരെ വിരളമാണ്.

ഭവനനിർമ്മാണ വസ്തുവകകളുടെ വില വർദ്ധനവു മൂലം കെട്ടിടനിർമ്മാണരംഗം ഇന്ന് അനുദിനം ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ പഞ്ചായത്തിൽ ഭവനനിർമ്മാണ വായ്പാ സൗകര്യങ്ങൾ ഒന്നും തന്നെയില്ല.

നിർദ്ദേശങ്ങൾ

- ★ സ്വന്തമായി സ്ഥലമില്ലാത്ത ദുർബല വിഭാഗക്കാർക്ക് പാർപ്പിടം നിർമ്മിച്ചു കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
- ★ പഞ്ചായത്തിലെ പുറംപോക്കുകൾ അളന്നു തിട്ടപ്പെടുത്തി ഭവനനിർമ്മാണത്തിന് സൗകര്യപ്പെടുന്ന സ്ഥലം നിശ്ചയിച്ച് ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കുക.
- ★ ലക്ഷംവീട് കോളനികളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തു കൊടുക്കുക.
- ★ കെട്ടിടനിർമ്മാണ വായ്പാ ചട്ടങ്ങൾ ലഘൂകരിക്കുക.
- ★ കെട്ടിട വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി പഞ്ചായത്ത് സ്ഥാനത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുക.
- ★ നിലവിലുള്ള കെട്ടിടനിർമ്മാണ വായ്പാ സ്കീമുകളിൽ സബ്സിഡി സമ്പ്രദായം നടപ്പിൽ വരുത്തുക.
- ★ കെട്ടിടനിർമ്മാണ സാമഗ്രികൾക്ക് ദൗർലഭ്യം നേരിട്ടിരിക്കുന്നതിനാൽ അതിൻെറ പരിഹാരാർത്ഥം പഞ്ചായത്തടിസ്ഥാനത്തിൽ അവ ശേഖരിച്ചു ന്യായമായ വിലയ്ക്ക്

നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

★ ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക ഉപദേഷ്ടാക്കളുടെ സഹായം ലഭ്യമാക്കുക.

★ വായ്പ എടുത്ത് കെട്ടിടം വയ്ക്കുന്നവർക്ക് നിർമ്മാണത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിനു വായ്പ നിശ്ചിതസമയത്ത് കിട്ടുന്നതിനും വേണ്ടി കെട്ടിടത്തിന്റെ സ്റ്റേജു സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരം അതാത് പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

★ പ്രകൃതിക്ഷോഭം മൂലം വീടുകൾ നഷ്ടപ്പെടുന്നവർക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിച്ചു നൽകുക.

★ ഭൂരഹിതരായ ദുരബല ജനവിഭാഗത്തിന് വീടുവയ്ക്കുന്നതിന് സർക്കാർ ഇന്ന് നൽകിവരുന്ന ധനസഹായം അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിക്കേണ്ടതാണ്.

★ ആഡംബരപൂർവ്വമായ കെട്ടിടങ്ങൾക്ക് നിലവിലുള്ള നികുതി വർദ്ധിപ്പിക്കുകയും ചെറിയതരം കെട്ടിടങ്ങളുടെ നികുതി കുറയ്ക്കുകയും ചെയ്യുക.

★ വീടില്ലാത്ത അഗതികൾക്കും വിധവകൾക്കും വീട് നൽകുന്ന കാര്യത്തിൽ മുൻഗണന നൽകേണ്ടതാണ്.

★ കുളം, തോട്, ചാനൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് വീടുകൾ നൽകി പുനരധിവസിപ്പിക്കണം.

★ വൻതുകകൾ മുടക്കി ആഡംബരപൂർണ്ണമായ വീടുകൾ നിർമ്മിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനു നിയമപരമായ മാർഗ്ഗങ്ങൾ സ്വീകരിക്കണം.

ഓലക്കൈട്ടിടങ്ങൾ				ഓടിട്ട കെട്ടിടങ്ങൾ		
കുടിലുകൾ	മൺതറ, രണ്ടു മൂന്നു മുറിയുള്ള മൺകട്ട	സിമൻറുതറ മൺകട്ട കെട്ടിയിട്ടുള്ള	ലക്ഷം വീടും ഗ്രൂപ്പ് ഹൗസും	മൺതറ	സിമൻറുതറ	രണ്ടുനില
2582	3066	544	362	569	1783	1

ടെറസുകെട്ടിടങ്ങൾ					ആകെ വീടുകൾ
മൺതറ	സിമൻറുതറ	മൊസൈക്കും സിമൻറും	മൊസൈക്ക്	രണ്ടുനില	
131	735	114	242	58	10187

വീടില്ലാത്ത കുടുംബങ്ങൾ — 1443

സാമൂഹ്യക്ഷേമം



ഇതര സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ സാമൂഹ്യസേവന മേഖലകളിൽ നമ്മുടെ സംസ്ഥാനം പ്രശംസനീയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പഞ്ചവത്സര പദ്ധതികൾ നിലവിലുള്ള സേവന സൗകര്യങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ ശ്രദ്ധിച്ചിരുന്നു. സേവനസൗകര്യങ്ങൾ ന്യായപൂർവ്വമായി വിതരണം ചെയ്യാൻ ശ്രമിക്കുകയുണ്ടായി എന്ന വസ്തുതയും മറച്ചുവയ്ക്കാൻ കഴിയുകയില്ല.

1975 മുതൽ സാമൂഹ്യക്ഷേമവകുപ്പ് സമൂഹത്തിലെ അവശത അനുഭവിക്കുന്ന വികലാംഗർ, മന്ദബുദ്ധികൾ, സ്ത്രീകൾ, വൃദ്ധജനങ്ങൾ, ജയിൽ വിമുക്തർ, മിശ്രവിവാഹിതർ, നല്ല നടപ്പുകാർ എന്നിവരുടെ ഉന്നമനത്തെ ലക്ഷ്യമാക്കി അവരുടെ സംരക്ഷണത്തിനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ തുടങ്ങി. 1984-ൽ നേമം ബ്ലോക്കിൽ സംയോജിത ശിശുക്ഷേമ പദ്ധതി ആരംഭിച്ചതിന്റെ ഭാഗമായി മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ 17 അങ്കണവാടികളെ അനുവദിക്കുകയുണ്ടായി.

വികലാംഗർ, അഗതികൾ, സ്ത്രീകൾ, വൃദ്ധജനങ്ങൾ, ജയിൽവിമുക്തർ, മിശ്രവിവാഹിതർ, നല്ല നടപ്പുകാർ എന്നിവർക്കു വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ ഒന്നുംതന്നെ ഈ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ ഈ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച അങ്കണവാടികൾ തന്നെ അപര്യാപ്തമാണ്. ആയിരം ജനങ്ങൾക്കു ഒരു അങ്കണവാടി എന്നതാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള കണക്ക്. ഈ ഗ്രാമപഞ്ചായത്തിന്റെ ഇന്നത്തെ ജനസംഖ്യ 36592 ആണ്. 1991ലെ കാനേഷുമാരി പ്രകാരം അന്നത്തെ ജനസംഖ്യ 32059 ആണ്. ഈ കണക്കുകൾ പരിശോധിച്ചാൽ ഇനിയും 20 അങ്കണവാടികൾ കൂടി ഈ ഗ്രാമത്തിൽ ആരംഭിക്കേണ്ടതായിട്ടുണ്ട്.

അങ്കണവാടികളിലൂടെ സ്ത്രീകളുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. ഇതിന്റെ ഭാഗമായി ഈ ഗ്രാമത്തിലെ ഒൻപത് അങ്കണവാടികളിൽ സ്ത്രീകൾക്കുവേണ്ടിയുള്ള തുന്നൽപരിശീലനം ആരംഭിച്ചിട്ടുണ്ട്. ഈ പരിപാടിയുടെ ഭാഗമായി എഴുപതു സ്ത്രീകൾ തുന്നൽ പരിശീലിച്ചു കഴിഞ്ഞു. രണ്ട് അങ്കണവാടികളിൽ അഞ്ചു വനിതകൾക്കു വീതം സ്ഥിരമായ വരുമാനം കിട്ടത്തക്കരീതിയിൽ ഗാർമെന്റു മേക്കിംഗ് ആരംഭിച്ചു കഴിഞ്ഞു. അങ്കണവാടികളിലൂടെ മഹിളാസമാജങ്ങളും പ്രവർത്തിച്ചുവരുന്നു. എന്നാൽ ആവശ്യത്തിനു അങ്കണവാടികൾ ഇല്ലാത്തതുകൊണ്ടും അങ്കണവാടികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അതിൽ പ്രവർത്തിയെടുക്കുന്ന ജീവനക്കാർക്കു മാന്യമായ പ്രതിഫലം നല്കുന്നതുൾപ്പെടെയുള്ള ശ്രമം ഇല്ലാത്തതുകൊണ്ടും ഈ സ്ഥാപനങ്ങളെ സാമൂഹ്യസേവനത്തിനായി ശരിയായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുവാനുള്ള I R D Pസർവ്വെ ഗ്രാമത്തിൽ നടത്തിയതിന്റെ ഫലമായി 3420 കുടുംബങ്ങളെ കണ്ടെത്തുകയുണ്ടായി. ഈ കുടുംബങ്ങളിൽ 775 പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ കുടുംബങ്ങളാണ്. 304 പേർക്ക് സാമ്പത്തികസഹായം നല്കി. അതിൽ 262 കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്കു മുകളിൽ കൊണ്ടുവന്നതായി അവകാശപ്പെടുന്നുണ്ട്. ഇനിയും 3158 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുണ്ടെന്നാണു കണക്ക്. ഈ സർവ്വെ നടന്നതിനുശേഷം ദാരിദ്ര്യരേഖക്കു താഴെ ആയവരുടെ സംഖ്യകൂടി കണക്കിലെടുത്ത് ദാരിദ്ര്യരേഖക്കു താഴെയുള്ള മുഴുവൻ പേരെയും ദാരിദ്ര്യരേഖയുടെ മുകളിൽ എത്തിച്ചാലേ ആസൂത്രണം അർത്ഥപൂർണ്ണമാവുകയുള്ളൂ.

ആശുപത്രിക്കെട്ടിടങ്ങളുടെയും ആരോഗ്യപ്രവർത്തകരുടെയും എണ്ണം വർദ്ധിച്ചതുകൊണ്ട് ആരോഗ്യരംഗം മെച്ചമായി എന്നു കരുതാൻ പാടില്ല. രോഗം വന്നു ചികിത്സിക്കുന്നതിനെക്കാൾ രോഗപ്രതിരോധത്തിനാണ് കൂടുതൽ ഊന്നൽ കൊടുക്കാൻ. ആശുപത്രികളിൽ എത്തുന്ന രോഗികളിൽ ഭൂരിപക്ഷവും പരിസരമാലിന്യം മൂലവും ജലത്തിലൂടെയും പകരുന്ന രോഗങ്ങൾ ബാധിച്ചിട്ടുള്ളവരാണ്. കക്കൂസുകൾ സാർവ്വത്രികമാക്കിയാൽ ഈ പകർച്ചവ്യാധികൾ തടയാൻ കഴിയും. IRDPസർവ്വെ 2300 ദരിദ്രകുടുംബങ്ങളെ

ക്കൂസു നല്കുന്നതിനായി തെരഞ്ഞെടുത്തു. 249 പേർക്കു മാത്രമേ കക്കൂസു നല്കിയിട്ടുള്ളൂ. 2059 പേർക്ക് ഇനിയും കക്കൂസുകൾ നല്കേണ്ടതായിട്ടുണ്ട്.

ജീവിതത്തിന്റെ പ്രാഥമികാവശ്യങ്ങളിൽ ഏറ്റവും അധികം പണം മുടക്കിയാൽ മാത്രം നേടാൻ കഴിയുന്ന ഒന്നാണു പാർപ്പിടം. IRDPസർവ്വെ ആവശ്യമുള്ള ദരിദ്ര കുടുംബങ്ങളായി കണ്ടെത്തി വിവിധ പരിപാടികളിലായി 362 പേർക്ക് വീടുകൾ അനുവദിച്ചു. 1445 പേർക്ക് ഇനിയും വീടുകൾ നല്കേണ്ടതായിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പല പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും ഇന്നും ബഹുഭൂരിപക്ഷം പേരും ദരിദ്രരായിത്തന്നെ കഴിയുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിന് പലവിധത്തിലുള്ള സൗജന്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കുടുംബങ്ങളിലെ സാഹചര്യം മെച്ചമല്ലാത്തതുകൊണ്ടുതന്നെ അവരുടെ വിദ്യാഭ്യാസ നിലവാരം മോശമായിത്തന്നെ ഇന്നും നിലനില്ക്കുന്നു. പഠിക്കുവാൻ ഒരു മുറിപോലും സൗകര്യത്തിനില്ലാത്ത വീടുകളാണ് അധികം പേർക്കും താമസിച്ചു പഠിക്കുന്നതിനുള്ള അപൂർവ്വം വിദ്യാഭ്യാസകേന്ദ്രങ്ങൾ ഉണ്ടെങ്കിലും വിരലിലെണ്ണാവുന്നവർക്കുമാത്രമേ ഇന്ന് അത്തരം കേന്ദ്രങ്ങളിൽ ചേർന്നു പഠിക്കുവാൻ കഴിയുന്നുള്ളൂ.

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കിയുള്ള വായ്പകൾ നാമമാത്രമായി മാത്രമേ ഇന്നു വിതരണം നടത്തിവരുന്നുള്ളൂ. ഈടായി വസ്തു നല്കാൻ കഴിയുന്നവർക്കു വായ്പകൾ നല്കുവാൻ മാത്രമേ ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാകുന്നുള്ളൂ. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ധനകാര്യസ്ഥാപനങ്ങൾ തയ്യാറാവുന്നില്ല. ഉദാരമായ വായ്പാ വ്യവസ്ഥകൾ സ്വീകരിച്ചാൽ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജനം ത്വരിതപ്പെടുത്താൻ കഴിയൂ.

വനിതാവികസന കോർപ്പറേഷൻ, പിന്നോക്കവികസന കോർപ്പറേഷൻ പട്ടികജാതിവികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും വിപലുമാക്കേണ്ടതായിട്ടുണ്ട്. വ്യവസ്ഥകൾ ഉദാരമാക്കുക, അർഹരായ എല്ലാവർക്കും പ്രയോജനപ്പെടുത്തുക എന്നിവ ഈ സ്ഥാപനങ്ങളുടെ ലക്ഷ്യമാക്കണം.

പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടു കഴിയുന്നവരെ കണ്ടെത്തി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നല്കാവുന്ന സഹായങ്ങൾ ചെയ്തുകൊടുക്കണം. ബോംബൂ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമവും വ്യാപകവുമാക്കിയാൽ ഈറ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരെ സഹായിക്കുവാൻ കഴിയും. സ്ഥിരമായി തൊഴിൽ ചെയ്യുവാനുള്ള ഈറ തൊഴിലാളികൾക്കു ലഭ്യമാക്കണം. ഉല്പന്നം കൂടുതൽ ആകർഷകവും ഈടുറ്റതുമാക്കാൻ വേണ്ട പരിശീലനം നല്കണം. വിപണനം കോർപ്പറേഷൻ ഏറ്റെടുക്കുകയും വേണം. കൈത്തറിമേഖലയിലെ റിബേറ്റു തുടങ്ങിയ ആനുകൂല്യങ്ങൾക്കായി സർക്കാർ കോടികൾ മുടക്കുന്നുണ്ടെങ്കിലും കൈത്തറിതൊഴിലാളികളുടെ അവസ്ഥ ദയനീയമാണ്. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം പേർ ഈ ഗ്രാമത്തിലുണ്ട്.

വില്ലേജ് ഓഫീസുകൾ മുഖേന പല ക്ഷേമപദ്ധതികളും നടപ്പിലാക്കുന്നുണ്ട്. പക്ഷെ അർഹരായിട്ടുള്ള ആളുകൾ ഒഴിവാക്കപ്പെടുകയും അനർഹർക്ക് ലഭ്യമാകുന്ന സ്ഥിതിവിശേഷം പല ഗ്രാമസഭകളിലും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥ പെൻഷൻ പദ്ധതികൾ അർഹതപ്പെട്ടവരുടെ കൈകളിലെത്തുവാൻ കാലതാമസം ഉണ്ടാക്കുന്നു. ഈ ക്ഷേമപദ്ധതികൾ പഞ്ചായത്തു മുഖേനയായാൽ കാലതാമസം ഒഴിവാക്കുന്നതിനും കൂടുതൽ പേർക്ക് ഇതിന് അർഹത നേടാനും കഴിയുന്നതാണ്.

വിധവാപെൻഷൻ ആൺമക്കളുള്ള വിധവകൾക്ക് ഇന്ന് അർഹതയില്ല. വിവാഹം കഴിഞ്ഞു കുടുംബമായി കഴിയുന്ന ആൺമക്കളുടെ സംരക്ഷണം മിക്ക വിധവകൾക്കും ലഭിക്കാറില്ല. വിധവാപെൻഷനുള്ള അർഹത വരുമാനം ആകണം. റേഷൻകാർഡിൽ രോഗിയും ദരിദ്രനുമായ ഒരു മകന്റെ പേരുണ്ടെങ്കിൽപ്പോലും വിധവയായ ഒരു സ്ത്രീക്ക് പെൻഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥക്കു മാറ്റം ഉണ്ടാവുകതന്നെ വേണം. അതുപോലെതന്നെ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹത്തിനു നല്കുന്ന ധനസഹായത്തിന്റെ കാര്യത്തിലും ഈമാറ്റം വരുത്തുകതന്നെ വേണം. കർഷകത്തൊഴിലാളി പെൻഷൻ നേടിയെടുക്കുന്നതിലും ഇത്തരത്തിലുള്ള പല വൈതരണികളും കടന്നുപോകേണ്ടതായിട്ടുണ്ട്. തൊഴിലില്ലായ്മാ വേതനം നല്കുന്നതുപോലെ തന്നെ സ്വയം തൊഴിൽ നേടുന്നതിനു തൊഴിലില്ലാത്തവരെ പ്രാപ്തരാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്. തൊഴിലില്ലായ്മാ വേതനം ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ യോഗങ്ങൾ വ്യവസായവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കൃഷിവകുപ്പ്, ക്ഷീരവികസനവകുപ്പ് സഹകരണവകുപ്പ് എന്നിവകളിലെ ഉദ്യോഗസ്ഥന്മാർ പഞ്ചായത്തു തലത്തിൽ വിളിച്ചുചേർത്ത് ഓരോരുത്തർക്കു യോജിച്ച തൊഴിൽ സംരംഭങ്ങൾ തെരഞ്ഞെടുക്കുവാൻ തൊഴിലില്ലാത്തവരെ ബോധവല്ക്കരിക്കാനും അവർക്കു വേണ്ടുന്ന സഹായങ്ങൾ നല്കുവാനും തയ്യാറാകണം.

മാറാരോഗങ്ങൾ ബാധിച്ച ദരിദ്രരായവർക്കുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർക്ക് അവർ ജീവിച്ചിരിക്കു

മ്പോൾത്തന്നെ അവ ലഭ്യമാകണമെങ്കിൽ പഞ്ചായത്തു വഴി ഈ സഹായവും ലഭ്യമാക്കണം. ഈ പഞ്ചായത്തിൽ 14 കുഷ്ഠ രോഗികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 73 പേർ കാൻസർ രോഗത്തിനടിമപ്പെട്ടു കഴിഞ്ഞു. 17 പേർ ക്ഷയരോഗമുള്ളവരാണ്

അങ്കണവാടികൾക്കും സ്കൂളുകൾക്കും കെട്ടിടങ്ങൾ നിർമ്മിക്കുകയും ഈ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും അവിടത്തെ കുട്ടികൾക്കും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. അങ്കണവാടികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും കാലാനുസൃതമായി പരിഷ്കരിക്കുകതന്നെവേണം.

നിർദ്ദേശങ്ങൾ

★ അവശത അനുഭവിക്കുന്ന വികലാംഗർ, മന്ദബുദ്ധികൾ, സ്ത്രീകൾ, വൃദ്ധജനങ്ങൾ, ജയിൽവിമുക്തർ, മിശ്രവിവാഹിതർ, നല്ല നടപ്പുകാർ എന്നിവരുടെ ഉന്നമനത്തിനായി പദ്ധതികൾ നടപ്പിലാക്കുകയും പഞ്ചായത്തുവഴി നടത്തുകയും വേണം.

★ ജനസംഖ്യാനുപാതികമായി അങ്കണവാടികൾ സ്ഥാപിക്കണം.

★ അങ്കണവാടികൾ, മഹിളാസമാജങ്ങൾ കൂടുന്ന കേന്ദ്രങ്ങളായി മാറ്റണം.

★ ദാരിദ്ര്യരേഖക്കു താഴെയുള്ള ജനങ്ങളുടെ ലിസ്റ്റു വാർഡുതലത്തിൽ തയ്യാറാക്കി ക്ഷേമപദ്ധതികൾ നടപ്പിൽ വരുത്തണം.

★ ട്രൈസം കോഴ്സിനുള്ള ട്രെയിനിംഗ് സെൻറർ പഞ്ചായത്തിൽ ആരംഭിക്കുക.

★ കോളനികളിൽ പൊതു ശ്മശാനം നിർമ്മിക്കണം.

★ പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം പണിയണം.

★ പെൻഷൻ തുകകൾ വർദ്ധിപ്പിക്കണം.

★ പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കുന്നതിനു വേണ്ട സഹായ സഹകരണങ്ങൾ ലഭ്യമാക്കുക.

★ അങ്കണവാടികളിലൂടെ നല്കുന്ന പോഷകാഹാരത്തിൻെറ അളവു വർദ്ധിപ്പിക്കുക.

★ അങ്കണവാടികളിലെ ജീവനക്കാർക്ക് ശമ്പളം നല്കുക.

★ പൊതുവിതരണ കേന്ദ്രങ്ങളിലെ പരാതികൾ പരിശോധിക്കാനും തീർപ്പുകല്പിക്കുവാനും പഞ്ചായത്തുകൾക്ക് അധികാരം നല്കണം.

★ പരമ്പരാഗത തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തണം.

★ പഞ്ചായത്തിൻെറ പ്രധാന കവലകളിൽ പൊതു കക്കൂസും മൂത്രപ്പുരകളും സ്ഥാപിക്കണം.

★ നിർമിതി കേന്ദ്രം ഒരു പഞ്ചായത്തിൽ കുറഞ്ഞത് ഒന്നെങ്കിലും വേണം.

★ അന്ധന്മാരുടെ പുനരിവാസ പദ്ധതി നടപ്പിലാക്കണം.

★ റേഡിയോ കിയോസ്കുകളിൽ T V കിയോസ്കുകളാക്കി മാറ്റുക.

★ ബോധവൽകരണത്തിന് സിനിമാ പ്രൊജക്ടർ സ്വന്തമായി പഞ്ചായത്തിനു നൽകുക.

മാറനല്ലൂർ ഗ്രാമപഞ്ചായത്ത്
IRDPസർവ്വെപ്രകാരം - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ S.C, S.T കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽS.C/S.T	സഹായം ലഭിച്ചതുവരെ ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ
3420	775	304	185	262	3158

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം(IRDP സർവ്വെപ്രകാരം)	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992നു ശേഷം)	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
2300	249	235	2059

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDPസർവ്വെപ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1805	362	324	38	1445

മാറനല്ലൂർ ഗ്രാമപഞ്ചായത്ത്
കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

പ്രായം	നോർമൽ		ഒന്നാംഗ്രേഡ്		രണ്ടാംഗ്രേഡ്		മൂന്നാംഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	119	114	67	67	13	13	—	1
1-3 വയസ്സ്	209	216	172	163	51	64	1	—
3-6 വയസ്സ്	271	229	183	158	60	51	—	1

ഒന്നാംഗ്രേഡ് : ലഘുവായ പോഷണക്കുറവുള്ളവർ
രണ്ടാംഗ്രേഡ് : മിതമായ പോഷണക്കുറവുള്ളവർ
മൂന്നാംഗ്രേഡ് : ഗുരുതരമായ പോഷണക്കുറവുള്ളവർ

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവയ്പ്

കുട്ടികൾ	ബി.സി.ജി	ഡി.പി.റ്റി				പോളിയോ				ഡി.റ്റി				മീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽ താഴെ	403	403	400	400		403	400	400						262
1-3 വയസ്സ്	844	844	820	800	588	844	824	800	588					650
3-6 വയസ്സ്	933	900	900	900	750	900	900	900	750	354	284			

ടെറ്റനസ് ടോക്സോയിസ് (T.T.)

	1D	2D	BD
ഗർഭിണികൾ	194	145	

ഇരുമ്പ്/ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം - 142
ഇരുമ്പ്/ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം - 226
വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം - 603
ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം - 403
വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം - —

പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വർഷം	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	അവശ കലാകാര സാഹിത്യ പെൻഷൻ	അവശ കായികതാര പെൻഷൻ	ക്ഷയരോഗ പെൻഷൻ	കുഷ്ഠരോഗ പെൻഷൻ	കാൻസർ രോഗി പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
90-91		24	10	17				4	4		
91-92		17	10	15							
92-93		25	9	7							
93-94		25	12	7							
94-95		9	10	2					2		
95-96		9	7	5							

ദരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ വിവരം (IRDP സർവ്വെ)

വർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ പട്ടികജാതി-പട്ടിക വർഗ്ഗ കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ പട്ടികജാതി-പട്ടിക വർഗ്ഗ കുടുംബങ്ങൾ	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
3420	775	304	185	262	3158

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പരിശീലനം - വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിൽ ചെയ്യുന്നവർ
ബുക്കു ബൈൻറിംഗ്	21	10	
വയറിംഗ്	2	1	
ഇരുചക്ര വാഹനങ്ങൾ നന്നാക്കൽ	3	1	
ഇലക്ട്രോണിക് ഉപകരണങ്ങൾ നന്നാക്കൽ	5	—	
വെൽഡിംഗ്	6	—	
റേഡിയോ മെക്കാനിസം	3	1	
ടെയിലറിംഗ് ആൻറ് ഗാർമെൻറ് മേക്കിംഗ്	13	2	
ഹാൻറ്ലൂം വീവിംഗ്	5	2	

IRDP സർവ്വെ പ്രകാരം കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി

IRDPസർവ്വെപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
1118	172	946

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭങ്ങളുടെ വിവരം

തൊഴിൽ സംരംഭത്തിന്റെ ഇനം	പ്രവർത്തിക്കുന്ന ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം
കുമിൾക്കൃഷി, ബേക്കറി		
നിർമ്മാണം	95-96	10
പശുവളർത്തൽ	96-97	11

''ഒരു പിടി ആളുകൾക്ക് അധികാരം കയ്യാളാൻ അവസരം ലഭിക്കുമ്പോഴല്ല, മറിച്ച് ആ അധികാരം തെറ്റായി ഉപയോഗിക്കുന്നതിനെ നേരിടാൻ ജനങ്ങൾ ശക്തി സംഭരിയ്ക്കുമ്പോഴാണ് യഥാർത്ഥ സ്വരാജ്യം കരഗതമാകുന്നത്''

—ഗാന്ധിജി

വനിത



ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ സംസ്കാര സമ്പന്നമായതും വികസനം നേടിയതുമായ സമൂഹത്തിലെ സ്ത്രീകൾക്ക് ചേരുന്ന മട്ടിലുള്ള സ്ഥാനം വനിതകൾ ഇനിയും ആർജ്ജിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യ സമ്പത്ത് ഉത്പാദനത്തിൽ അവർ വഹിക്കുന്ന പങ്കുപോലും അറിയാതെ അടുക്കളയ്ക്കുള്ളിൽ ഒതുങ്ങി കൂടുന്നവരാണ് ഭൂരിഭാഗം സ്ത്രീകളും. ഭൂരിഭാഗം സ്ത്രീകളും അടുക്കളയിൽ വീട്ടുജോലികൾ ചെയ്യുകയും കുഞ്ഞുങ്ങളെ പ്രസവിച്ച് സംരക്ഷിക്കുകയും ചെയ്യുന്നു. കുടുംബത്തിന്റെ പൊതുവായ കാര്യങ്ങളിൽപോലും അവരുടെ അഭിപ്രായം ആരും അന്വേഷിക്കാറില്ല. പ്രധാനപ്പെട്ട രംഗങ്ങളിൽ നിന്നൊക്കെ അവർ മാറ്റി നിർത്തപ്പെടുന്നു. തൊഴിൽമേഖല മിക്കവാറും പുരുഷന്മാർ തന്നെ കൈയ്യടക്കിവച്ചിരിക്കുന്നു. വാണിജ്യ-വ്യവസായ രംഗങ്ങളിൽ തീരെ അവഗണിച്ചിരിക്കുകയാണ് വനിതകൾ. വാഹനം ഓടിച്ചുപോകുന്നതും ബസുകളിൽ കണ്ടക്ടർ ജോലിചെയ്യുന്നതും കൗതുകകരമായ വാർത്തകളാണ് ഇന്നും. ഈ അവസ്ഥയിൽ നിന്നും മോചനം നേടുവാനുള്ള പരിശ്രമങ്ങൾ സ്ത്രീകൾ തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു.

1991-ലെ കാനേഷുമാരി കണക്ക് അനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 32059 ആണ്. ഇതിൽ സ്ത്രീകളാണ് ഒന്നാം സ്ഥാനത്ത് 16141 പേർ. പുരുഷന്മാർ 15918 പേരെ ഉള്ളൂ. ആറുവയസ്സു വരെയുള്ള കുട്ടികളുടെ എണ്ണം 3954 ആണ്. അതിൽ 2048 പേർ ആൺകുട്ടികളും 1906 പേർ പെൺകുട്ടികളുമാണ്. ഇപ്പോഴത്തെ ജനസംഖ്യ 36592 ആണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നു. 18552 സ്ത്രീകളും 18040 പുരുഷന്മാരും സ്ത്രീകൾ കൂടുതലാണെങ്കിലും സ്വന്തമായി തൊഴിൽചെയ്തു വരുമാനമുണ്ടാക്കുന്നവരുടെ സംഖ്യ വളരെക്കുറവാണ്. കാർഷികമേഖലയിലും നിർമ്മാണ മേഖലയിലും ആണ് പണിയെടുക്കുന്ന സ്ത്രീകൾ കൂടുതൽ ഉള്ളത്. തയ്യൽജോലിയിൽ ഏർപ്പെട്ടവരും പരമ്പരാഗത തൊഴിലുകളായ നെയ്ത്ത്, കുട്ട, വട്ടി, പായ് മുതലായവ നിർമ്മിക്കൽ. പർപ്പടകം ഉണ്ടാക്കൽ, അരി, പച്ചക്കറികൾ, മത്സ്യം എന്നിവ വില്ക്കുന്ന തൊഴിലിൽ ഏർപ്പെട്ടവർ, പാറപൊട്ടിച്ച് മെറ്റൽ നിർമ്മാണത്തിൽ ഏർപ്പെട്ടവർ എന്നിവരുടെ സംഖ്യ ആശാവഹമല്ല. ഈ പഞ്ചായത്തിലുള്ള ഓഫീസുകളിലും, സ്കൂളുകളിലും പണിയെടുക്കുന്ന സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടെതിനേക്കാൾ കൂടുതലാണെങ്കിലും ഈ പഞ്ചായത്തിലുള്ള ഉദ്യോഗസ്ഥരായ സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടെതിനേക്കാൾ കൂടുതലാണ്.

സർക്കാർ ഉദ്യോഗങ്ങളിൽ ചില മേഖലകൾ സ്ത്രീകളെ മിക്കവാറും അവഗണിച്ചിരിക്കയാണ്. പോലീസ്, ട്രാൻസ്പോർട്ട്, വൈദ്യുതി മുതലായ മേഖലകൾ ഉദാഹരണം. ഈ ഗ്രാമത്തിലെ നെൽകൃഷി കുറഞ്ഞതുകാരണം കാർഷികരംഗത്ത് പണിയെടുത്തിരുന്ന സ്ത്രീ തൊഴിലാളികളുടെ തൊഴിലും കുറഞ്ഞു. കുറെപ്പേർ റോഡുപണി പാറമടകളുടെ പണി എന്നിവ തേടി അകലങ്ങളിലേക്ക് പോകേണ്ടി വരുന്നു.

വിധവകളും, അനാഥരുമായ സ്ത്രീകളെ പരിരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. ജീവിക്കാൻ ഉപജീവനത്തിന് ആവശ്യമായ തൊഴിലുകളിൽ ഏർപ്പെടുത്തി അവരെ വരുമാനമുള്ളവരാക്കാനും പരാശ്രയം കൂടാതെ ജീവിക്കുവാൻ പര്യാപ്തരുമാക്കേണ്ടതാണ്. അതുപോലെ തന്നെ സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ട് അസാന്മാർഗ്ഗികമായ തൊഴിലുകളിൽ ഏർപ്പെടുന്നവരെ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കാനും വരുമാനമുണ്ടാക്കുന്ന നല്ല തൊഴിലുകൾ നല്കി അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുമാണ്. വികലാംഗർ, മാറാരോഗികൾ എന്നിവരെയും പരാശ്രയം കൂടാതെ ജീവിക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊടുക്കുകയോ അല്ലെങ്കിൽ അവരുടെ സംരക്ഷണം പഞ്ചായത്തു തന്നെ ഏറ്റെടുക്കുകയോ ചെയ്യേണ്ടതാണ്.

സ്ത്രീധനം സമൂഹത്തിലെ ഒരു ശാപമാണ്. ആൺകുട്ടികളുടെ മാതാപിതാക്കൾ ഒരുപോലെ ഈ ദുരാചാരത്തിന് കൂട്ടുനില്ക്കുന്നു. വനിതകൾ മുഴുവനും എതിരായാൽ ഒരു പരിധിവരെ ഈ അനീതി അവസാനിപ്പിക്കാൻ കഴിയും.

വനിതകൾ പലതരത്തിലുള്ള പീഡനങ്ങൾക്കും വിധേയരാകാറുണ്ട്. ഭർത്താവിൽ നിന്നുള്ള പീഡനം, സ്ത്രീധനപീഡനം, സാംസ്കാരികമായ പീഡനം മുതലായവ ഇക്കൂട്ടത്തിൽപ്പെടുന്നു. മാന്യമായി സഞ്ചരിക്കുന്നതിനും സ്വതന്ത്രമായി ജീവിക്കുന്നതിനും വ്യക്തി എന്നനിലയ്ക്ക് സ്ത്രീയ്ക്കു അവകാശമുണ്ട്.

നിരക്ഷരത സ്ത്രീകളുടെ ഇടയിലായിരുന്നു കൂടുതൽ. വിദ്യാഭ്യാസം സാർവത്രികമായതോടെ ഈ അവസ്ഥയ്ക്ക് ഇന്ന് മാറ്റമുണ്ടായി. എങ്കിലും സ്കൂളുകളിലെ കൊഴിഞ്ഞുപോക്കിന്റെ കണക്ക് പരിശോധിച്ചാൽ സ്ത്രീകളാണ് കൂടുതലെന്ന് മനസ്സിലാകും. സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ സ്ഥാനം വളരെ പിന്നിലാണ്.

സാധ്യതകൾ

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നതിനും വേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. കൃഷിയിൽ താല്പര്യമുള്ളവരും മറ്റ് തൊഴിലുകൾ ഇല്ലാത്തവരുമായ സ്ത്രീകളെ സംഘടിപ്പിച്ച് വീട്ടിലിരുന്നു തന്നെ ചെയ്യാവുന്നതും വരുമാനം വർദ്ധിപ്പിക്കാവുന്നതുമായ ആടുവളർത്തൽ, കോഴിവളർത്തൽ, പച്ചക്കറികൃഷി, പുഷ്പകൃഷി, ഔഷധ-സസ്യകൃഷി, കൂൺകൃഷി എന്നിവ സ്ത്രീകൾക്ക് തന്നെ ചെയ്യാവുന്നതാണ്. ഇതിനുവേണ്ടുന്നതായ പരിശീലനം വനിതകൾക്ക് നല്കേണ്ടതായും ആട്ടിൻപാൽ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും വനിതകൾ സംഘടിച്ചുകൊണ്ടു സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും ചെയ്തു. പ്രാദേശികമായ ആവശ്യങ്ങൾക്കായി ആട്ടിൻപാൽ വിപണനം നടത്തേണ്ടതുമാണ്. കോഴിവളർത്തലിലൂടെ നമ്മുടെ പ്രദേശത്തിനാവശ്യമായ മുട്ട ഉല്പാദിപ്പിക്കാനും മറ്റു സംസ്ഥാനങ്ങളിലേക്ക് നമ്മുടെ പണം പോകുന്നത് തടയാനും കഴിയും. അതുപോലെ തന്നെ കൂൺകൃഷി, പച്ചക്കറികൃഷി, പുഷ്പകൃഷി, ഔഷധസസ്യകൃഷി എന്നിവയിലൂടെയും വീട്ടമ്മമാർക്ക് കൂടുതൽ വരുമാനം നേടുവാനും കഴിയും.

സാങ്കേതിക വിദ്യാഭ്യാസവും ഉന്നതബിരുദങ്ങളും നേടിയ ധാരാളം സ്ത്രീകളുണ്ട്. തൊഴിൽമേഖലയിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പര്യാപ്തമായ പദ്ധതികൾ ആസൂത്രണം ചെയ്യാം. സർക്കാർ തലത്തിൽമാത്രം ലഭ്യമാക്കുന്ന ജോലികൾ പ്രതീക്ഷിച്ചിരിക്കാതെ യോഗ്യതയ്ക്കനുസരിച്ചുള്ള സ്വയംതൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വനിതകളെ പ്രോത്സാഹിപ്പിക്കണം. വനിതാവികസന കോർപ്പറേഷൻ ജില്ലാ വ്യവസായകേന്ദ്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട സഹായങ്ങൾ നേടുകയും D.W. CRAയൂണിറ്റുകൾ വികസനബ്ലോക്കുകൾ വഴി അനുവദിപ്പിക്കുന്നതിനും ശ്രമം ഉണ്ടാക്കണം. പൊതുരംഗത്ത് സ്ത്രീകളെ കൂടുതലായി ഇടപെടുവിക്കുകവഴി സ്ത്രീകൾക്കുവേണ്ടി നടപ്പിലാക്കുന്ന ക്ഷേമപരിപാടികളെ എത്തേണ്ട കരങ്ങളിൽ എത്തിക്കുവാനും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുകവാനും കഴിയും.

തയ്യൽ പരിശീലനം സിദ്ധിച്ച പെൺകുട്ടികളെ സംഘടിപ്പിച്ചു കൊണ്ടുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. റെഡിമെയ്ഡ് ഗാർമെന്റുകൾ തുടങ്ങിയവ നിർമ്മിക്കുന്ന തൊഴിൽ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കി ഇത്തരം തൊഴിലുകൾ നടത്താൻ കൂടുതൽ വനിതകളെ സജ്ജരാക്കാവുന്നതാണ്. സാമൂഹ്യക്ഷേമവകുപ്പ് സ്ത്രീകൾക്കുവേണ്ടി നടപ്പിലാക്കുന്ന തൊഴിൽ പദ്ധതികൾ അങ്കണവാടികളിലൂടെ വിപുലമാക്കാൻ കഴിയും. എല്ലാ വാർഡുകളിലും ഇത്തരം യൂണിറ്റുകൾ ഉണ്ടാക്കേണ്ടതും അവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഭരിച്ചു വിപണനം ചെയ്യുന്നതിനു പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു കേന്ദ്രസ്ഥാപനം ഉണ്ടാവുകയും വേണം.

വൈവിദ്ധ്യവും നൂതനവുമായ തൊഴിൽ മേഖലകളിൽ പരിശീലനം നല്കി വനിതകളെ തൊഴിൽ സംരംഭകരാക്കാവുന്നതാണ്. പരമ്പരാഗത തൊഴിലുകൾ ചെയ്യുന്ന വനിതകളെ സംഘടിപ്പിച്ച് വേണ്ട സാങ്കേതിക, യാന്ത്രിക സഹായങ്ങൾ ചെയ്ത് കൂടുതൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കൂടുതൽ വരുമാനമുണ്ടാക്കുന്നതിനും വനിതകളെ സഹായിക്കാവുന്നതാണ്.

വനിതകളുടെ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കാം. ഇലക്ട്രോണിക്സ് വ്യവസായങ്ങൾ ആരംഭിക്കുന്നതിനു വനിതകൾക്ക് വേണ്ട അറിവു നല്കണം. ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചു വനിതകളെ തൊഴിലെടുക്കുന്നവരായി മാറ്റാൻ കഴിയുന്നതാണ്.

നിർദ്ദേശങ്ങൾ

- ★ വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനു വനിതകളെ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളുടെ നേതൃത്വസ്ഥാനത്തേക്കു കൊണ്ടുവരണം.
- ★ മദ്യപാന വിപത്തുകൊണ്ടു കൂടുതൽ ദുരിതങ്ങൾ നേരിടേണ്ടിവരുന്നതു സ്ത്രീകളായതുകൊണ്ട് ഗ്രാമത്തെ പൂർണ്ണമായും മദ്യവിമുക്ത മേഖലയാക്കണം.
- ★ സ്ത്രീപീഡനം, സ്ത്രീധനം എന്നീ അനീതികൾ അവസാനിപ്പിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം, ഇവയ്ക്കെതിരെയുള്ള ശക്തമായ പ്രച

രണങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ബ്ലോക്ക് തലത്തിൽ ലീഗൽസെൽ നടപ്പിലാക്കുക.

★ വനിതകൾക്കു തൊഴിൽ ലഭ്യമായി വരുമാനമുള്ളവരാക്കുന്നതിനു പഞ്ചായത്തിൽ വനിതകൾക്കായി സ്വയം തൊഴിൽ സ്ഥാപനങ്ങൾ ആരംഭിക്കണം.

★ ഔഷധസസ്യക്കൃഷി, പുഷ്പക്കൃഷി, പച്ചക്കറിക്കൃഷി എന്നിവ ആരംഭിക്കുന്നതിനു വേണ്ട ശാസ്ത്രീയമായ അറിവുകൾ പകർന്നു നല്കിയും സാമ്പത്തിക സഹായങ്ങൾ നല്കിയും വനിതകളെ ഇത്തരം തൊഴിലുകൾ ചെയ്യുന്നതിനു പ്രോത്സാഹിപ്പിക്കണം.

★ ആടുവളർത്തൽ, കോഴിവളർത്തൽ, മുയൽവളർത്തൽ എന്നീ തൊഴിലുകൾ ചെയ്യാൻ വനിതകൾക്ക് സബ്സിഡിയോടുള്ള വായ്പകൾ നല്കുകയും വേണ്ട പരിശീലനം നല്കുകയും വേണം.

★ വനിതകൾക്ക് ഇലക്ട്രോണിക്സ് വ്യവസായങ്ങൾ ആരംഭിക്കുന്നതിനു പരിശീലനവും സബ്സിഡിയോടുകൂടിയ വായ്പകളും അനുവദിക്കണം.

★ സഹകരണാടിസ്ഥാനത്തിൽ കോഫീഹൗസുകൾ തുടങ്ങുന്നതിനുള്ള സഹായം വനിതകൾക്ക് നൽകണം.

★ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വനിതകൾക്കു സഹായസഹകരണങ്ങൾ നല്കണം.

★ അയ്യായിരം ജനസംഖ്യക്ക് ഒരു ആരോഗ്യ കുടുംബക്ഷേമ കേന്ദ്രം എന്ന നിരക്കിൽ അനുയോജ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുത്തു കേന്ദ്രങ്ങൾ ആരംഭിക്കുക.

★ പ്രാഥമിക ആരോഗ്യകേന്ദ്രം കിടക്കകളോടുകൂടി ഒരു ആശുപത്രിയായി ഉയർത്തുകയും വനിതകൾക്കായി ഒരു ഡോക്ടറെ നിയമിക്കുകയും വേണം.

★ ക്യാൻസർ, എയ്ഡ്സ് തുടങ്ങിയുള്ള മാരകരോഗങ്ങൾ തുടക്കത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ട ബോധവല്ക്കരണ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.

★ അടുക്കളയിൽ പുക കുറഞ്ഞതും ഇന്ധനക്ഷമത കൂടിയതുമായ അടുപ്പുകൾ സ്ഥാപിക്കണം.

★ അനുപൂരകപോഷകാഹാര പരിപാടികൾ അങ്കണവാടികൾ മുഖേന വ്യാപകമാക്കുക.

★ സ്കൂളുകളിൽ പെൺകുട്ടികൾക്കു മതിയായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക

★ തുടർ സാക്ഷരതാ പരിപാടികൾ ഏർപ്പെടുത്തുക

★ എം.എസ്.എസ് പ്രവർത്തകരെ ആരോഗ്യരംഗങ്ങളിൽ കൂടുതൽ പ്രവർത്തിപ്പിക്കുകയും അവർക്കു മതിയായ പ്രതിഫലം നല്കുകയും ചെയ്യുക.

★ ആയിരം ജനസംഖ്യക്ക് ഒരു അങ്കണവാടി എന്ന കണക്കിൽ സ്ഥാപിക്കുകയും അങ്കണവാടി പ്രവർത്തകർക്കു മതിയായ പ്രതിഫലം നല്കുകയും വേണം.

★ നൂറു കുടുംബങ്ങൾക്ക് ഒന്ന് എന്ന കണക്കിൽ മഹിളാ സമാജങ്ങൾ സ്ഥാപിക്കുക.

★ വനിതകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പരസ്യങ്ങൾ, സിനിമകൾ മുതലായവ നിരോധിക്കുക.

★ വിധവകളുടെ പെൺമക്കളുടെ വിവാഹം നടത്തുന്നതിനുള്ള ധനസഹായം അയ്യായിരംരൂപയായി വർദ്ധിപ്പിക്കുകയും ധനസഹായത്തിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യുക.

★ വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ നല്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.

★ വികലാംഗർ, അഗതികൾ, വൃദ്ധകൾ, ജയിൽ വിമുക്തർ, മിശ്രവിവാഹിതർ തുടങ്ങിയവരിൽ ആത്മവിശ്വാസവും സംരക്ഷണവും നല്കുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വ്യാപകമായി നടപ്പിലാക്കുക.

★ വനിതകൾക്ക് ഡ്രൈവിംഗ് സ്കൂൾ പഞ്ചായത്തിൽ ആരംഭിക്കുക.



സംസ്കാരം



സാംസ്കാരികരംഗത്ത് ഒട്ടുവളരെ പ്രവർത്തനങ്ങൾ ഈ ഗ്രാമത്തിലുണ്ടായിട്ടുണ്ട്. ക്ഷേത്രങ്ങൾ, ക്രിസ്തീയ ദേവാലയങ്ങൾ, മുസ്ലീം ആരാധനാലയങ്ങൾ എന്നിവ ഈ ഗ്രാമത്തിൽ പല ഭാഗങ്ങളിലായി സ്ഥിതി ചെയ്തുവരുന്നു. വിവിധ മത വിഭാഗങ്ങൾ സഹിഷ്ണുതയോടും സഹവർത്തിത്വത്തോടും കഴിഞ്ഞുവരുന്നു. നമ്മുടെ ഗ്രാമത്തിന്റെ സംസ്കാര ചൈതന്യത്തിന് നിറംപകരുന്ന ഒരു വസ്തുതയാണ് ഇത്.

കൂവളശ്ശേരി ശിവക്ഷേത്രം, അരുവിക്കര ശ്രീധർമ്മശാസ്താക്ഷേത്രം, ദേവീക്ഷേത്രം, അരുവിയോട് ശ്രീകണ്ഠൻ ശാസ്താക്ഷേത്രം, ഉണ്ടുവെട്ടി ദേവീക്ഷേത്രം, മണ്ണടിക്കോണം മുത്താരമ്മൻൻക്ഷേത്രം, ഇടത്തറദേവീക്ഷേത്രം, കണ്ടല ഭദ്രകാളിക്ഷേത്രം, കൊറ്റംപള്ളി ദേവീക്ഷേത്രം, പൊയ്യൂർക്കാവ് ശാസ്താക്ഷേത്രം, ആനമൺ മാടൻതമ്പുരാൻക്ഷേത്രം എന്നിവ അതിപുരാതന ക്ഷേത്രങ്ങൾ ആണ്. ക്രിസ്തുൻ ദേവാലയങ്ങളിൽ ഏറ്റവും പഴക്കം മണ്ണടിക്കോണം ആർ.സി. ദേവാലയത്തിനും ഇസ്ലാം ആരാധനാലയങ്ങളിൽ കണ്ടലകൊച്ചുപള്ളിയ്ക്കുമാണ്. ഈ പഞ്ചായത്തിന്റെ അതിർത്തിയിലാണ്

തൂങ്ങാംപാറയിലെ വിശുദ്ധ കൊച്ചുത്രേസ്യാ ദേവാലയം ഏഷ്യയിലെ തന്നെ ഈവിഭാഗത്തിൽപ്പെട്ട ആദ്യത്തെ ദേവാലയമാണ്. വിശുദ്ധ കൊച്ചുത്രേസ്യാ ജീവിച്ചിരുക്കുമ്പോൾ തന്നെ തുടങ്ങിയതാണ് ഈ ദേവാലയം. തിരുമുടി ഇപ്പോഴും അവിടെ സൂക്ഷിച്ചിട്ടുണ്ട്. ഇസ്ലാംമത പ്രചാരകരായ ഷെയ്ഹുനാ ഷെയ്ഹുൽമിഷായിഖ് സെയ്യദ് മുഹമ്മദ് മാഹീൻ അബൂബേക്കർ ഒലിയുള്ള ഹനീഫാതങ്ങൾ എന്നീ അറബിസഞ്ചാരികൾ ഈ പ്രദേശത്ത് വരുകയും ഇവിടെ വച്ച് മയ്യത്താവുകയും ചെയ്തു. അവരുടെ ഖബർ അരുമാല്ലൂർ പള്ളിയിൽ ഉണ്ട്.

ക്ഷേത്രങ്ങളിലെയും, ക്രിസ്തുൻ ദേവാലയങ്ങളിലെയും ഇസ്ലാം ആരാധനാലയങ്ങളിലെയും ഉത്സവങ്ങളിൽ എല്ലാവിഭാഗം ജനങ്ങളും പങ്കെടുക്കാറുണ്ട്.

പഴയകാലത്ത് കർഷകത്തൊഴിലാളികൾ ഞാറ്റുവേലപ്പാട്ടുകൾ പാടി ജീവിതത്തിന്റെ തുടിപ്പുകൾ പ്രതിഫലിപ്പിച്ചിരുന്നു. കാണിക്കാർ തോറ്റം പാട്ടുകൾ പാടി ദേവന്മാരെ സ്തുതിച്ചു നടന്നു.

പഴയകാലത്ത് കൃഷിത്തൊഴിലാളികൾ അടിമകൾ തന്നെയായിരുന്നു. കിടക്കുന്ന ഇടത്തിനുപോലും അവകാശമില്ലാത്തവർ. ചായക്കടകളിൽ നിന്നും ചിരട്ടയിൽ വെള്ളം നല്കുന്ന പഴയകാലത്തിന്റെ അനാചാരങ്ങൾ കാലപ്രവാഹത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചുപോയി. കേരളത്തിലാകെ അലയടിച്ചുയർന്ന നവോത്ഥാന പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവ ഈ മാറ്റത്തിനു നേതൃത്വം നല്കുകയുണ്ടായി.

പഴയകാലത്ത് മനുഷ്യന്റെ സംസ്കാരത്തിനെ രൂപപ്പെടുത്തുവാൻ ക്ഷേത്രങ്ങൾ, ദേവാലയങ്ങൾ, ആരാധനാലയങ്ങൾ എന്നിവ മുഖ്യമായ പങ്കുവഹിച്ചിട്ടുണ്ടെങ്കിൽ ആ സംസ്കാരത്തെ കൂടുതൽ പോഷിപ്പിക്കുവാനായി ഗ്രന്ഥശാലകൾ നിലവിൽവന്നു. കണ്ടലയാണ് ആദ്യത്തെ ഗ്രന്ഥശാല ഉണ്ടായത്. പോങ്ങുംമൂട്ടിൽ പി.കൃഷ്ണപിള്ള സ്മാരക ഗ്രന്ഥശാല, കൊറ്റംപള്ളി സമദർശിനി ഗ്രന്ഥശാല, പ്ലാവിള ദേശസേവിനി, റസൽപുരം ഗ്രന്ഥശാല, മണ്ണടിക്കോണം പിപ്പിൾസ് ഗ്രന്ഥശാല, വെളിയംകോട് നെഹ്റു സ്മാരക ഗ്രന്ഥശാല എന്നിവ പഴയ ഗ്രന്ഥശാലകളിൽപ്പെടുന്നു. വെള്ളൂർക്കോണത്താണ് ആദ്യത്തെ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് ഉണ്ടായത്. ജാതിമത പരിഗണനകൾക്ക് അതീതമായി യുവജനങ്ങൾ ഒത്തുകൂടി ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പുതിയൊരു സംസ്കാരം ഗ്രാമങ്ങളിൽ ഉണ്ടാക്കുവാൻ ഗ്രന്ഥശാലകൾക്കും ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾക്കും കഴിഞ്ഞു എന്നതാണ് ഈ നേട്ടം.

ഗ്രന്ഥശാലകൾ ഓരോ വാർഡിലും നിലവിൽ വരുത്തുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. നല്ല ഗ്രന്ഥങ്ങൾ ഉള്ള വായനശാലകൾ വിരളമാണ്. ഒരു ഗ്രാമത്തിലെ സമസ്ത ജനവിഭാഗങ്ങളെയും തൃപ്തിപ്പെടുത്തുന്ന തരത്തിലുള്ളതാവണം ഗ്രന്ഥങ്ങൾ. ജനപ്രീതിയുള്ള കഥാപുസ്തകങ്ങൾ ശേഖരിക്കുക എന്നതിനുപരിയായി നല്ല നല്ല കലാസൃഷ്ടികൾ ഗ്രന്ഥശാലയിലുണ്ടാവണം. വിദ്യാർത്ഥികൾക്കു അവരുടെ വിദ്യാഭ്യാസ

ത്തിനു സഹായകമായ റഫറൻസു പുസ്തകങ്ങൾ ഗ്രന്ഥശാലകളിലുണ്ടാവണം. പഞ്ചായത്ത് ഗ്രന്ഥശാലകൾക്ക് വിലപ്പെട്ട ഗ്രന്ഥങ്ങൾ വാങ്ങി നല്കുകതന്നെ വേണം.

ഗ്രന്ഥശാലകളുടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഫർണിച്ചറുകൾ വാങ്ങിക്കുന്നതിനും സഹായം നല്കിയേ കഴിയൂ. വനിതകൾക്കും ഗ്രന്ഥശാലാ കമ്മിറ്റികളിൽ പ്രാതിനിധ്യം കൊടുക്കുക തന്നെ വേണം. അതുപോലെ ഹരിജന ഗിരിജന വിഭാഗങ്ങളുടെ പ്രാതിനിധ്യവും ഉറപ്പാക്കണം. മിക്ക ഗ്രന്ഥശാലകളും ജനവിഭാഗങ്ങളെ കൂട്ടി യോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനമില്ലാത്തതു കൊണ്ട് ഒന്നോ, രണ്ടോ വ്യക്തികളുടെ കൈകളിലിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണിന്നുള്ളത്. ഇതു മാറുന്നതിനുള്ള പരിശ്രമം ഉണ്ടാവുക തന്നെ വേണം. വായിക്കുന്നവനേറതാകണം. ഗ്രന്ഥശാല എല്ലാവർക്കും അതിനവസരം ഉണ്ടാവുകയും വേണം.

ഗ്രന്ഥശാല പ്രവർത്തനത്തിലൂടെ കലാ-സാഹിത്യ രംഗങ്ങളിൽ മികച്ച പ്രവർത്തനങ്ങളും കാഴ്ചവയ്ക്കാൻ കഴിയും. കൈയെഴുത്തു മാസികകൾ, അക്ഷരശ്ലോക മത്സരങ്ങൾ, വാർഷിക യോഗങ്ങളിൽ നാടകങ്ങൾ അവതരിപ്പിക്കൽ എന്നിവകളിലൂടെ കലാ-സാഹിത്യ രംഗങ്ങളെ പ്രോത്സാഹിപ്പിക്കാൻ കഴിയും. പഞ്ചായത്ത് ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കണം. നല്ല കൈയ്യെഴുത്തു മാസികകൾ, നല്ല നാടകങ്ങൾ, കലാകാരന്മാർ എന്നിവ ഏതു ഗ്രന്ഥശാലയുടെതെന്നു മത്സരത്തിലൂടെ തെരഞ്ഞെടുത്ത് ആ ഗ്രന്ഥശാലകൾക്ക് സമ്മാനങ്ങൾ നല്കാം. ആർട്ട്സ് ക്ലബ്ബുകളെയും ഈ രംഗത്തു മത്സരിപ്പിക്കാം.

കായികരംഗത്ത് മികവുള്ളവരെ കണ്ടെത്തുവാൻ പഞ്ചായത്തുതലത്തിൽ ശ്രമങ്ങൾ കൂടിയേ തീരൂ. ഒരു കായിക സംസ്കാരം വളർത്തിയെടുക്കുവാൻ പഞ്ചായത്തുതലത്തിൽ മത്സരിക്കുകതന്നെ വേണം. മത്സരങ്ങൾ വ്യക്തികൾ തമ്മിലല്ല മികവ് പരിശോധിക്കാൻ വേണ്ടിയുള്ളതാണെന്ന ബോധം വളർത്തി എടുക്കുവാൻ പരിശ്രമിക്കണം. പ്രാദേശികമായതോ, ജാതിമത രാഷ്ട്രീയ തലങ്ങളിലുള്ളതോ ആയ വ്യത്യാസങ്ങൾ പാടില്ല. പ്രത്യേക പരിഗണനകളും പാടില്ല. ആരോഗ്യകരമായ മത്സരത്തിലൂടെ നാട്ടിന്റെ ഐക്യം രൂപപ്പെടുത്തി എടുക്കുന്ന തരത്തിലാവണം ഈ രംഗത്തെ പ്രവർത്തനം.

ഊരുട്ടമ്പലത്തു സ്ഥിതിചെയ്യുന്ന വി.കെ.കൃഷ്ണമേനോൻ സ്മാരകഗ്രന്ഥശാലയുടെ പ്രവർത്തനം നല്ല രീതിയിൽ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സ്കൂൾ തലത്തിൽ കണ്ടെത്തുന്ന കലാ-സാഹിത്യ കായിക രംഗങ്ങളിലെ പ്രതിഭകളെ പഞ്ചായത്തടിസ്ഥാനത്തിൽ മത്സരങ്ങൾ നടത്തി പ്രോത്സാഹിപ്പിക്കണം. അംഗൻവാടികൾ, ബാലവാടികൾ എന്നീ സ്ഥാപനങ്ങളിലെ കുട്ടികളെയും ഇമ്മാതിരി മത്സരങ്ങൾ നടത്തി പ്രോത്സാഹിപ്പിക്കണം.

നിർദ്ദേശങ്ങൾ

★ നാടൻപാട്ടുകൾ കണ്ടെത്തി എഴുതി രേഖപ്പെടുത്തി സൂക്ഷിക്കുക. അവയുടെ മത്സരങ്ങൾ നടത്തുക.

★ പ്രാചീന കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനു പരിശീലനം നല്കുകയും പൊതുവേദികളിൽ അവതരിപ്പിക്കുന്നതിന് പ്രോത്സാഹനം കൊടുക്കുകയും ചെയ്യുക.

★ കായിക-കലാ സാഹിത്യ ചിത്രരചനാ മത്സരങ്ങൾ ഓരോ വർഷവും പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുക.

★ ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമ്മിക്കുവാനും ഫർണിച്ചറുകൾ നിർമ്മിക്കുവാനും ധനസഹായം നല്കുകയും റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങി നല്കുകയും ചെയ്യുക.

★ പഞ്ചായത്ത് ഗ്രന്ഥശാലയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

★ വായനശാലകൾക്ക് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് സമിതി രൂപീകരിക്കുക.

★ കണ്ടല നിർമ്മാണത്തിലിരിക്കുന്ന സ്റ്റേഡിയത്തിന്റെ പണിപൂർത്തിയാക്കി മത്സരങ്ങൾ നടത്തുന്നതിന് യോഗ്യമാക്കുക.

★ അക്ഷരശ്ലോകം, കാവ്യകേളി തുടങ്ങിയ സാഹിത്യ വിഭാഗങ്ങളെ പ്രോത്സാഹിപ്പിക്കുക.

★ കലാ-കായിക സംഘടനകളെ പ്രോത്സാഹിപ്പിക്കുക.

★ പഞ്ചായത്തിൽ ഒരു സ്റ്റേഡിയംകൂടെ നിർമ്മിക്കുക.

★ പഞ്ചായത്തിൽ ഒരു സാംസ്കാരിക കേന്ദ്രവും ചിഷാപ്പിംഗ് കോപ്ലക്സും സ്ഥാപിക്കണം.

★ ലക്ഷംവീടുകൾ ഉള്ള പ്രദേശത്തും, ഹരിജൻ കോളനികൾക്കും ഒരു T.Vകോസ് നിർമ്മിക്കണം.

★ പഞ്ചായത്ത് സ്റ്റേഡിയം പുനരുദ്ധരിക്കുകയും സ്റ്റേജും ചുറ്റുമതിലും നിർമ്മിച്ച് അതിർത്തി സംരക്ഷിക്കുകയും വേണം.

നിലവിലുള്ള ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ

1. സി.എസ്.സി.ഡി - കണ്ടല
2. മഹിമ ആർട്ട്സ് ആൻറ് സ്പോർട്സ് - ചീനിവിള
3. പാലാഴി ആർട്ട്സ് ആൻറ് സ്പോർട്സ് - ചീനിവിള
4. നേതാജി സ്റ്റഡിസർക്കിൾ - കൊറ്റംപള്ളി
5. അഭയ മഹിളാസമാജം - കൊറ്റംപള്ളി
6. Y M A C-അരുമാളൂർ
7. ചൈത്രം കൾച്ചറൽ സൊസൈറ്റി - അരുമാളൂർ

8. ചലഞ്ചേസ് ആർട്സ് ആൻറ് സ്പോർട്സ് പുന്നാവൂർ
9. ആശ്രയ - പുന്നാവൂർ
10. ഗ്രാമശ്രീ - പൂവൻവിള
11. പൗരസമിതി - മേലാരിയോട്
12. DWCRA ലക്ഷ്മി മഹിളാസമാജം - അരുവിക്കര
13. നെഹ്റു ആർട്ട്സ് ആൻറ് സ്പോർട്സ് - പോപ്പുലർ ജംഗ്ഷൻ
14. DWCRA ലക്ഷ്മി മഹിളാസമാജം - വെള്ളൂർക്കോണം
15. മഹിളാസമാജം - തേവരക്കോട്
16. ഗുരുദേവ ആർട്ട്സ് ആൻറ് സ്പോർട്സ് - പാപ്പാകോട്
17. [illegible] ആർട്സ് [illegible] സ്പോർട്സ് - കീളിയോട് കളത്തുവിള
19. സുരഭി ആർട്ട്സ് ആൻറ് സ്പോർട്സ് - കളത്തുവിള
20. പ്രിയദർശിനി മഹിളാസമാജം - വണ്ടന്നൂർ
21. മഹിളാസമാജം - മണ്ണടിക്കോണം
22. പൗരസമിതി - മണ്ണടിക്കോണം
23. നവോദയ ആർട്ട്സ് ആൻറ് സ്പോർട്സ് - ചെമ്പരി
24. മഹാത്മാ ആർട്ട്സ് ആൻറ് സ്പോർട്സ് പോങ്ങുംമൂട്
25. സ്മൃതി സാംസ്കാരികവേദി - പോങ്ങുംമൂട്
26. ശിവജി ആർട്ട്സ് ആൻറ് സ്പോർട്സ് - കണ്ടല
27. സഹൃദയ സ്റ്റഡിസർക്കിൾ - കണ്ടല
28. രംഗശ്രീ - കുവളശ്ശേരി
29. സ്പോർട്ട്സ് ആൻറ് ആർട്സ് - പാൽക്കുന്ന്

[illegible]ള്ള ഗ്രന്ഥശാലകളുടെ വിവരം

		[illegible]ൻറ	നിലവിലുള്ള അംഗസംഖ്യ	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം	സർക്കാർ സഹായം	കീഴിൽ പ്രവർത്തിക്കുന്നവ
		[illegible]	947	6475	975	ഉണ്ട്	വായനശാല
		[illegible]ന്തം	356	5721	910	ഉണ്ട്	വായനശാല
	1952	വാടക		3984	880	ഉണ്ട്	വായനശാല
[illegible]ന ഗ്രന്ഥശാല -		സ്വന്തം					ഉണ്ട്
ചീന[illegible]ള	1960	സ്വന്തം	643	4894	813	ഉണ്ട്	വായനശാല
യുവജനസമാജം ഗ്രന്ഥശാല പോങ്ങുംമൂട്	1957	സ്വന്തം	493	5000	500	ഉണ്ട്	വായനശാല
ടാഗോർ സ്മാരക ഗ്രന്ഥശാല കളത്തുവിള							
കെ.വി.എം.ഗ്രന്ഥശാല - പ്ലാവുവിള							
പബ്ലിക് ലൈബ്രറി - റസ്സൽപുരം	1960	സ്വന്തം	582	4106	800	ഉണ്ട്	വായനശാല
നെഹ്റുസ്മാരക ഗ്രന്ഥശാല വെളിയംകോട്	1964	വാടക					
ചൈതന്യ ഗ്രന്ഥശാല - വണ്ടന്നൂർ							
എ.കെ.ജി.സ്മാരക ഗ്രന്ഥശാല - പുന്നാവൂർ							
ഉപാസന ഗ്രന്ഥശാല - വെണ്ണൂർക്കോണം	1973	വാടക	428	2778	650	ഉണ്ട്	വായനശാല
വി.കെ.കൃഷ്ണമേനോൻ സ്മാരക വായനശാല - ഊരുട്ടമ്പലം							വായനശാല

സഹകരണ പ്രസ്ഥാനം



ജനങ്ങളുടെ കൂട്ടായ സഹകരണത്തിലൂടെ ജനനന്മയ്ക്കു വേണ്ടി രൂപംകൊടുത്ത ഒന്നാണു സഹകരണപ്രസ്ഥാനം. കാർഷികം, വ്യവസായം, തൊഴിൽ, മാർക്കറ്റ് തുടങ്ങി എല്ലാ മേഖലകളിലും സഹകരണപ്രസ്ഥാനത്തിന്റെ സജീവമായ സാന്നിദ്ധ്യം ഉണ്ടായിക്കഴിഞ്ഞു. പക്ഷെ, ഈ ഗ്രാമത്തിൽ രണ്ടു സർവ്വീസ് സഹകരണബാങ്കുകളും, ക്ഷീരസഹകരണ സംഘങ്ങളും, ഏഴ് കൈത്തറി സഹകരണസംഘങ്ങളും, ഒരു ജോയിന്റു ഫാമിംഗ് സഹകരണസംഘവും ഒരു ഖാദിഗ്രാമ വ്യവസായസഹകരണസംഘവും മാത്രമേ സജീവമായി രംഗത്തുള്ളൂ.

സർവ്വീസ് സഹകരണബാങ്കുകളിൽ ഏറ്റവും പഴക്കമുള്ളത് ഊരുട്ടമ്പലം സർവ്വീസ് സഹകരണബാങ്കാണ്. മറ്റൊരു സ്ഥാപനം കണ്ടല സർവ്വീസ് സഹകരണബാങ്കാണ്. രണ്ടു സഹകരണസ്ഥാപനങ്ങളിലുമായി 13904 പേർ അംഗത്വമെടുത്തിട്ടുണ്ട്. കാർഷികവായ്പ, സാധാരണവായ്പ, സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള വായ്പ, സ്വർണ്ണപ്പണയ വായ്പ എന്നിവ ഈ സംഘങ്ങൾ നല്കുന്നുണ്ട്. എങ്കിലും ഈ ഗ്രാമത്തിലെ മൊത്തം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഇവ അപര്യാപ്തമാണ്. ഈ ഗ്രാമത്തിലെ സ്വകാര്യ ധനകാര്യസ്ഥാപനങ്ങളും ഊരുട്ടമ്പലത്തു പ്രവർത്തിക്കുന്ന സ്റ്റേറ്റു ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ശാഖയും ഈ വസ്തുതയിലേക്കാണു വിരൽ ചൂണ്ടുന്നത്. സർവ്വീസ് സഹകരണബാങ്കുകൾ കാർഷിക വായ്പകൾ വിതരണം നടത്തുന്നത് ഓരോ സീസണിലും ഓരോ കൃഷിക്കാണ്. മരിച്ചീനിക്കൃഷി, വാഴക്കൃഷി എന്നീ ഇനങ്ങളിൽ ഏതായിരിക്കണമെന്ന് മുകൾത്തട്ടിൽ നിന്നും തീരുമാനിക്കപ്പെടുന്നു. ആ കൃഷിക്കുവേണ്ടി നല്കുന്ന വായ്പയാകട്ടെ തികച്ചും അപര്യാപ്തവുമാണ്. കാർഷികരംഗത്ത് എത്ര രൂപ വേണ്ടി വരുമെന്നു തീരുമാനിക്കേണ്ടത് കർഷകനാണ്. നടത്തേണ്ട കൃഷി ഏതായിരിക്കണമെന്ന് തീരുമാനിക്കേണ്ടതും കർഷകനായിരിക്കണം. എന്തു കൃഷി ചെയ്താലും വായ്പ മതിയായ തോതിൽ വിതരണം നടത്തുകതന്നെ വേണം. കാർഷികേതര ആവശ്യങ്ങൾക്കും വായ്പകൾ ഉദാരമായി വിതരണം നല്കണം. വായ്പ വിതരണത്തിൽ വ്യവസ്ഥകൾ വയ്ക്കുന്നെങ്കിലും ഉല്പന്നങ്ങൾ വാങ്ങാൻ ഒരു ഏജൻസിയും നിലവിലില്ല. കാർഷികാവശ്യങ്ങൾക്കായി വായ്പകൾ വിതരണം നടത്തുന്ന മറ്റൊരു സ്ഥാപനമാണു മണ്ണടിക്കോണത്തു അടുത്തകാലത്തു പ്രവർത്തനം ആരംഭിച്ച ജോയിൻറ് ഫാമിംഗ് സഹകരണസംഘം. കാർഷികമേഖലയിൽ വളരെ വികസനം കാഴ്ചവയ്ക്കാൻ ഈ സംഘം പരിശ്രമിക്കേണ്ടതായിട്ടുണ്ട്. കടക്കെണിയിൽ നിന്നും കർഷകനെ മോചിപ്പിക്കാനും കാർഷികരംഗത്തു പ്രവർത്തിക്കുന്ന സംഘങ്ങൾ പരിശ്രമിക്കണം.

ക്ഷീരസഹകരണസംഘങ്ങൾ ഈ ഗ്രാമത്തിലെ ഏറ്റവും സജീവമായ സ്ഥാപനങ്ങളാണ്. അതിൽ പഴക്കമേറിയതും ഏറ്റവും കൂടുതൽ സേവനങ്ങൾ നല്കുന്നതുമായ സംഘം മാറനല്ലൂർ ക്ഷീര വ്യവസായസഹകരണസംഘമാണ്. ക്ഷീര സംഘങ്ങൾ പൊതുവെ പാൽ സംഭരിക്കുന്നതിലും വിപണനം നടത്തുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. പ്രാദേശികമായി വില്പന നടത്തുന്നതു കഴിച്ചു ബാക്കി പാൽ മിൽമക്കു വില്ക്കുന്നു. മിൽമ തീരുമാനിക്കുന്ന വില ഉല്പാദകനു നല്കുന്നു. മിൽമ പാൽ വില്ക്കുന്നതിനെക്കാൾ ലിറ്ററൊന്നിനു മൂന്നു രൂപയിലധികം കുറഞ്ഞ വിലയാണ് ഉല്പാദനകനു ലഭിക്കുന്നത്. പാലിൽ നിന്നു കുറച്ചു കൊഴുപ്പു മാറ്റിയാണ് മിൽമ പാൽ വില്ക്കുന്നത്. ഇങ്ങനെ മാറ്റപ്പെടുന്ന കൊഴുപ്പ് ക്ഷീരോല്പന്നങ്ങളുണ്ടാക്കാൻ ഉപയോഗിക്കുന്നു. ക്ഷീരസംഘങ്ങളുടെ പ്രയോജനം ഏറ്റവും കൂടുതൽ ലഭിക്കേണ്ട ക്ഷീരോല്പാദകനെക്കാൾ ഈ പ്രസ്ഥാനം കൊണ്ടുള്ള പ്രയോജനം സ്ഥാപനങ്ങൾക്കു കിട്ടുന്നു എന്നതാണ് ഏറ്റവും വലിയ പ്രശ്നം. ഈ അവസ്ഥക്കു പരിഹാരം കണ്ടെത്തിയേ കഴിയൂ.

പരമ്പരാഗതാ കൈത്തൊഴിൽ ചെയ്തുകൊണ്ടിരുന്ന കൈത്തറി നെയ്ത്തുതൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയാണ് കൈത്തറി സഹകരണസംഘങ്ങൾ നിലവിൽ വന്നത്. കൈത്തറി നെയ്ത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളിൽ അപൂർവ്വം ചിലരൊഴികെ മറ്റുള്ളവരൊക്കെ ആ രംഗത്തോടു വിട പറഞ്ഞു. പുതുതായി അധികമാരും ആ രംഗത്തേക്കു വരുന്നുമില്ല. രംഗത്തെത്തുന്നവർ സ്വകാര്യ സ്ഥാപ

ങ്ങളിൽ നെയ്ത്തിനു പോവുകയാണു ചെയ്യുന്നത്. കൂലി കുറവാണ് ഈ രംഗം വിടാൻ തൊഴിലാളികളെ പ്രേരിപ്പിച്ചത്. തറികൾ യന്ത്രസഹായത്തോടെ ഉല്പാദനക്ഷമത കൂട്ടാൻ യാതൊരു ശ്രമവും ഉണ്ടായിട്ടില്ല. ഭാഗികമായെങ്കിലും യന്ത്രവല്ക്കരണം നടത്തിയെങ്കിൽ ഈ രംഗത്ത് കൂടുതൽ തൊഴിലാളികൾ നില്ക്കുമായിരുന്നു. സഹകരണസംഘങ്ങൾ ഈ രംഗത്ത് കാലോചിതമായി മാറ്റങ്ങൾ വരുത്താൻ വലിയ പരിശ്രമങ്ങളൊന്നും തന്നെ നടത്തിയതായി കാണുന്നില്ല. ഈ മേഖലയിൽ കോടിക്കണക്കിനു രൂപ സർക്കാർ ചെലവിടുന്നുമുണ്ട്. പക്ഷെ വിപണനത്തിനു പ്രോത്സാഹനം നല്കുവാൻ മാത്രമാണ് ആ തുക വിനിയോഗിക്കുന്നത്. അതുകൊണ്ടാണ് കോടികൾ ചെലവഴിച്ചിട്ടും തൊഴിലാളികൾ രംഗം വിട്ടിരിക്കുന്നത്. റിബേറ്റു തുക കൃത്രിമക്കണക്കെഴുതി സ്വന്തമായിട്ടെടുക്കുന്ന സഹകാരികളും വിരളമല്ല. അത്തരക്കാർ വളരുന്നു എന്നതൊഴിച്ചാൽ നേരായ രീതിയിൽ സംഘം നടത്തിക്കൊണ്ടു പോകുന്ന സംഘം പ്രവർത്തകരും, തൊഴിലാളികളും തകർന്നു കൊണ്ടിരിക്കുകയാണ്. ഇത്തരം സഹകരസ്ഥാപനങ്ങളിൽ പലതിലേയും അംഗങ്ങൾക്കു ഈ തൊഴിലുമായി യാതൊരു ബന്ധവുമില്ല.

വനിതാ സഹകരണസംഘങ്ങളോ ഹരിജനഗിരിജന സഹകരണസംഘങ്ങളോ അവയുടെ സാന്നിദ്ധ്യം ഈ ഗ്രാമത്തിൽ ഇനിയും അറിയിച്ചിട്ടില്ല. വനിതകളുടെ ഇടയിൽ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായവരെ കണ്ടെത്തി അവർക്കു അതിനുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ചെയ്തു കൊടുക്കാൻ വനിതാ സഹകരണങ്ങൾക്കു കഴിയും. അവരുടെ ആവശ്യങ്ങൾ ഉന്നയിക്കാൻ അത്തരം സഹകരണസ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഹരിജനഗിരിജന സഹകരണസംഘങ്ങളുടെ പ്രാധാന്യം ഇക്കാലത്തു വർദ്ധിച്ചിരിക്കുകയാണ്. ന്യൂനപക്ഷമായ ഹരിജനങ്ങളുടെ ആവശ്യങ്ങൾക്കു അർഹമായ അംഗീകാരം മറ്റു സഹകരണസംഘങ്ങളിൽ നിന്നു ലഭ്യമാകണമെന്നില്ല. അതുകൊണ്ട് ഇത്തരം സഹകരണസംഘങ്ങൾ പ്രവർത്തനം തുടങ്ങേണ്ടതായിട്ടുണ്ട്.

കൺസ്യൂമർ സഹകരണസംഘങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. ഉപഭോക്താക്കൾ തന്നെ മാർക്കറ്റിലിടപെടുകയും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്നതാണ് ഈ സഹകരണസംഘങ്ങളുടെ ലക്ഷ്യം. വിലക്കയറ്റം നിയന്ത്രിക്കുവാൻ ഇത്തരം സ്ഥാപനങ്ങൾക്കു കഴിയും. ഗുണനിലവാരം ഉറപ്പാക്കാനും സാധിക്കും.

വായ്പകൾക്കു ജാമ്യം നല്കുന്നതിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് കാലാനുസൃതമായ മാറ്റം ഉണ്ടാകണം. ഭൂമിയില്ലാത്ത കർഷകനും, കർഷകത്തൊഴിലാളിക്കും മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നതിനും കാർഷികവിളയുടെ ജാമ്യത്തിൽ വായ്പകൾ വിതരണം നടത്തിയാൽ കൃഷിത്തൊഴിലിൽ ഏർപ്പെടുന്നതിനു കൂടുതൽ പേർ തയ്യാറാവും. അതുപോലെ തന്നെ മതിയായ ജാമ്യം നല്കാൻ കഴിയാത്ത തൊഴിൽ സംരംഭകർക്ക് തൊഴിൽ ശാലയുടെ തന്നെ ജാമ്യത്തിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള വായ്പകൾ വിതരണം നടത്തണം. വായ്പകൾ ദുർവ്വിനിയോഗം ചെയ്യാതിരിക്കുവാൻ വ്യവസ്ഥകൾ കർശനമാക്കിയാൽ മതിയാവുന്നതാണ്.

നാളികേരം, റബ്ബർ തുടങ്ങിയുള്ള കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനം, സംഭരണം, മാർക്കറ്റിംഗ് എന്നിവ അടിസ്ഥാനമാക്കിയുള്ള സഹകരണസംരംഭങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിക്കണം. കാർഷിക വ്യാവസായിക മേഖലകളെ അഭിവൃദ്ധിപ്പെടുത്തുവാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും ഇത്തരം സംഘങ്ങൾക്കു കഴിയും.

പാർപ്പിടത്തിനുവേണ്ടി ഭൂമി വാങ്ങാനും കെട്ടിടങ്ങൾ നിർമ്മിക്കാനും വായ്പകൾ നല്കുന്ന സഹകരണസംഘം ഈ പഞ്ചായത്തിലില്ല. നെയ്യാറ്റിൻകര താലൂക്ക് സഹകരണസംഘം ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം മന്ദഗതിയിലാണ്. ജാമ്യവ്യവസ്ഥയും ഉദാരമാക്കണം. പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനു ഇത്തരം സഹകരണസംഘങ്ങൾക്കു ഒരു പരിധിവരെ കഴിയും. ഭൂമി വാങ്ങി കെട്ടിടങ്ങൾ നിർമ്മിച്ചു നല്കുന്ന സ്വകാര്യ ഏജൻസികൾ നടത്തുന്ന ചൂഷണങ്ങളിൽ നിന്നും ഉപഭോക്താക്കളെ മോചിപ്പിക്കാൻ ഇത്തരം സംഘങ്ങൾക്കു കഴിയും.

സഹകരണസംഘങ്ങളിലെ അംഗത്വം നിക്ഷിപ്ത താല്പര്യങ്ങൾക്കു വിധേയമാണ് ഇപ്പോൾ. സംഘങ്ങൾ സ്വന്തം നിയന്ത്രണത്തിലാക്കുക എന്ന ഗൂഢമായ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നവരും ഈ രംഗത്ത് അപൂർവ്വമല്ല. അംഗത്വം അർഹരായ എല്ലാവർക്കും ലഭ്യമാക്കുവാൻ നടപടി ഉണ്ടാവുക തന്നെ വേണം. അപേക്ഷാഫോറങ്ങൾ നല്കാൻ പോലും അധികാരികൾ തയ്യാറാവുന്നില്ല. അംഗമാകാൻ നല്കപ്പെടുന്ന അപേക്ഷ കമ്മിറ്റികൾ സമയത്ത് അംഗീകരിക്കുകയോ അംഗീകരിക്കപ്പെട്ട അപേക്ഷകന്റെ പേരുവിവരം പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നില്ല.

മറ്റു പ്രദേശങ്ങളിലെ അംഗങ്ങളെ സംഘത്തിന്റെ നിയന്ത്രണം കൈക്കലാക്കുന്നതിനുവേണ്ടി അംഗമാകുന്ന പ്രവണത ചില സംഘങ്ങളിൽ കണ്ടുവരുന്നുണ്ട്. സഹകരണവകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇത്തരം പ്രവണതകൾക്കു കൂട്ടുനില്ക്കുകയുമാണ്. ഈ പ്രവണത അവസാനിപ്പിക്കുക തന്നെ വേണം.

സഹകരണസംഘങ്ങളിലെ കണക്കുകൾ ആഡിറ്റു ചെയ്യുന്നതിൽ വരുത്തുന്ന കാലവിളംബം പല പ്രശ്നങ്ങളും ഉണ്ടാ

ക്കുന്നു. ചടങ്ങിനുപോലും ഇൻസ്പെക്ഷൻ സംഘങ്ങളിൽ നടക്കാറില്ല.

സ്കൂൾ സഹകരണസംഘങ്ങൾ മിക്കവയും പ്രവർത്തനരഹിതമാണ് എന്നുതന്നെപ്പറയാം. ടെക്സ്റ്റു ബുക്ക് ഓഫീസ്സിൽനിന്നും പാഠപുസ്തകങ്ങൾ ഏറ്റുവാങ്ങി വില്പന നടത്തുകമാത്രമാണു പല സഹകരണസംഘങ്ങളുടെയും ആകെ പ്രവർത്തനം. പക്ഷെ, ആയിരമോ അതിലധികമോ വിദ്യാർത്ഥികളും അവരുടെ അദ്ധ്യാപകരുമടങ്ങിയ വിപുലമായ ഒരു ഉപഭോക്തൃനിര എല്ലാ സ്കൂളുകളിലുമുണ്ട്. ഏതെങ്കിലും ഒരു അദ്ധ്യാപകനായിരിക്കും സ്കൂൾ സഹകരണസംഘങ്ങളുടെ കണക്കുകൾ തയ്യാറാക്കുകയും വില്പന നടത്തുകയും ചെയ്യുന്ന ഓണറ്റിസെക്രട്ടറി. അദ്ധ്യാപകന്റെ പ്രവർത്തന സമയത്തിനിടക്കു തന്നെ സംഘത്തിന്റെ പ്രവർത്തനങ്ങളും നടത്തുകതന്നെ വേണം. അതുകൊണ്ടു തന്നെ സംഘത്തിന്റെ പ്രവർത്തനങ്ങൾ ശരിയാംവണ്ണം നിർവ്വഹിക്കാൻ കഴിയുന്നില്ല. പുറമേ നിന്ന് ഒരാളെ ഇതിന്റെ ചുമതലക്കാരനായി നിയമിക്കുകയാണെങ്കിൽ സ്കൂൾ സഹകരണസംഘങ്ങളുടെ പ്രവർത്തനം പുരോഗമിപ്പിക്കുവാൻ കഴിയും.

നിർദ്ദേശങ്ങൾ

★ സഹകരണസംഘങ്ങളിൽ അർഹതയുള്ള എല്ലാപേർക്കും അംഗത്വം നേടുന്നതിനു കഴിയുമാറ് നിയമഭേദഗതികൾ വരുത്തുകയും അംഗത്വം നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

★ സഹകരണസംഘങ്ങളിൽ വ്യാജ അംഗങ്ങളെ ചേർത്തു സംഘങ്ങൾ കൈപ്പിടിയിൽ ഒതുക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനുവേണ്ട നിയമഭേദഗതികൾ ഉണ്ടാക്കുക.

★ കാർഷിക വായ്പകൾ അർഹരായ എല്ലാപേർക്കും പര്യാപ്തമായ നിലയിൽ ലഭ്യമാകുന്നതിനുവേണ്ടി നിലവിലുള്ള വ്യവസ്ഥകളിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തണം.

★ കാർഷിക-വ്യാവസായിക വായ്പകൾ ഉല്പന്നങ്ങളുടെയും, ഉല്പാദന ഉപകരണങ്ങളുടെയും ജാമ്യത്തിൽ നല്കുന്ന വ്യവസ്ഥകൾ കൊണ്ടുവരണം.

★ കൈത്തറിരംഗത്ത് റിബേറ്റിനുവേണ്ടി ചെലവഴിക്കുന്നതുക ആ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും, ഉല്പാദനം കൂട്ടി തൊഴിലാളികൾക്ക് വരുമാനം കൂടുതലുണ്ടാകുന്ന തരത്തിൽ തറികൾ പരിഷ്കരിക്കുന്നതിനും വേണ്ടി ചെലവഴിക്കണം.

★ വനിത, ഹരിജൻ സഹകരണസംഘങ്ങൾ പ്രവർത്തിക്കുവാൻ നടപടി എടുക്കണം.

★ കൺസ്യൂമർ സഹകരണസംഘം ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം.

★ ഈ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണസംഘം രജിസ്റ്റർ ചെയ്യണം.


☆ നാളികേരം, റബ്ബർ തുടങ്ങിയ കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവ നടത്തുവാൻ കഴിയുന്നതരത്തിലുള്ള സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യണം.

★ സ്കൂൾ സഹകരണസംഘങ്ങളിൽ പെയിഡു ജീവനക്കാരെ നിയമിച്ചു അവയുടെ പ്രവർത്തനം വിപുലീകരിക്കണം.

☆ സഹകരണസംഘങ്ങളിൽ ആഡിറ്റ്, ഇൻസ്പെക്ഷൻ മുതലായവ കൃത്യസമയങ്ങളിൽ നടത്തി സംഘങ്ങളെ സംരക്ഷിക്കുവാനുള്ള ശ്രമം നടക്കണം.

☆ സംഘം കണക്കുകൾ രേഖാമൂലം അംഗങ്ങൾക്ക് വേണ്ട വ്യവസ്ഥകൾ സഹകരണസംഘം നിയമങ്ങളിൽ ഉണ്ടാക്കണം.

☆ പഞ്ചായത്തിന്റെ ഹൃദയഭാഗമായ പോങ്ങുംമൂട്ടിൽ I.O.B, ഇൻഡ്യൻ ബാങ്ക് ഇവയിൽ ഒന്നിന്റെ ശാഖ സ്ഥാപിച്ചു സാധാരണക്കാരെ സഹായിക്കുക.



മറ്റു സഹകരണസംഘങ്ങൾ (പ്രധാനപ്പെട്ടവ മാത്രം)

ക്രമനമ്പർ	സംഘത്തിന്റെ പേര്	ഏതു വിഭാഗം	അംഗങ്ങൾ	ഓഹരി വില (രൂപ)	ഓഹരി മൂലധനം (രൂപ)	വായ്പകൾ (നല്കിയവ) രൂപ	നിക്ഷേപങ്ങൾ (രൂപ)	വായ്പകൾ സ്വീകരിച്ചവ (രൂപ)	ജീവനക്കാർ	സർക്കാരിൽ നിന്നും ലഭിച്ച സബ് സിഡി ഗ്രാന്റു മുതലായവ	സ്ഥാപിച്ച വർഷം
1	മാറനല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘം	ക്ഷീ സ	2441	10	105640	225000	700000			1956	
2	റസൽപുരം ക്ഷീരോല്പാദന സഹകരണസംഘം	ക്ഷീ സംഘം	596	10	6610	ഇല്ല	ഇല്ല	ഇല്ല			1960
3	വെള്ളൂർക്കോണം ക്ഷീരോല്പാദന സഹകരണസംഘ										

കാർഷികവായ്പാ സംഘങ്ങൾ

ക്രമനമ്പർ	സംഘത്തിന്റെ പേര്	അനുവദിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	കാർഷിക വായ്പ	കാർഷികേതര വായ്പ	പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ	ജീവനക്കാർ
1	ഊരുട്ടമ്പലം സർവ്വീസ് സഹകരണ ബാങ്ക്	16.8.1100	M.E. ഊരൂട്ടമ്പലം, പെരുമുള്ളൂർ, മേലാരിയോട്, വണ്ടന്നൂർ മുതലായ വാർഡുകൾ	5029	1078277		11192689	4306368	5526033	1178277	ലാഭം	7
2	കണ്ടല സർവ്വീസ് സഹകരണ ബാങ്ക്	28.9.61	8875	1648145	1219073	8271329	7810398	5827074	1698145	ലാഭം	17	

ഹരിജനക്ഷേമം



മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ മുൻകാല ചരിത്രം പരിശോധിച്ചാൽ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പിന്നോക്കവസ്ഥയിലായിരുന്നു. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായിരുന്നു ഇക്കൂട്ടർ. സാമൂഹ്യനീതി ലഭിക്കാത്ത അവസ്ഥയായിരുന്നു. അടിമപ്പണി ചെയ്യാൻവേണ്ടി ജനിച്ചവർ എന്നാണ് ഉപരിവർഗ്ഗം ഇവരെ കരുതിയിരുന്നത്. കാർഷികമേഖലയിലെ കൂലിപ്പണികളായിരുന്നു ഇവരുടെ പ്രധാന ജീവിതമാർഗ്ഗം. സ്വന്തമായി ഭൂമിയില്ലാത്തവരായിരുന്നു ഭൂരിഭാഗം പേരും. കുടികിടപ്പുകാരായിരുന്നു മിക്കവാറും എല്ലാപേരും. സ്കൂളിൽ പഠിക്കാനും, ചായക്കടയിൽ നിന്ന് ചായ കുടിക്കാനും, ബാർബർഷാപ്പിൽ നിന്ന് മുടിവെട്ടിക്കാനും എന്തിനേറെ ക്ഷേത്രത്തിൽ ദർശനം നടത്തുന്നതിനുപോലും അവർക്ക് അവകാശം ഉണ്ടായിരുന്നില്ല. ഊരുട്ടമ്പലത്തുള്ള സ്കൂളിൽ പഞ്ചമി എന്നുപേരുള്ള ഹരിജൻകുട്ടിക്ക് അഡ്മിഷൻ നല്കിയപ്പോൾ സവർണ്ണർ ആ സ്കൂൾ തീവച്ചു നശിപ്പിച്ചു. തുടർന്നുണ്ടായ ലഹളയെ ''പുലയലഹള''യായി അറിയപ്പെടുന്നു.

ശ്രീ.അയ്യൻകാളിയുടെയും, ശ്രീ.കുമാരനാശാന്റെയും, ശ്രീ.നാരാണയഗുരുവിന്റെയും, പൊയ്കയിൽ ശ്രീ.കുമാരഗുരുദേവന്റെയും ആദർശങ്ങളും പുരോഗമന പ്രസ്ഥാനങ്ങളും ധീരമായ പ്രവർത്തനങ്ങളുടെയും ഫലമായി സാമൂഹ്യനീതി ഒരു പരിധിവരെ ലഭിക്കുന്നതിന് കഴിഞ്ഞു. ക്ഷേത്രപ്രവേശന വിളംബരവും ഇതിന് സഹായകമായിരുന്നു.

സാമൂഹ്യപീഢനങ്ങൾ അനുഭവിച്ച ഇക്കൂട്ടരുടെ മാനസികാപകർഷതാബോധം ഇപ്പോഴും നിലനില്ക്കുന്നു. കൃഷി കുറഞ്ഞു വന്നതോടുകൂടി മറ്റു തൊഴിലുകൾ പരിശീലിക്കാനും ശ്രമം തുടങ്ങി. വിദ്യാഭ്യാസരംഗത്ത് വളരെയധികം പിന്നോക്കാവസ്ഥയിലാണ് ഉന്നതവിദ്യാഭ്യാസം നേടിയവർ തുലോം കുറവാണ്. ബഹുഭൂരിപക്ഷവും വായനാശീലം കുറഞ്ഞവരുമാണ്. ശാസ്ത്ര-സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്നവരും വിരളമാണ്. വിദ്യാഭ്യാസ സ്വാതന്ത്ര്യം ലഭിച്ചെങ്കിലും ചില സൗജന്യങ്ങൾ ഈ രംഗത്തു ലഭിച്ചിട്ടും പ്രയോജനപ്പെടുത്തുന്നില്ല. ബഹുഭൂരിപക്ഷം ഹരിജനങ്ങളുടെ കോളനികളിലും, ചേരിപ്രദേശങ്ങളിലുമാണ് താമസിക്കുന്നത്. പുനരധിവാസ നിർമ്മാണപദ്ധതികൾ ഗവർമെൻറുകൾ നടപ്പാക്കുന്നുണ്ടെങ്കിലും പരിപൂർണ്ണ വിജയമാകുന്നില്ല. മറ്റു ആനുകൂല്യങ്ങളും സഹായങ്ങളും യഥാസമയം ലഭിക്കാതിരിക്കുക. കിട്ടുന്നതിൽ പ്രധാനപങ്കും ഇടനിലക്കാർ തട്ടിയെടുക്കുക എന്നിവ വേദനാകരമായ വസ്തുത സത്യമായി അവശേഷിക്കുന്നു. അങ്ങനെ സാമ്പത്തികമായും, സാമൂഹ്യമായും, രാഷ്ട്രീയമായും വളരെയധികം പിന്നോക്കമാണ് ഹരിജനങ്ങളുടെ സ്ഥിതി. സംഘടിതപ്രസ്ഥാനങ്ങളിലോ, രാഷ്ട്രീയ പ്രസ്ഥാനങ്ങളിലോ താല്പര്യക്കുറവ് ഇക്കൂട്ടരിൽ കണ്ടുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസനകാര്യത്തിൽ ഘോരപ്രസംഗങ്ങൾ നടത്തുന്ന രാഷ്ട്രീയക്കാരും നേതാക്കന്മാരിൽ പലരും തങ്ങളുടെ പ്രസംഗങ്ങൾ പ്രാവർത്തികമാക്കാൻ തയ്യാറാകുന്നില്ലാ എന്ന വസ്തുത ഖേദകരമാണ്. ഗിരിവർഗക്കാർ ഇനിയും വളരെ പുരോഗതി പ്രാപിക്കാനുണ്ട്. വിദ്യാഭ്യാസരംഗത്ത് ഇനിയും വളരെ മെച്ചപ്പെടാനുണ്ട്. അവരുടെ സങ്കേതമായ അരുവിക്കര വാർഡിൽ അച്ചത്തുകോണത്ത് യാത്രാക്ലേശം പ്രധാനമായി നിലനില്ക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ അംഗീകരിച്ച 18 ഹരിജൻ കോളനിയും 4 ഗിരിജൻ കോളനിയും നിലവിലുണ്ട്. കോളനികളായി അംഗീകരിക്കേണ്ട 10 പ്രദേശങ്ങൾ ഇനിയും ബാക്കി നില്ക്കുന്നു. ഭൂരിപക്ഷം പേർക്കും സ്വന്തമായി ഭവനം ഇല്ല. ഒരുവീട്ടിൽ രണ്ടു കുടുംബം എന്നരീതിയിൽ കുടുംബങ്ങൾ താമസിക്കുന്നു. വായനാശീലം വളർത്തിയെടുക്കുക വഴിയും സ്വയം തൊഴിലുകൾ പരിശീലിപ്പിച്ചും ഇവരുടെ ജീവിതരീതി മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. മതപരിവർത്തനം നടത്തിയതിന്റെ പേരിൽ ധാരാളം പേർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്നു. ജാതിയും മതവും തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി ലഘൂകരിക്കണം. അധികാരവർഗ്ഗത്തിന്റെ സമീപനത്തിൽ മാറ്റംവരുത്തണം. കോളനികൾ ഉണ്ടാക്കി കേന്ദ്രീകരിച്ച് താമസിപ്പിക്കുന്നതിനുപകരം മറ്റുള്ളവരുമായി ഇടകലർന്നു താമസിക്കുവാൻ കഴിയുന്ന തരത്തിൽ പ്രദേശങ്ങൾ തെരഞ്ഞെടുത്ത്

പർക്കും വീടുകൾ വച്ചു കൊടുക്കണം. കോളനികളിൽ വദ്യുതി എത്തിച്ചേർന്നു എങ്കിലും കോളനികളിൽ തിയ കുടുംബങ്ങൾ താമസമായിട്ടുള്ളവർക്ക് ഇനിയും വദ്യുതി നൽകേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

കോളനികളിലെ ജീവിതം ദുസ്സഹമാണ്. ജാതി, മതം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടു അനുഭവിക്കുന്നു.

സമൂഹത്തിൽ പീഡിതരാണ് എന്നുള്ള അപകർഷത നില നില്ക്കുന്നു. വേണ്ടത്ര വിദ്യാഭ്യാസ പുരോഗതി ഇല്ല. സാമ്പത്തിക പിന്നോക്കാവസ്ഥ, വായനാശീലം കുറവ്, സാങ്കേതിക പരിജ്ഞാനവും കുറവ്, മതപരിവർത്തനത്തിന് പ്രേരിപ്പിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ.

ഉയർന്ന ജാതിയിൽപ്പെട്ടവർ പലരും ഇന്നു പട്ടികജാതിയിൽപെട്ടവരെ പ്രായവ്യത്യാസം നോക്കാതെ പേരുപറഞ്ഞു വിളിക്കുന്ന സ്ഥിതി നിലനില്ക്കുന്നു.

നിയമ പരിരക്ഷയുടെ കുറവ്.

സ്വകാര്യമേഖലയിൽ സംവരണമില്ല.

പാർപ്പിടം ഇല്ല.

മാരകമായ അസുഖങ്ങൾ ഉണ്ടായാൽ ചികിത്സിക്കുന്നതിനുള്ള ശേഷിയില്ല.

മിക്ക കോളനികളിലും കുടിവെള്ളം ലഭിച്ചിട്ടില്ല.

പാറവിള പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

പുനരധിവാസ നടപടി സ്വീകരിക്കുമ്പോൾ കോളനികൾ പോലാകാൻ പാടില്ല.

ജാതി, മതം തെളിയിക്കുന്ന സർട്ടിഫിക്കറ്റു നൽകുന്ന നടപടി ലഘൂകരിക്കുക.

കച്ചവടം, ചായക്കട ഇവ തുടങ്ങുന്നതിനുള്ള പ്രോത്സാഹനം ചെയ്യുക, ഹരിജൻ കോംപ്ലക്സ് നിർമ്മിച്ച് നല്കുക.

ഹരിജൻ സൊസൈറ്റികൾ രൂപീകരിക്കുകയും ഇന്നുള്ള പ്രവർത്തനത്തിൽ മാറ്റം വരുത്തുകയും ചെയ്യുക.

★ ഭവനം ഇല്ലാത്തവർക്ക് ഭവനം നിർമ്മിക്കുക, ചികിത്സാധനം വർദ്ധിപ്പിച്ച് യഥാസമയത്തു നല്കുക.

★ മിശ്രവിവാഹം പ്രോത്സാഹിപ്പിക്കയും ധനസഹായം വർദ്ധിപ്പിക്കുകയും അവർക്ക് സർക്കാർ ഉദ്യോഗത്തിന് പ്രത്യേക സംവരണം ഏർപ്പെടുത്തുകയും ചെയ്യുക.

★ ഹരിജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കർശന നിയമം കൊണ്ടുവരുക.

★ ആദിവാസികൾ താമസിക്കുന്ന അച്ചത്തുകോണം റോഡ്, വെളിയംകോട് റോഡ്, പൂവൻവിള റോഡിന്റെയും പണി ആരംഭിക്കുക.

★ ഗിരിവർഗ്ഗ സൊസൈറ്റി രൂപീകരിക്കുക. കോളനികളിൽ ലൈബ്രറി നിർബന്ധമാക്കുക, ടി.വി. കിയോസ്കുകൾ നിർമ്മിക്കുക.

★ വിദ്യാഭ്യാസരംഗത്ത് പ്രാവീണ്യം തെളിയിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് വികസന പദ്ധതികൾ നടപ്പിലാക്കുക. ഹരിജൻ വനിതകൾക്ക് യന്ത്രവൽകൃത യൂണിറ്റ് സ്ഥാപിക്കുക.

★ പഠനത്തിനുള്ള പ്രോത്സാഹനം നൽകുക.

★ വിദ്യാഭ്യാസ മേഖലയിൽ നിന്നും കൊഴിഞ്ഞുപോയ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർവിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

★ സ്വകാര്യ സ്ഥാപനത്തിൽ സംവരണം നിർബന്ധമാക്കുക.

★ മഞ്ഞറമൂല, കിളിക്കോട്ടുകോണം, ഞാറന്തല കുറക്കോണം ഹരിജൻകോളനി റോഡുകൾ ബന്ധിപ്പിക്കുന്ന പാലവും റോഡും പണി നടത്തുക.

★ എരുത്താവൂർ പാറവിള കാട്ടുവിള പുല്ലുവരമ്പ് കീഴ്പാട്ടുവിള ഞാറന്തല അംബേദ്കർ കോളനിറോഡ് ഹരിജൻ കോളനി റോഡായി അംഗീകരിക്കുക. കണ്ടല, മഞ്ഞറമൂല, കിളിക്കോട്ടുകോണം കോളനികൾ ഐ.എച്ച്. ഡി.പി ആക്കി ഉയർത്തുക.

★ കണക്ക്, ഇംഗ്ലീഷ് വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകണം.

★ ഹരിജൻ വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കണം.

അംഗീകൃത കോളനികളും മറ്റു വിവരങ്ങളും (പട്ടികജാതി)

	കോളനികളുടെ പേര്	കുടുംബങ്ങളുടെ എണ്ണം	വൈദ്യുതി ഇല്ലാത്തത്	കുടിവെള്ളം ഇല്ലാത്തത്	ഗതാഗതം ഇല്ലാത്തത്	കുഴൽകിണർ വേണ്ടത്
1	കിളിക്കോട്ടുകോണം	31	ഭാഗികമായി ഉണ്ട്			
2	ഉണ്ടുവെട്ടി(IHDP-1993)	20	ഭാഗികമായി ഉണ്ട്			
3	കണ്ടല	58				
4	കുറകോണം - തെക്കേകുളമാംകുഴി	30				
5	ചെമ്പരി	18	ഭാഗികമായി ഉണ്ട്	ഭാഗികമായി ഉണ്ട്	ഭാഗികമായി ഉണ്ട്	
6	അഴകം	20	ഭാഗികമായി ഉണ്ട്	ഭാഗികമായി ഉണ്ട്	ഭാഗികമായി ഉണ്ട്	
7	കൈനിക്കര	29	ഉണ്ട്	ഇല്ല	ഇല്ല	ആവശ്യമാണ്
8	പ്ലാവിള (ഊരുട്ടമ്പലം)	20	ഉണ്ട്	ഉണ്ട്	ഉണ്ട്	വേണ്ട
9	കീഴ്പാട്ടുവിള (IHDP-92-93)	20	ഉണ്ട്	വേണം	ഇല്ല	വേണ്ട
10	മഞ്ഞറമൂല	56	ഭാഗികമായി ഉണ്ട്	ഉണ്ട്	ഉണ്ട്	വേണ്ട
11	കാട്ടുവിള	21	ഉണ്ട്	ഇല്ല	ഉണ്ട്	വേണം
12	വണ്ടന്നൂർ (അംബേദ്ക്കർ ഗ്രാമം)	35	ഉണ്ട്	ഇല്ല	ഭാഗികമായി ഉണ്ട്	വേണ്ട
13	കരിങ്ങൽ - കലമ്പാട്ടുകോണം	34				വേണ്ട
14	തേവരക്കോടു കളത്തുവിള	30				വേണ്ട
15	പാറയിൽ വിളാകം	23				
16	നെല്ലിക്കാട് ഇലവഞ്ചിത്തലയ്ക്കൽ	20	ഇല്ല	ഇല്ല	ഇല്ല	വേണം
17	ചാരണിക്കുഴി	14	ഭാഗികമായി ഉണ്ട്	ഉണ്ട്	ഉണ്ട്	വേണ്ട
18	പറയ്ക്കോണം	15	ഉണ്ട്	ഇല്ല	ഇല്ല	വേണ്ട
	ആകെ	494				

അംഗീകരിച്ച കോളനിയുടെ പേരും 1996-ൽ നിലവിലുള്ള കുടുംബം

1	കിളിക്കോട്ടുകോണം	31 കുടുംബം
2	ഉണ്ടുവെണ്ടി ഐ.എച്ച്.ഡി.പി. 1993	76 കുടുംബം
3	കണ്ടല	70 കുടുംബം
4	കുറകോണം തെക്കെ കുളമാങ്കുഴി	34 കുടുംബം
5	ചെമ്പരി	25 കുടുംബം
6	അഴകം	24 കുടുംബം
7	കൈനിക്കര	46 കുടുംബം
8	പ്ലാവിള (ഊരുട്ടമ്പലം)	40 കുടുംബം

9	കീഴ്പ്പാട്ടുവിള ഐ.എച്ച്.ഡി.പി 1993	30 കുടുംബം
10	മഞ്ഞറമൂല	68 കുടുംബം
11	കാട്ടുവിള	27 കുടുംബം
12	വണ്ടന്നൂർ അബ്ദ്കർ ഗ്രാമം	38 കുടുംബം
13	കരിങ്ങൽ കലമ്പാട്ടുകോണം	34 കുടുംബം
14	തേവരക്കോടു കളത്തുവിള	34 കുടുംബം
15	പാറയിൽവിളാകം	30 കുടുംബം
16	നെല്ലിക്കാടു ഇലവഞ്ചിത്തലയ്ക്കൽ	24 കുടുംബം
17	ചാരിണിക്കുഴി	17 കുടുംബം
18	പറയ്ക്കോണം	15 കുടുംബം

അംഗീകൃത പട്ടികവർഗ കോളനികളുടെ പേരും മറ്റു വിവരങ്ങളും

	പേര്	എണ്ണം	ഗതാഗതം ഇല്ലാത്തത്	വൈദ്യുതി ഇല്ലാത്തത്	കുടിവെള്ളം ഇല്ലാത്തത്
1	അച്ചത്തുകോണം	12	ഇല്ല		ഇല്ല
2	വെളിയംകോട്	5			
3	അഴകം	6			
4	തുമ്പോട്ടുകോണം	7	ഇല്ല	ഇല്ല	ഇല്ല
	ആകെ	30			

അംഗീകരിക്കാത്തവയിൽ കൂടുതൽ ഹരിജനങ്ങൾ താമസിക്കുന്ന സ്ഥലങ്ങളും മറ്റുവിവരങ്ങളും

കോളനിയുടെ പേര്	എണ്ണം	കുടിവെള്ളം ലഭിക്കാത്തത്	വൈദ്യുതി ഇല്ലാത്തത്	യാത്രാസൗകര്യം ഇല്ലാത്തത്
മയിലാടുംപാറ	20			
കുക്കിറിണി	50			
ഇടവംപറമ്പ്	20			
മലവിള (കുക്കിരിപ്പാറ)	20	ഇല്ല	ഇല്ല	
കൂവളശ്ശേരി മഠത്തുവിളാകം	20		ഇല്ല	
പുത്തൻകാവു കാട്ടുവിള	20			
പോങ്ങുവിള മണ്ണടിക്കോണം	20		ഇല്ല	ഇല്ല
കൊങ്ങംകോട്	12	ഇല്ല	ഇല്ല	ഇല്ല
മൂങ്ങനാട്ടുകുഴി	12	ഇല്ല		ഇല്ല
കുവക്കോണം പാറവിള	28	ഇല്ല	ഇല്ല	ഇല്ല
കാട്ടുവിള പുല്ലുവരമ്പ്	16	ഇല്ല	ഇല്ല	ഇല്ല

വിഭവ സമാഹരണം



ഈ ഗ്രാമത്തിന്റെ കിഴക്കുഭാഗത്തുകൂടെ നെയ്യാർനദി ഒഴുകുന്നു. കുന്നുകളും പാറക്കൂട്ടങ്ങളും നിറഞ്ഞ ഇരു കരകളും വൻമരങ്ങളും കുറ്റിക്കാടുകളും കൊണ്ടു ആ പ്രദേശം മനോഹരമായിരുന്നു. വിശാലമായ കുളങ്ങൾ ഗ്രാമത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ടായിരുന്നു. എപ്പോഴും തെളിനീരൊഴുകിയിരുന്ന കൊച്ചുകൊച്ചു തോടുകൾ എങ്ങും കാണാമായിരുന്നു. ജലം സമൃദ്ധമായിരുന്ന ഒരു ഗ്രാമമായിരുന്നു നമ്മുടേത്. വയലേലകളിൽ കനകം കൊയ്യാൻ ഇതുമൂലം കഴിയുമായിരുന്നു.

കേരളസർക്കാർ പ്രസിദ്ധീകരിച്ച കേരളത്തിന്റെ ഭൂവിഭവങ്ങൾ എന്ന ഗ്രന്ഥത്തിൽ നേമം ബ്ലോക്ക് വൈഡൂര്യക്കല്ലുകൾ ധാരാളമായുള്ള ഭൂവിഭാഗമായി രേഖപ്പെടുത്തിയിട്ടുണ്ട്.

കെട്ടിടനിർമ്മാണത്തിനാവശ്യമായ ആറ്റുമണൽ നെയ്യാറിൽ ധാരാളമായി ഉണ്ട്. അതുപോലെ കളിമൺപ്രദേശങ്ങൾ ഒട്ടനവധി ഉള്ളതുകൊണ്ടു ഇഷ്ടികവ്യവസായത്തിനും ഈ ഗ്രാമം അനുയോജ്യമാണ്. കരിങ്കൽ പാറകളുടെ ഒരു വൻശേഖരം തന്നെ ഈ ഗ്രാമത്തിലുണ്ട്.

ഏതു കൃഷിക്കും അനുയോജ്യമാണ് ഈ ഗ്രാമം. അദ്ധ്വാനിക്കുവാൻ ശേഷിയുള്ള ഒരു വലിയ സമൂഹം തന്നെ ഈ ഗ്രാമത്തിലുണ്ട്. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച യുവതീയുവാക്കളുടെ എണ്ണവും കുറവല്ല. പൊതുവെ അദ്ധ്വാനശീലരാണ് ഈ ഗ്രാമവാസികൾ.

ദീർഘവീക്ഷണമില്ലാത്തതുകൊണ്ട് പൊതുകുളങ്ങൾ മിക്കതും നികന്നുകഴിഞ്ഞു. അഞ്ചേക്കറോളം വിസ്തൃതിയുണ്ടായിരുന്ന തൂങ്ങാമ്പാറയിലെ പെരുംകുളം ഇന്നു നാലിലൊന്നായി ചുരുങ്ങി. പല കുളങ്ങളെയും പലരും കയ്യേറി നികത്തി കൃഷി ചെയ്തിരിക്കുകയാണ്. ഈ ഗ്രാമത്തിൽ മുമ്പുണ്ടായിരുന്ന ജലവിഭവത്തെ വീണ്ടും പുനസ്ഥാപിക്കുവാനും ഈ ഗ്രാമത്തിന്റെ മൊത്തം കൃഷി ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യേണ്ടത് അടിയന്തിരമായ കടമയാണ്. അതിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. നെയ്യാർനദീജലവും ആസൂത്രിതമായിത്തന്നെ ചൂഷണം ചെയ്യണം. കുടിവെള്ളത്തിനും കൃഷിക്കും ഈ നദീജലത്തെ പ്രയോജനപ്പെടുത്താം. നെയ്യാർ വലതുകരത്തോടിലെ ജലത്തേയും കാർഷികാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. ഈ ഗ്രാമത്തിലെ വളരെ കുറച്ചു കൃഷിസ്ഥലങ്ങൾക്കു മാത്രമേ ഇന്നു ഈ കനാൽ പ്രയോജനപ്പെടുന്നുള്ളൂ. ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടെ നമ്മുടെ ഗ്രാമത്തെ രണ്ടായി പകുത്തുകൊണ്ടൊഴുകുന്ന ഈ കനാലിനെ ശരിയായി ചൂഷണം ചെയ്താൽ ഈ പഞ്ചായത്തിനെ ഹരിതാഭമാക്കുന്നതിന് അതു സഹായിക്കും. അതുപോലെ തന്നെ പഴയ തോടുകളെയും ജലവാഹിനികളാക്കണം. കുളങ്ങൾ പുനസ്ഥാപിക്കപ്പെട്ടാൽ ഇതു സാദ്ധ്യമാകും. കഴിഞ്ഞ കാലങ്ങളിൽ ജലസേചനത്തിനുള്ള തോടുകളെ സംരക്ഷിക്കുന്ന ധാരാളം പദ്ധതികൾ ഇവിടെ നടന്നിരുന്നു. കുളങ്ങൾ ശരിയായി സംരക്ഷിക്കപ്പെടാതെ ഇത്തരം പദ്ധതികൾ നടത്തിയപ്പോൾ അവ വെറും ഓടസംരക്ഷണമായി മാറിപ്പോയി. ജനപ്രിയ പരിപാടികളായ തോടുകൾക്കു കുറുകെ സ്ലാബുകൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം കൊടുത്തത്. സ്ലാബുകൾ അത്യാവശ്യവുമാണ്. പക്ഷെ തോടുകളിലൂടെ ജലം ഒഴുകാത്തതിനെക്കുറിച്ചു ചിന്തിക്കുകയോ അതിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയോ ഉണ്ടായില്ല.

നെയ്യാർ നദിയിൽ വർഷകാലങ്ങളിൽ വന്നടിയുന്ന സമൃദ്ധമായ ആറ്റുമണൽ ഒരു നല്ലവിഭവം തന്നെയാണ്. പരിസ്ഥിതി പ്രശ്നം ഉണ്ടാകാത്ത നിലയിൽ അതു ചൂഷണം ചെയ്യാവുന്നതാണ്. മണൽ ലേലം ചെയ്തു കൊടുക്കുന്ന ഇന്നത്തെ രീതിമാറ്റി പഞ്ചായത്തിനു കൂടുതൽ വരുമാനമുണ്ടാക്കുവാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ലേലം കൊള്ളുന്ന ആൾ കരയോടു ചേർന്ന പ്രദേശത്തേയും കരയെത്തന്നെയും ഇടിച്ചു മണ്ണുകോരി പരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മണൽ കോരുന്ന ജോലി കോൺട്രാക്ടായിക്കൊടുത്ത് പഞ്ചായത്തു മണൽ സംഭരിച്ചു വില്ക്കുന്നതായാൽ കൂടുതൽ വരുമാനമുണ്ടാക്കാനും പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കാനും കഴിയുന്നതാണ്.

നല്ല കരിങ്കൽപ്പാറ സമൃദ്ധമായുള്ള ഒരു പ്രദേശമാണിത്. ഇന്ന് ഇഷ്ടംപോലെ ഈ പാറയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. പാറകൾ മുമ്പു പൊട്ടിക്കുകയായിരുന്നുവെങ്കിൽ ഇന്നു ഖനനം ചെയ്യുന്നു എന്നു പറയുന്നതാവും ശരി. പാറകൾ പൊട്ടിച്ച സ്ഥലങ്ങൾ അഗാധങ്ങളായ കുഴികളായി മാറിക്കഴിഞ്ഞു. ഇനിയെങ്കിലും ശരിയായ ആസൂത്രണം ഈ മേഖലയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

നെയ്യാർ നദിക്കരയിലുള്ള വൈഡൂര്യം ഖനനം ചെയ്യേണ്ടതാണ്. മുമ്പ് ഈ നദിക്കരയിൽ പല വ്യക്തികളും ഖനനം നടത്തി വിലപിടിപ്പുള്ള കല്ലുകൾ ശേഖരിച്ചു വിറ്റിട്ടുണ്ട്. ബന്ധപ്പെട്ട അധികാരികൾ കണ്ടിട്ടും കാണാതെ കഴിഞ്ഞു. ശരിയായ തരത്തിലുള്ള പഠനം നടത്തി ഈ വിഭവത്തെ ചൂഷണം ചെയ്യാവുന്നതാണ്.

അതിമനോഹരമായ ഭൂപ്രകൃതിയാണ് നെയ്യാർ നദിക്കരയായ അരുവിക്കരക്ക്. അത് കലാപരമായി സംരക്ഷിച്ചു നദിയിൽ കൊച്ചു ബോട്ടുകൾ ഓടിക്കുവാൻ തക്കതരത്തിൽ സംവിധാനം ചെയ്യണം. ഇരുകരകളും പഞ്ചായത്തു അകപ്പെട്ടു ചെയ്തു ഔഷധത്തോട്ടങ്ങളും പൂന്തോട്ടങ്ങളുമുണ്ടാക്കണം. നദിയെ വൃത്തിയാക്കി ജലം കുറയുമ്പോൾ അക്കരെ കടന്നുപോകാൻ കഴിയുമാറ് പാറകൾ കോൺക്രീറ്റു ചെയ്ത് ഉറപ്പിച്ചു കൂടുതൽ മനോഹരമാക്കാൻ കഴിയും. മുഴമേറിയ ആറ്റുകടവ് വട്ടം എന്നീ പ്രദേശങ്ങളിലെ മണൽ മാറി ബോട്ടിങ്ങിനു പറ്റിയതാക്കണം. കുന്നിൻ ചെരുവിൽ ചെറിയ വേനൽക്കാല കുടിലുകൾ നിർമ്മിച്ച് വിനോദയാത്രക്കാർക്ക് വിശ്രമിക്കാൻ വാടകയ്ക്കു നല്കാം. ടൂറിസം വികസിപ്പിക്കുന്നതിലൂടെ പഞ്ചായത്തിനു വരുമാനമുണ്ടാക്കാനും കഴിയും.

കളിമൺ പ്രദേശങ്ങൾ ഈ ഗ്രാമത്തിൽ ധാരാളമുണ്ട്. ഇഷ്ടികനിർമ്മാണം അപ്രധാനമല്ലാത്ത ഒരു ഗ്രാമമാണിത്. ഭാഗികമായ യന്ത്രസഹായത്തോടെ ഇഷ്ടിക നിർമ്മാണം നടത്തുന്ന ഒരു കേന്ദ്രവും ഈ പ്രദേശത്തുണ്ട്. ഇഷ്ടിക നിർമ്മാണത്തിനായി മണ്ണെടുക്കുമ്പോൾ വയലുകൾ കുഴിയായി വെള്ളം കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷവും നിലവിലുണ്ട്. പരിസ്ഥിതിക്കു വലിയ കുഴപ്പങ്ങൾ ഉണ്ടാകാത്ത തരത്തിൽ ഇത്തരം വ്യവസായങ്ങൾ നടത്തണം.

നെയ്യാർ നദീജലത്തെയും കുളങ്ങളെയും മത്സ്യബന്ധനത്തിനായി പ്രയോജനപ്പെടുത്താൻ കഴിയും. പഞ്ചായത്തിലെ ഓട്ടോ, കാർ എന്നിവയ്ക്കു സ്റ്റാൻറ് നിർമ്മിച്ചു നല്കി അവിടെ പാർക്കു ചെയ്യുന്ന വാഹനങ്ങളിൽ നിന്നും ചെറിയ ഒരു തുക ഈടാക്കി വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. ആഡംബരപൂർണ്ണമായ വീടുകൾക്ക് മറ്റു വീടുകളിൽ നിന്നും ഈടാക്കുന്നതിനെക്കാൾ കൂടുതൽ നികുതി ചുമത്താൻ നിയമമുണ്ടാക്കണം. വലിയതും ആഡംബരപൂർണ്ണവുമായ വീടുകൾ നിർമ്മിക്കുന്നതു നിരുത്സാഹപ്പെടുത്തുകയും അത്തരക്കാരെക്കൊണ്ട് ആ പണം ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനോ സൃഷ്ടിപരമായ മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനോ പ്രേരിപ്പിക്കുവാൻ കഴിയണം.

പ്രകൃതി വിഭവങ്ങളെയും കാർഷിക വിഭവങ്ങളെയും കുറിച്ചു പഠനം നടത്തുന്ന ഒരു ഏജൻസി ഉണ്ടാകണം.

പട്ടിക - 1
വരവ് 1991-92 മുതൽ 1995-96 വരെ

വർഷം	കെട്ടിടനികുതി	തൊഴിൽ നികുതി	വിനോദ നികുതി	ഉപാധിരഹിത ഫണ്ട്	ലൈസൻസ് ഫീസ്	ഗ്രാൻറുകൾ	വസ്തുകൈമാറ്റ നികുതി	പലവക	ആകെ
91-92	146677.00	77950.00	9971.00	258000.00	2870.00	29203.00	124445.00	428403.19	1048316.19
92-93	98099.00	57676.00	8025.66	270650.00	2391.00	354282.00	251932.00	82677.54	1125733.20
93-94	106080.00	61310.00	8122.00	291900.00	2147.00	216098.00	281441.00	135339.96	1102437.96
94-95	152800.00	74635.00	6658.80	389500.00	89056.00	—	—	42741.40	755391.20
95-96	155182.30	101415.00	7500.00	411970.00	4385.00	157090.00	152897.00	715821.60	1706260.90

പട്ടിക - 2
വരവ് — ചെലവ് സംക്ഷിപ്തം

വർഷം	വരവ്	ചെലവ്	ഫണ്ട്
91-92	1048316.19	812260.00	(+)
92-93	1125733.20	1080811.00	(+)
93-94	2603500.00	2769500.00	(-)
94-95	755391.20	953156.00	(-)
95-96	1706260.90	1124723.40	(+)

പട്ടിക-3

വിവിധ വകുപ്പ് പ്രകാരം ലഭിച്ച തുക

1995/96 മുതൽ 11/96 വരെ

1995/1996						
	കൃഷി	മൃഗസംരക്ഷണം	ക്ഷീരവ്യവസായം	SC/ST	PHE	ആയുർവേദം
വരവ്	2,00,000	—	500.00	—	1400.00	
ചെലവ്	91000.00	1148.00	—	500.00	—	1050.00

4/96 — 11/96						
	കൃഷി	മൃഗസംരക്ഷണം	ക്ഷീരവ്യവസായം	SC/ST	PHE	ആയുർവേദം
വരവ്	—	1000.00	18300.00	3000.00	3000.00	2900.00
ചെലവ്	29500.00	1000.00	—	3000.00	—	1575.00



MINERAL RESOURCES OF KERALA

SCALE



KARNATAKA

KASARAGOD

KANNUR

MAHE

KOZHIKODE

MALAPPURAM

PALAKKAD

THRISSUR

ERNAKULAM

KOTTAYAM

ALAPPUZHA

TAMIL NADU

THIRUVANANTHAPURAM

LAKSHADWEEP SEA

LEGEND

RESERVES (IN MILLION TONNES) 1975-76

5
4
3
2
1

Not Quantified

BAUXITE

CLAY

GRAPHITE

ILMENITE

IRON ORE

GLASS SAND

LOCATIONS OF CLAY DEPOSITS

1 KARIVATTUR
2 MULANTHURUTHI
3 KOZHIMEDU
4 KANJIRAMATTAM
5 THAMARAKULAM
6 KUNDARA
7 CHATHANUR
8 NALLILA.
9 MULAVANA
10 PALLIPURAM
11 MANGALAPURAM
12 CHILAMPIL
13 AKULAM

SOURCE :- CESS - ATLAS

PROCESSED BY KERALA STATE LAND USE BOARD

പരിസ്ഥിതി

പ്രകൃതിയുടെ പരിസ്ഥിതിക്ക് ഒരു കോട്ടവും ഉണ്ടാകാത്ത തരത്തിലുള്ള കാർഷികവൃത്തിയും ജീവിതശൈലിയുമാണ് ഇവിടെ മുമ്പു നിലനിന്നിരുന്നത്. ജനസംഖ്യ വർദ്ധനവ് നമ്മുടെ പരിസ്ഥിതിക്ക് വമ്പിച്ച ക്ഷതങ്ങളാണ് ഏല്പിച്ചു കളഞ്ഞത്. നമ്മുടെ പ്രകൃതിയെത്തന്നെ മാറ്റിമറിച്ചു കളഞ്ഞു. മുൻതലമുറയിൽ നിന്നു സ്വീകരിച്ച ഈ സമ്പത്തിനെ ശരിയായി സംരക്ഷിച്ചുവരുന്ന തലമുറകൾക്കു കൈമാറേണ്ട നമ്മുടെ ബാദ്ധ്യതയെപ്പറ്റി നാം മറന്നുകളഞ്ഞു.

മനോഹരമായ ആറ്റുതീരവും തോടുകളും കരകളിടിഞ്ഞു നശിച്ചു കഴിഞ്ഞു. അണപ്പാട് തോടിൻകരകൾ ശരിയായ സംരക്ഷണമില്ലാത്തതുകൊണ്ട് മണ്ണിടിഞ്ഞു കരകൾ അഗാധമായ കുഴികളായി മാറിക്കഴിഞ്ഞു. ശരിയായ സംരക്ഷണം നല്കാത്തതിനാൽ മിക്കവാറും കുളങ്ങൾ നികന്നു പോയി. കുളക്കരകൾ കയ്യടക്കി കുളങ്ങളുടെ വിസ്തൃതിയാകെ കുറഞ്ഞുപോയി. ജലസ്രോതസിനെ ആകെ ഇല്ലാതാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

തോടുകൾ നികത്തി റോഡുകളുണ്ടാക്കുന്ന പ്രവണതയും ഇപ്പോൾ വർദ്ധിച്ചു വരികയാണ്. വയലുകൾ ദീർഘകാലവിളകളായ തെങ്ങ്, റബ്ബർ തുടങ്ങിയവക്കായി മാറ്റിക്കൊണ്ടിരിക്കുന്ന പ്രവണതയോടൊപ്പം തന്നെ ഗൗരവമായി തോടുകളെ റോഡുകളാക്കി മാറ്റുന്ന പ്രവണതയേയും കാണേണ്ടതാണ്. തോടുകൾ പുതുതായി നിർമ്മിക്കുവാൻ ഉള്ള ശ്രമം നടന്നില്ലെങ്കിൽപ്പോലും പഴയവയെ എങ്കിലും നിലനിറുത്തേണ്ടത് അത്യാവശ്യമാണ് എന്ന ബോധം ഉണ്ടാകണം. തോടുകൾ റോഡുകളാവുമ്പോൾ വയലുകൾ നികന്നു പോകും.


ഗതാഗതത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള റോഡുകൾ പല സ്ഥലങ്ങളിലും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. റോഡിനോടൊപ്പം ഓടകളും ഉണ്ടാകണം. റോഡുകളിൽ കലിങ്കുകൾ കെട്ടി ജലനിർഗ്ഗമനം എളുപ്പത്തിലാക്കണം. കൃഷിയിടങ്ങൾ ഓടകളാകുന്ന തരത്തിലാവാൻ പാടില്ല കലിങ്കുകൾ ഉണ്ടാക്കുന്നത്.


മരങ്ങൾ വച്ചുപിടിപ്പിക്കുവാൻ യാതൊരു പദ്ധതികളും ഇല്ലെന്നുതന്നെപ്പറയാം. ഉള്ള മരങ്ങളാകെ വെട്ടിനശിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. മരങ്ങൾ നിശബ്ദമായി ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള ബോധം സമൂഹത്തിനാകെ ഉണ്ടാകേണ്ടിയിരിക്കുന്നു. മണ്ണൊലിപ്പുതടയാൻ, ഉപരിതല ജലത്തെ ഭൂമിയുടെ ഉള്ളിലേക്കു കൊണ്ടുപോകാൻ, അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ അളവു കുറച്ച് ഓക്സിജന്റെ അളവുകൂട്ടാൻ ഒക്കെ മരങ്ങൾ വേണം. എന്നാൽ യൂക്കാലിപ്റ്റസ് തുടങ്ങിയുള്ള മരങ്ങൾ മണ്ണിലെ ജലാംശത്തെ മുഴുവൻ നശിപ്പിക്കുന്നു എന്ന അറിവും സമൂഹത്തിനുണ്ടാകണം.

മണ്ണൊലിപ്പു നമ്മുടെ ഭൂമിയെ വികൃതമാക്കിക്കൊണ്ടിരിക്കുകയാണ്. മണ്ണുസംരക്ഷണപദ്ധതികൾ മതിയായ അളവിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു പറ്റിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

വ്യവസായശാലകൾ നന്നെ കുറവാണ് ഈ ഗ്രാമത്തിൽ. അതുകൊണ്ടു തന്നെ വ്യവസായശാലകൾ കൊണ്ടു പരിസരം മലിനമാകുന്ന സ്ഥിതിവിശേഷവും ഇവിടെ കുറവാണ്. എന്നാൽ പഞ്ചായത്തിൽ ഒരുഭാഗത്ത് മരിച്ചീനി, കൂവ എന്നിവയുടെ മാവു നിർമ്മിക്കുന്ന കേന്ദ്രത്തിലെ അവശിഷ്ടങ്ങൾ ഒഴുകി ഒരു തോടിനെയാകെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇവ പരിസരമലിനീകരണമുണ്ടാകാത്ത തരത്തിൽ സംസ്കരിക്കുവാൻ മില്ലുടമകളെ പ്രേരിപ്പിക്കേണ്ടതാണ്.

അശാസ്ത്രീയമായി പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുന്നതുകൊണ്ട് പല പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. പാറപൊട്ടിക്കൽ, ഇഷ്ടിക നിർമ്മാണത്തിനായി മണ്ണെടുക്കൽ എന്നിവകൊണ്ടും ഇവിടെ പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. പാറപൊട്ടിച്ച സ്ഥലങ്ങളിലും, കളിമണ്ണെടുത്ത സ്ഥലങ്ങളിലും അഗാധങ്ങളായ കുഴികളുണ്ടായി നീർവാർച്ചയില്ലാത്ത തടാകങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു.


ADMINISTRATIVE
MAP OF
KERALA
SCALE
0 15 30 45 60Km
KARNATAKA
TAMILNADU
LAKSHADWEEP SEA
KASARAGOD
KANNUR
WAYANAD
KOZHIKODE
MALAPPURAM
PALAKKAD
THRISSUR
ERNAKULAM
IDUKKI
KOTTAYAM
ALAPPUZHA
PATHANAMTHITTA
KOLLAM
THIRUVANANTHAPURAM
REFERENCE
STATE BOUNDARY
DISTRICT BOUNDARY
IMPORTANT ROAD
RAILWAY
STATE HQ.
IMPORTANT PLACES
DISTRICT HQ.



മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഭൂപടം